മൗലിക സത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 12 ഡിസംബർ 2014 ലക്കം 12



## താഴ്മയും സത്യസന്ധതയും ഇരട്ടപിറന്ന സഹോദരങ്ങൾ

സാക് പുന്നൻ

JEEVAMOZHIKAL
ജീവമൊഴികൾ
നാഥാ... നിത്യജീവന്റെ മൊഴികൾ
നിന്റെ പക്കലുണ്ടല്ലോ *(യൊഹ. 6:68)*
വാല്യം 12 ഡിസംബർ 2014 ലക്കം 12

**വാർഷിക വരിസംഖ്യ**

| | |
|---|---|
| ഇന്ത്യയിൽ | Rs.100/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.700/- |

എം.ഒ./ഡി.ഡി.
അയയ്ക്കേണ്ട വിലാസം:
ജീവമൊഴികൾ
കുമാരനല്ലൂർ പി.ഒ., കോട്ടയം
കേരള - 686 016.
ഫോൺ 0481-2391519, 8281027519
e-mail: jeevamozhikal@gmail.com
www.jeevamozhikal.org

മാസിക സംബന്ധിച്ചും
കൂടിവരവുകൾ സംബന്ധിച്ചും
കൂടുതൽ വിവരങ്ങൾക്ക്:

| | |
|---|---|
| തിരുവനന്തപുരം | 9496100850 |
| ആലപ്പുഴ | 9447597048 |
| തിരുവല്ല | 9495204619 |
| കോഴഞ്ചേരി | 9446650658 |
| പെരുവ | 9446096355 |
| കൂത്താട്ടുകുളം | 9447820090 |
| തൃശ്ശൂർ | 9349745575 |
| പാലക്കാട് | 9495228673 |
| നെല്ലിപ്പൊയ്യിൽ (കോഴിക്കോട്) | 9495575692 |
| വയനാട് | 9656128665 |

*മൊഴിമുത്തുകൾ*

# 'കണക്ക് ഏല്പിച്ചു തരിക'



സർവ്വലോകത്തിന്റെയും ന്യായകർത്താവ് ആ ദിവസം 'നിന്റെ കാര്യവിചാരകത്വത്തിന്റെ കണക്ക് ഏല്പിച്ചു തരിക' എന്നു പറയും. അപ്പോൾ അവിടുന്നു താഴെപ്പറയുന്ന വിധം ചോദിച്ചേക്കാം: ''എന്നെ സ്തുതിപ്പാനായി തന്നിരുന്ന നാവ് നീ ശരിയായി ഉപയോഗിച്ചുവോ? നിനക്കു നൽകിയിരുന്ന കാഴ്ച, കേൾവി എന്നിവയ്ക്കുള്ള ഇന്ദ്രിയങ്ങൾ നീ എങ്ങനെ ഉപയോഗിച്ചു? നീ ചെയ്തു പോരേണ്ടതിനു ഞാൻ മുന്നൊരുക്കിയിരുന്ന പ്രവൃത്തികൾക്കായി നീ കൈകളെയും കാലുകളെയും മറ്റ് അവയവങ്ങളെയും ഉപയോഗിച്ചുവോ?'' നാം എന്തു മറുപടി പറയും?

***– ജോൺ വെസ്ലി***

## പാചകം ചെയ്യുന്നതെന്ത്?




സർപ്പസന്തതികളെ, നിങ്ങൾ ദുഷ്ടരായിരിക്കെ
നല്ലതു സംസാരിപ്പാൻ എങ്ങനെ കഴിയും?
ഹൃദയം നിറഞ്ഞു കവിയുന്നതിൽനിന്നല്ലോ വായ് സംസാരിക്കുന്നത്. മത്താ. 12:34

## എഡിറ്റോറിയൽ



# താഴ്മയും സത്യസന്ധതയും

**നാം** തന്നിൽ നിന്നു പഠിക്കണമെന്നു യേശു ആവശ്യപ്പെട്ടത് ഒരേയൊരു കാര്യമാണ് – താഴ്മ. 'ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ... എന്നോടു പഠിപ്പിൻ' (മത്തായി 11:29). താഴ്മയെക്കുറിച്ചു ചിന്തിക്കുമ്പോൾ നമ്മുടെ മനസ്സിൽ ഓടിയെത്തുന്ന ചിത്രം എന്താണ്? മൃദുവാക്കുകളോടു കൂടിയ ശാന്തനായ ഒരുവൻ എളിമയോടെ മറ്റൊരാളോടു സംസാരിക്കുന്നു – ഇപ്രകാരം ഒരു ചിത്രമാണോ? എന്നാൽ ഇതല്ല താഴ്മ. ഇതു സൗമ്യതയാണ്. താഴ്മ ആഴത്തിൽ, ഹൃദയത്തിന്റെ ഒരു നിലപാടാണ്.

താഴ്മ ഹൃദയത്തിലെ ഒരു മനോഭാവമാണ്. സൗമ്യതയാകട്ടെ പെരുമാറ്റത്തിൽ പ്രതിഫലിക്കുന്നതും. താഴ്മ പ്രാഥമികമായും ദൈവത്തോടുള്ള ബന്ധത്തിലാണ്. സൗമ്യതയും വിനയവും മനുഷ്യരോടുള്ള ബന്ധത്തിലും. താഴ്മയുള്ള ഒരുവന്റെ പ്രതികരണത്തിൽ മിക്കപ്പോഴും സൗമ്യത പ്രകടമാകും. എന്നാൽ സൗമ്യമധുരമായ പെരുമാറ്റം എല്ലാം താഴ്മയുള്ള ഒരു ഹൃദയത്തിൽ നിന്നു വരുന്നതാകണമെന്നില്ല. താഴ്മ ദൈവം അറിയുന്നു; സൗമ്യത മനുഷ്യരുടെ മുൻപിൽ വിളങ്ങും.

താഴ്മയുടെയും സൗമ്യതയുടെയും ഈ പ്രത്യേകതകളും വ്യത്യാസങ്ങളും യേശുവിന്റെ ജീവിതത്തിൽ നിന്നു തന്നെ പഠിച്ചില്ലെങ്കിൽ നമുക്കു തെറ്റു പറ്റാം. യേശുവിൽ ഇതെങ്ങനെയായിരുന്നുവെന്നു നോക്കാം.

"അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യ സാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നേ, അനുസരണമുള്ളവനായിത്തീർന്നു" (ഫിലി. 2:5–8).

യേശു പിതാവിനോടുള്ള സമത്വം മുറുകെ പിടിച്ചില്ല. മനുഷ്യ സാദൃശ്യത്തിലായി. ക്രൂശിലെ മരണത്തോളം അനുസരണമുള്ളവനായിത്തീർന്നു. എന്തിന്? പിതാവിന്റെ ഇഷ്ടം നിറവേറ്റാൻ. ഇതിനുവേണ്ടി തന്നെത്താൻ ശൂന്യനാക്കിത്തീർത്തുകൊണ്ട് അവിടുന്നു വെളിപ്പെടുത്തിയതാണു താഴ്മ. താഴ്മയെന്നാൽ ദൈവം എല്ലാറ്റിനും എല്ലാമായിത്തീരാൻ വേണ്ടി ദൈവമുൻപാകെ പൂജ്യമായിത്തീരുന്നതാണ്. ഈ ആത്മസമർപ്പണത്തിലായിരുന്നു യേശുവിന്റെ താഴ്മ കുടികൊണ്ടിരുന്നത്.

തനിക്കായി ഒന്നും പ്രതീക്ഷിക്കാതെ പൂർണമായി ദൈവത്തിന് ഏല്പിച്ചു കൊടുത്ത ജീവിതമായിരുന്നു യേശുവിന്റെ താഴ്മ. ഈ താഴ്മയുടെ ഉല്പന്നമായിരുന്നു യേശുവിലെ സൗമ്യത. പിതാവിന്റെ മുൻപാകെയുള്ള യേശുവിന്റെ താഴ്മ മനുഷ്യരുടെ മുൻപിൽ പ്രതിഫലിച്ചതു സൗമ്യതയായാണ്, "പിതാവു സകലവും തന്റെ കയ്യിൽ തന്നിരിക്കുന്നു എന്നും താൻ ദൈവത്തിന്റെ അടുക്കൽ നിന്നു വന്നു ദൈവത്തിന്റെ അടുക്കൽ പോകുന്നു എന്നും അറിഞ്ഞിരിക്കെ യേശു... ശിഷ്യന്മാരുടെ കാൽ

കഴുകുവാൻ... തുടങ്ങി" എന്ന വാക്യം(യോഹ. 13:3-5) ശ്രദ്ധിക്കുക. ഈ വാക്യം വിരൽ ചൂണ്ടുന്നതു പിതാവിനോടുള്ള താഴ്മയുടെ ബന്ധത്തിൽ നിന്നാണ് ശിഷ്യന്മാരോടുള്ള യേശുവിന്റെ സൗമ്യമധുരമായ പെരുമാറ്റം ഉത്ഭവിച്ചതെന്നല്ലേ? അതേ. പിതാവിനോടുള്ള ഈ താഴ്മ തന്നെയാണു പിതാവു തനിക്കായി ക്രമീകരിച്ച 'പാനപാത്രം' ഏതു മനുഷ്യകരത്തിൽ നിന്നും സൗമ്യതയോടെ വാങ്ങിക്കുടിക്കാനും യേശുവിനെ പ്രേരിപ്പിച്ചത്. 'ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ (എവിടെയും) ദൈവത്തെ കാണും' എന്നു ഗിരിപ്രഭാഷണത്തിൽ പറഞ്ഞ യേശു താൻ അഭിമുഖീകരിച്ച എല്ലാ മനുഷ്യരിലും കണ്ടതു പിതാവിന്റെ കരങ്ങളെയാണ്. അതുകൊണ്ട് 'തന്നെ ശകാരിച്ചിട്ടു പകരം ശകാരിക്കാതെയും കഷ്ടം അനുഭവിച്ചിട്ടു ഭീഷണിപ്പെടുത്താതെയും ന്യായമായി വിധിക്കുന്നവങ്കൽ കാര്യം ഭരമേല്പിക്കാൻ' അവിടുത്തേക്കു കഴിഞ്ഞു (1 പത്രൊ. 2:23). അതുപോലെ 'രോമം കത്രിക്കുന്നവരുടെ മുമ്പാകെ മിണ്ടാതിരിക്കുന്ന ആടിനെപ്പോലെ വായെ തുറക്കാതിരിക്കാനും' യേശുവിനു കഴിഞ്ഞതിനു കാരണവും മറ്റൊന്നല്ല (യെശ. 53:7). ഈ അനുഭവങ്ങളുടെ പിൻബലത്തിലാണ് യേശു, "നിങ്ങളെ പഴിക്കയും ഉപദ്രവിക്കയും നിങ്ങളെക്കൊണ്ട് എല്ലാ തിന്മയും കളവായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ" എന്നു ഗിരിപ്രഭാഷണത്തിൽ ശിഷ്യന്മാരെ ഉദ്ബോധിപ്പിച്ചതെന്നും നമുക്കു മനസ്സിലാക്കാം.

ഇവിടെ ഒരു സംശയം വരാം. യേശു പീഡനങ്ങളെ മിണ്ടാതെ, വായെ തുറക്കാതെ സഹിച്ചു എന്നതു നേര്. പക്ഷേ ചിലപ്പോൾ അവിടുന്ന് ആളുകളെ തുറന്നു ശാസിക്കുകയും കരങ്ങളിൽ ചമ്മട്ടിയേന്തുകയും ചെയ്തില്ലേ? പിതാവിന്റെ മുൻപാകെയുള്ള താഴ്മയിൽ നിന്ന് ഉരുത്തിരിഞ്ഞ സൗമ്യതയാണ് ആളുകളോടുള്ള പെരുമാറ്റത്തിൽ യേശുവിൽ എപ്പോഴും പ്രതിഫലിച്ചതെന്നു പറഞ്ഞല്ലോ. എങ്കിൽ യേശുവിന്റെ ഈ നടപടികളെ എങ്ങനെയാണു വിശദീകരിക്കുക? ഈ സമയത്തു യേശു തന്റെ വിനയവും സൗമ്യതയും കൈവിട്ടുവെന്നാണോ നാം കരുതേണ്ടത്? അല്ല. യേശുവിന്റെ സൗമ്യതയുടെ തന്നെ ജ്വലിക്കുന്ന ഒരു മുഖമാണ് ഇവിടെ പ്രകടമായതെന്നു വേണം നാം മനസ്സിലാക്കാൻ.

ഇത് ഇങ്ങനെ വിശദീകരിക്കാം: യേശുവിന്റെ സൗമ്യത, താഴ്മയിലാണല്ലോ അടിസ്ഥാനപ്പെട്ടിരിക്കുന്നത്. താഴ്മയാകട്ടെ, പിതാവിനും അവിടുത്തെ രാജ്യത്തിനും ഒന്നാം സ്ഥാനം നൽകുന്നതും അതിനായി തന്നെത്തന്നെ പൂജ്യമായി എണ്ണുന്നതുമാണ്. യേശു ദേവാലയത്തിൽ ചാട്ടവാറെടുത്തതും (യോഹ. 2:15) ശാസ്ത്രിമാർക്കും പരീശന്മാർക്കുമെതിരെ ആഞ്ഞടിച്ചതും (മത്താ. 23) എന്തിനുവേണ്ടിയാണ്? സ്വാർത്ഥപരമായ താത്പര്യങ്ങൾക്കുവേണ്ടിയായിരുന്നില്ല അത്. തന്നെ അവർ വ്യക്തിപരമായി ആക്ഷേപിക്കുകയോ തന്റെ അവകാശങ്ങൾ കവർന്നെടുക്കുകയോ ചെയ്തപ്പോഴൊക്കെ സഹനത്തിൽ അഭയം തേടിയ യേശു, അവർ പിതാവിനും അവിടുത്തെ രാജ്യത്തിനും എതിരായി നീങ്ങിയപ്പോൾ ചാട്ടവാർ ഏന്തിയെങ്കിൽ അതു താഴ്മയിൽ നിന്നുള്ള വ്യതിചലനമല്ലെന്നു വ്യക്തമല്ലേ? അതുപോലെ നാം ആരോട് ഇടപെടുന്നുവോ അവരുടെ ആത്യന്തിക നന്മയും നിത്യതയിലെ അവരുടെ നേട്ടവും ഉദ്ദേശിച്ചുള്ള പെരുമാറ്റമാണു വാസ്തവത്തിലുള്ള വിനയം. ദൈവത്തിന്, അവിടുത്തെ രാജ്യത്തിന്, എതിരായ കാര്യങ്ങളോടു നിശ്ശബ്ദത പാലിക്കുന്നതല്ല മറിച്ച് അതിനോട് വിയോജിക്കുന്നതാണു സൗമ്യത. ഉവ്വ്, യേശുവിന്റെ വിനയത്തിന്റെ തന്നെ ജ്വലിക്കുന്ന മുഖമാണ് യെരുശലേം ദേവാലയത്തിനും ശാസ്ത്രിമാരോടും പരീശന്മാരോടുമുള്ള പെരുമാറ്റത്തിലും വെളിപ്പെട്ടത്.

▶ *ശേഷം പേജ് 42*

സന്ദേശം

ക്രിസ്തുവിന്റെ തേജസ്സിന്റെ പങ്കാളിത്തം-II

# താഴ്മയും സത്യസന്ധതയും ഇരട്ട പിറന്ന സഹോദരങ്ങൾ

സാക് പുന്നൻ

**ആളുകൾക്കു** രണ്ടുവിധത്തിൽ ദൈവവചനത്തിൽ മായം ചേർക്കാം.

തങ്ങളുടെയോ അടുപ്പമുള്ളവരുടെയോ കാര്യങ്ങൾ വരുമ്പോൾ ദൈവവചനത്തിന്റെ നിലവാരം കുറച്ചു വിട്ടുവീഴ്ച ചെയ്യുന്നതാണ് ഒന്ന്. അതേ സമയം ദൈവഹിതത്തിന് എതിരായ ഒരു പ്രവർത്തനശൈലി നിർദ്ദേശിക്കുന്നതു പത്രൊസാണെങ്കിൽ കൂടി 'സാത്താനെ പുറകിൽ പോകൂ' എന്നു യേശു തുറന്നു ശാസിക്കുമായിരുന്നു. ഭാര്യയുടെ തോൽവികൾ മറയ്ക്കാനാണെങ്കിലും ധനികനായ ഒരാളെയോ അടുത്ത സുഹൃത്തിനെയോ പ്രീതിപ്പെടുത്താനാണെങ്കിലും ദൈവവചനത്തിന്റെ നിലവാരം കുറയ്ക്കരുത്. ദൈവവചനത്തെക്കാൾ അടുത്ത സ്നേഹിതരൊന്നും നമുക്കുണ്ടായിരിക്കരുത്. അത്തരം അടുപ്പം ഒരിക്കലും ആത്മികമായ കൂട്ടായ്മ ആയിരിക്കുകയില്ല.

തങ്ങളുടെ മുൻധാരണയ്ക്കും വേദശാസ്ത്രത്തിനും അനുസരിച്ച്




*'യേശു രക്ഷിക്കുന്നു' എന്ന ബാഡ്ജ് ധരിച്ച നിങ്ങൾ ദേഷ്യപ്പെട്ടാൽ 'യേശു നരകത്തിൽ നിന്നു രക്ഷിക്കുന്നു, പക്ഷേ ദേഷ്യത്തിൽ നിന്നു വിടുവിക്കുന്നില്ല' എന്നു ബാഡ്ജ് തിരുത്തുകയാവും ഭേദം.*

**സത്യസന്ധനായ ഒരു വിശ്വാസി പ്രയാസമുള്ള ഒരു വാക്യത്തിനു മുമ്പാകെ വരുമ്പോൾ അതു താൻ വിശ്വസിച്ചിരിക്കുന്ന ഉപദേശത്തോടു ചേർന്നുപോകുന്നില്ലെന്നും കൂടുതൽ വെളിച്ചം ദൈവത്തിൽ നിന്നു ലഭിക്കേണ്ടിയിരിക്കുന്നുവെന്നും സമ്മതിക്കും. അത്തരം സത്യസന്ധനായ വിശ്വാസിയെക്കുറിച്ച് ഏറെ പ്രതീക്ഷയ്ക്കു വകയുണ്ട്.**

ഒരു വാക്യത്തിന്റെ വ്യാഖ്യാനം വളച്ചൊടിക്കുന്നതാണു ദൈവവചനത്തിൽ മായം ചേർക്കുന്ന രണ്ടാമത്തെ വിധം. ഉദാഹരണത്തിനു പരിശുദ്ധാത്മ സ്നാനം എന്ന ഉപദേശം എടുക്കാം. പുതിയനിയമത്തിന്റെ ആദ്യത്തെ അഞ്ചു പുസ്തകങ്ങളിൽ വ്യക്തമായും ലളിതമായും ഈ സത്യം ഊന്നിപ്പറഞ്ഞിട്ടുണ്ട് (മത്താ. 3:11, മർക്കൊ. 1:8, ലൂക്കൊ 3:16, യോഹ. 1:33, അപ്പ.പ്ര. 1:5). എന്നാലും ബാപ്റ്റിസ്റ്റ്, ബ്രദറൺ സമൂഹങ്ങളിലുള്ള വിശ്വാസികൾക്കു യേശുവിന് ഇന്നും തങ്ങൾക്കു പരിശുദ്ധാത്മ സ്നാനം നല്കാൻ കഴിയുമെന്നു വിശ്വസിക്കാൻ ഏറെക്കുറെ അസാധ്യം തന്നെയാണ്. കാരണം മാനസാന്തരപ്പെട്ടപ്പോൾ തന്നെ എല്ലാം ലഭിച്ചുകഴിഞ്ഞുവെന്ന് ചെറുപ്പം മുതലേ അവരെ മസ്തിഷ്കപ്രക്ഷാളനം ചെയ്തു വിശ്വസിപ്പിച്ചിരിക്കുകയാണ്. അതേ സമയം അവർ സത്യസന്ധരാണെങ്കിൽ, ആത്മാവിൽ നിറഞ്ഞവരുടെ ഉള്ളിൽനിന്നു ജീവജലത്തിന്റെ നദികൾ ഒഴുകും എന്നു യേശു പറഞ്ഞതു തങ്ങളെ സംബന്ധിച്ചിടത്തോളം ശരിയല്ലെന്നു സമ്മതിക്കേണ്ടിവരും. പക്ഷേ അവരൊരിക്കലും ആ സത്യം അംഗീകരിക്കുകയില്ല. തിരുവെഴുത്തുകൾ വായിക്കുമ്പോൾ ആത്മാവിൽ നിറയുന്നതു സംബന്ധിച്ച വാക്യങ്ങൾ കാണുമ്പോൾ അവർ അതു തങ്ങൾ ഉൾപ്പെട്ടു നിൽക്കുന്ന സമൂഹത്തിന്റെ ഉപദേശത്തിനു യോജിച്ചവണ്ണം വ്യാഖ്യാനിച്ചു തൃപ്തരാകും. ഇത് ബൗദ്ധികമായ സത്യസന്ധതയില്ലായ്മയും ദൈവവചനത്തോടു മായം ചേർക്കുന്നതുമല്ലെങ്കിൽ മറ്റെന്താണ്?

അതേ സമയം സത്യസന്ധനായ ഒരു വിശ്വാസി പ്രയാസമുള്ള ഒരു വാക്യത്തിനു മുമ്പാകെ വരുമ്പോൾ അതു താൻ വിശ്വസിച്ചിരിക്കുന്ന ഉപദേശത്തോടു ചേർന്നുപോകുന്നില്ലെന്നും കൂടുതൽ വെളിച്ചം ദൈവത്തിൽ നിന്നു ലഭിക്കേണ്ടിയിരിക്കുന്നുവെന്നും സമ്മതിക്കും. അത്തരം സത്യസന്ധനായ വിശ്വാസിയെക്കുറിച്ച് ഏറെ പ്രതീക്ഷയ്ക്കു വകയുണ്ട്.

താഴ്മയും സത്യസന്ധതയും ഇരട്ട പിറന്ന സഹോദരന്മാരെപ്പോലെയാണ്. ഒരു വ്യക്തിയിൽ അവ രണ്ടും ഒരുമിച്ചാണു പോകുന്നത്. ഒരു നാണയത്തിന്റെ ഇരു വശങ്ങൾ പോലെയാണവ. മറുവശമില്ലാതെ ഒരു വശം മാത്രമായി നാണയത്തിനു സ്ഥിതി ചെയ്യുവാൻ കഴിയാത്തതുപോലെ യഥാർത്ഥത്തിൽ താഴ്മയുള്ളവനാണെങ്കിൽ നിങ്ങൾ സത്യസന്ധനും ആയിരിക്കും. കാപട്യം ഉപേക്ഷിക്കുമ്പോൾ സത്യത്തിൽ നിങ്ങൾ ഗർവത്തിന്റെ ഒരു ഭാഗം കൂടിയാണ് വിട്ടുകളയുന്നത്.

തങ്ങൾ ഉപദേശിക്കുന്ന സുവിശേഷം പലരുടെ കണ്ണിനും മറഞ്ഞി

രിക്കുമെന്നു പൗലൊസ് പറയുന്നുണ്ട് (2 കൊരി. 4:3). ഏതു സുവിശേഷത്തെക്കുറിച്ചാണു താൻ ഇവിടെ പറയുന്നത്? കേവലം പാപക്ഷമയുടെ സുവിശേഷം അല്ല മറിച്ചു ദൈവപ്രതിമയായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷമാണത് (2 കൊരി. 4:4). ക്രിസ്തുവിന്റെ തേജസ്സു തീർച്ചയായും പാപക്ഷമയിലല്ല കണ്ടെത്താവുന്നത്. കാരണം കർത്താവിനു ക്ഷമിക്കപ്പെടാൻ പാപങ്ങളൊന്നും ഉണ്ടായിരുന്നില്ലല്ലോ.

അങ്ങനെയങ്കിൽ ക്രിസ്തുവിന്റെ 'തേജസ്സുള്ള സുവിശേഷം' എന്താണ്? അതേ വാക്യത്തിൽ തന്നെ അതിന്റെ ഉത്തരം കണ്ടെത്താം. 'ദൈവപ്രതിമയായ ക്രിസ്തു' എന്നാണിവിടെ പറഞ്ഞിരിക്കുന്നത്. നമ്മുടെ പാപങ്ങൾ ക്ഷമിക്കപ്പെട്ട ശേഷം നമുക്കു ദൈവപ്രതിമയായി രൂപാന്തരപ്പെടാൻ കഴിയും എന്നതാണ് ആ സുവിശേഷ സന്ദേശം.

സൃഷ്ടിയുടെ ആരംഭത്തിൽ 'വെളിച്ചം ഉണ്ടാകട്ടെ' എന്നു ദൈവം കൽപിച്ചു (2 കൊരി. 4:6). ദൈവം ആദ്യം സംസാരിച്ചതായി തിരുവെഴുത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ആദ്യ വാക്ക് ഇതായിരിക്കും. നമ്മുടെ ഉള്ളിലും അന്ധകാരമാണ്. കാരണം ആദാമിന്റെ സ്വാഭാവമാണു നമ്മുടെ ജഡത്തിലും ഉള്ളത്. ആദാമ്യ പ്രകൃതിയായ മോഹവും ദേഷ്യവും മാത്രമല്ല ആദമിന്റെ ഉപായവും മിടുക്കും കൂടി നമ്മിലുണ്ട്. ഈ അന്ധകാരമെല്ലാം പുറത്താക്കപ്പെടേണ്ടതുണ്ട്. അമാലേക്കിന്റെ മോശപ്പെട്ട ആടുകളെ മാത്രമല്ല നല്ല ആടുകളെയും കൊല്ലണമെന്നാണു ദൈവം കൽപിച്ചത് (1ശമുവേൽ 15).

എന്താണു വെളിച്ചം? യേശുവിന്റെ ജീവനാണു വെളിച്ചമെന്ന് യോഹന്നാൻ 1:4ൽ വ്യക്തമായി പറഞ്ഞിരിക്കുന്നു. നമ്മുടെ അന്ധകാരമയമായ ഹൃദയത്തിൽ ഈ വെളിച്ചം ഉദിക്കണമെന്നാണു ദൈവം ആഗ്രഹിക്കുന്നത്. 'കൃപയും സത്യവും നിറഞ്ഞ' ദൈവത്തിന്റെ തേജസ്സ് യേശുവിന്റെ ഇഹലോകജീവിതത്തിൽ വിളങ്ങിക്കാണുന്നു. ഈ വെളിച്ചം ഉൾക്കൊള്ളുന്നവർ കേവല നീതിക്കപ്പുറത്തു ക്രിസ്തുവിനെപ്പോലെയാകുന്നതിലായിരിക്കും തൽപ്പരരായിരിക്കുക.

> താഴ്മയും സത്യസന്ധതയും ഇരട്ട പിറന്ന സഹോദരന്മാരെപ്പോലെയാണ്. ഒരു വ്യക്തിയിൽ അവ രണ്ടും ഒരുമിച്ചാണു പോകുന്നത്. ഒരു നാണയത്തിന്റെ ഇരു വശങ്ങൾ പോലെയാണവ. മറുവശമില്ലാതെ ഒരു വശം മാത്രമായി നാണയത്തിനു സ്ഥിതി ചെയ്യുവാൻ കഴിയാത്തതുപോലെ യഥാർത്ഥത്തിൽ താഴ്മയുള്ളവനാണെങ്കിൽ നിങ്ങൾ സത്യസന്ധനും ആയിരിക്കും. കാപട്യം ഉപേക്ഷിക്കുമ്പോൾ സത്യത്തിൽ നിങ്ങൾ ഗർവത്തിന്റെ ഒരു ഭാഗം കൂടിയാണ് വിട്ടുകളയുന്നത്.

പുറമേയുള്ള നീതി നമുക്കു മനുഷ്യമാനം നേടിത്തരും. പക്ഷേ ദൈവം ആഗ്രഹിക്കുന്നതു നാം ആന്തരികമായി തന്റെ പുത്രനോടു സദൃശരായിത്തീരണമെന്നാണ്.

ഏകദേശം 350 വർഷം മുമ്പ് ഫ്രാൻസിൽ മാഡം ഗയോൺ എ

**ഇന്നത്തെക്കാലത്തു 'ക്രിസ്ത്യാനികൾക്ക്' സമാധാനത്തിനുള്ള നോബൽ സമ്മാനം പോലും ലഭിക്കുന്നു! പക്ഷേ സമാധാന പ്രഭുവായ യേശുവിന് ഒരിക്കലും ഈ ലോകം അത്തരം ഒരു സമ്മാനം കൊടുക്കുകയില്ല. ഒരു സമ്മാനമോ മെഡലോ അല്ല മരക്കുരിശാണ് ഈ ലോകം അവിടുത്തേക്കു സമ്മാനിച്ചത്. ഈ ലോകത്തിന്റെ ആത്മാവ് ഇന്നും വ്യത്യാസപ്പെട്ടിട്ടില്ലെന്ന് ഓർക്കുക.**

ന്നൊരു മഹതി ജീവിച്ചിരുന്നു. ക്രിസ്തീയ പുസ്തകങ്ങളൊന്നും ലഭ്യമല്ലാതിരുന്ന അക്കാലത്തു പക്ഷേ അവർക്കു ദൈവവഴികളെക്കുറിച്ച് അസാധാരണമായ വെളിച്ചം ലഭിച്ചിരുന്നു. തന്റെ കഷ്ടതകൾക്കു നടുവിലും ദൈവത്തെ മാത്രം അവർ അന്വേഷിച്ചു എന്നതാണ് ഇതിനു കാരണം. ഇന്നു പല വിശ്വാസികളും കഷ്ടപ്പെടുന്നുണ്ടെങ്കിലും തങ്ങളുടെ കഷ്ടതകളിലൂടെ അവർ ദൈവത്തെ അറിയുന്നില്ല. കാരണം അവിടുന്ന് ആയിരിക്കുന്നതുപോലെ അവർ ദൈവത്തെ അന്വേഷിക്കുന്നില്ല. അവർ തങ്ങളുടെ കഷ്ടതകളിൽനിന്നുള്ള വിടുതൽ മാത്രമേ തേടുന്നുള്ളു. എന്നാൽ മാഡം ഗയോൺ ദൈവത്തെ മാത്രം അന്വേഷിച്ചു. അതിന്റെ ഫലമായി വളരെ ചുരുക്കം പേർക്കു മാത്രം കഴിഞ്ഞതുപോലെ അവർക്കു ദൈവത്തെ അറിയുവാൻ കഴിഞ്ഞു, ദൈവം നമ്മുടെ പാതയിൽ അയയ്ക്കുന്ന എല്ലാ കഷ്ടതകളും സന്തോഷത്തോടെ സ്വീകരിക്കുമ്പോഴാണ് (അവയ്ക്കു കീഴടങ്ങുമ്പോൾ മാത്രമല്ല സന്തോഷത്തോടെ സ്വീകരിക്കുമ്പോൾ മാത്രം) നമുക്കു ദൈവത്തെ അറിയുവാൻ കഴിയുന്നത്.

മാഡം ഗയോൺ തന്റെ എഴുത്തിൽ ഒരിടത്തു പറയുന്നു: നമ്മുടെ വെളിച്ചവും കൃപയും വരങ്ങളും (ചുരുക്കത്തിൽ വിശുദ്ധ ജീവിതം) കണ്ടു പൂർണ്ണവെളിച്ചം ഇല്ലാത്തവർ നമ്മെ ബഹുമാനിക്കുന്ന ഒരു ഘട്ടം ഉണ്ട്. പക്ഷേ അവിടെ നിന്നും മുന്നോട്ടു പോയാൽ, കർത്താവിനെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും പൂർണ്ണമായി അനുസരിക്കുന്ന തലത്തിലേക്കു പോയാൽ, നേരത്തെ ബഹുമാനിച്ചവർ തന്നെ നമ്മെ തള്ളിക്കളയുകയും ഉപേക്ഷിക്കുകയും ചെയ്യുന്നതു കാണാം. അപ്പോഴാണു ക്രിസ്തുവിന്റെ കഷ്ടങ്ങളുടെ കൂട്ടായ്മ നാം കണ്ടെത്തുന്നത്. കാരണം യേശു തന്റെ ജീവിതത്തിൽ ഇതു തന്നെയാണല്ലോ അനുഭവിച്ചത്.

നിങ്ങൾ ഒരു ദൈവമനുഷ്യനാണെന്ന മറ്റുള്ളവരുടെ പ്രശംസയിൽ നിങ്ങൾക്കു സന്തോഷിപ്പാൻ കഴിയും. പലരും ഇത്രയുംകൊണ്ടു തൃപ്തിപ്പെട്ട് ഇരിക്കുകയാണ്. പക്ഷേ യേശുവിനെ യഥാർത്ഥമായി അനുഗമിച്ചാൽ നിങ്ങൾ ഇവിടെനിന്നും മുന്നോട്ടുപോകും. യേശുവിന്റെ നസറേത്തിലെ ജീവിതം കണ്ടിട്ടുള്ളവർ - മറ്റാരേക്കാളും അടുത്തുനിന്ന് കണ്ടിട്ടുള്ള തന്റെ ബന്ധുക്കൾ പോലും - യേശുവിനെ അഭിനന്ദിക്കുന്നതിനു പകരം തള്ളിക്കളഞ്ഞത് എന്തുകൊണ്ടാണ്? നിങ്ങളുടെ ഓഫീസിലും അയൽപക്കത്തുമുള്ളവർ പൊതുവെ നേരായി ജീവിക്കുന്നവരെ മാനിക്കാറില്ലേ? എന്നാൽ ആളുകൾ യേശുവിനെ ആദരിച്ചില്ല. എന്തുകൊണ്ട്?

കാരണം സത്യദൈവത്തിന്റെ വിശ്വസ്ത സാക്ഷികളെ തള്ളിക്കളയത്തക്കവണ്ണം ഈ ലോകത്തിന്റെ ആത്മാവു ദൈവത്തിന്റെ ആത്മാവിനോട് എന്നും എതിരാണ്. സത്യദൈവത്തിന്റെ എത്രമാത്രം വിശ്വസ്തനായ സാക്ഷിയായിരുന്നു യേശുവെന്നതിലേക്ക് ഇതു വിരൽ ചൂണ്ടുന്നു.

അങ്ങനെയെങ്കിൽ ആളുകൾ ഇന്നു നിങ്ങളെ ഏറെ ആദരിക്കുന്നതിനെക്കുറിച്ച് ഇനി എന്തു പറയുന്നു?

ചത്ത സഭാവിഭാഗങ്ങളിലുള്ള ആളുകൾ കൂടി നിങ്ങളെ ആദരിക്കുന്നു!! നിങ്ങളെക്കുറിച്ച് അവരുടെ സാക്ഷ്യത്താൽ നിങ്ങൾ മഹത്വപ്പെടുകകൂടി ചെയ്യുന്നു!

ഇന്നത്തെക്കാലത്തു 'ക്രിസ്ത്യാനികൾക്ക്' സമാധാനത്തിനുള്ള നോബൽ സമ്മാനം പോലും ലഭിക്കുന്നു! പക്ഷേ സമാധാന പ്രഭുവായ യേശുവിന് ഒരിക്കലും ഈ ലോകം അത്തരം ഒരു സമ്മാനം കൊടുക്കുകയില്ല. ഒരു സമ്മാനമോ മെഡലോ അല്ല മരക്കുരിശാണ് ഈ ലോകം അവിടുത്തേക്കു സമ്മാനിച്ചത്. ഈ ലോകത്തിന്റെ ആത്മാവ് ഇന്നും വ്യത്യാസപ്പെട്ടിട്ടില്ലെന്ന് ഓർക്കുക. മാത്രമല്ല അതു കൂടുതൽ മോശമാവുകയാണു ചെയ്തിട്ടുള്ളത്. എല്ലാവരാലും പുകഴ്ത്തപ്പെടുന്നവർ കള്ളപ്രവാചകന്മാരാണെന്ന് യേശു പറഞ്ഞു. സകല മനുഷ്യരും നിങ്ങളെ പുകഴ്ത്തിപ്പറയുമ്പോൾ നിങ്ങൾക്ക് അയ്യോ കഷ്ടം (ലൂക്കൊ. 6:26).

ക്രിസ്തുവിന്റെ തേജസ് നിങ്ങൾ യഥാർത്ഥമായും കാണുമ്പോൾ മനുഷ്യരുടെ മാനം നിങ്ങൾക്കു മേലിൽ ഒരു വിഷയമേ ആയിരിക്കുകയില്ല.

ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ നിർമ്മലവെളിച്ചത്തിൽ നടക്കുമ്പോൾ മറ്റുള്ളവരാൽ, പ്രത്യേകിച്ചു മതഭക്തരായ ക്രിസ്ത്യാനികളാൽ, നാം തെറ്റിദ്ധരിക്കപ്പെടുകയും തള്ളിക്കളയപ്പെടുകയും നിന്ദിക്കപ്പെടുകയും ചെയ്യും. 'ഭ്രാന്തൻ', 'പാപികളുടെ സ്നേഹിതൻ', 'ഭൂതങ്ങളുടെ തലവൻ' എന്നിങ്ങനെയുള്ള പേരുകളാണ് യേശുവിനെ വിളിച്ചിരുന്നത്. യേശുവിനെ എല്ലാ വഴികളിലും പിൻപറ്റിയാൽ നിങ്ങളെയും ഇങ്ങനെയുള്ള പേരുകൾ ഈ ലോകം വിളിക്കും. അതേസമയം മനുഷ്യരെ പ്രസാദിപ്പിക്കുകയും നയത്തോടെ സംസാരിക്കുകയും ചെയ്താൽ നിങ്ങൾ ക്രിസ്തുവിന്റെ നിന്ദ ഒഴിവാക്കുകയാണു ചെയ്യുന്നത്. പക്ഷേ അതു തെളിയിക്കുന്നതു ക്രിസ്തുവിന്റെ തേജസ്സ് കാണാതവണ്ണം സാത്താൻ നിങ്ങളുടെ കണ്ണു കുരുടാക്കിക്കളഞ്ഞു എന്നാണ്.

ദൈവവചനം അക്ഷരപ്രകാരം വാ

ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ നിർമ്മലവെളിച്ചത്തിൽ നടക്കുമ്പോൾ മറ്റുള്ളവരാൽ, പ്രത്യേകിച്ചു മതഭക്തരായ ക്രിസ്ത്യാനികളാൽ, നാം തെറ്റിദ്ധരിക്കപ്പെടുകയും തള്ളിക്കളയപ്പെടുകയും നിന്ദിക്കപ്പെടുകയും ചെയ്യും. 'ഭ്രാന്തൻ', 'പാപികളുടെ സ്നേഹിതൻ', 'ഭൂതങ്ങളുടെ തലവൻ' എന്നിങ്ങനെയുള്ള പേരുകളാണ് യേശുവിനെ വിളിച്ചിരുന്നത്. യേശുവിനെ എല്ലാ വഴികളിലും പിൻപറ്റിയാൽ നിങ്ങളെയും ഇങ്ങനെയുള്ള പേരുകൾ ഈ ലോകം വിളിക്കും.

**നിങ്ങൾക്ക് ആവശ്യമായിരിക്കുന്നതു കൂടുതൽ സന്ദേശം കേൾക്കുക എന്നതല്ല ക്രിസ്തുവിന്റെ തേജസ്സു കാണുക എന്നതാണ്. മതപരമായ പ്രവർത്തനങ്ങൾ, രോഗസൗഖ്യം, വൈകാരിക അനുഭൂതികൾ (ഊതിവീഴ്ത്തൽ, വിശുദ്ധ ചിരി, നൃത്തം എന്നിങ്ങനെ) എന്നിവയ്ക്കെല്ലാം അപ്പുറത്തു ക്രിസ്തുവിനോടു സജീവ ബന്ധം സ്ഥാപിക്കുമെങ്കിൽ നിങ്ങൾ ആത്മികനാകാൻ തുടങ്ങും.**

യിച്ചാൽ കണ്ണിനു മുമ്പിൽ ഒരു മൂടുപടം ഉള്ളതുപോലെ തോന്നും എന്നു 2 കൊരിന്ത്യർ 3:15ൽ നാം കാണുന്നു– തിരുവെഴുത്തിന്റെ ശരിയായ അർത്ഥവും ക്രിസ്തുവിന്റെ തേജസ്സും മറയ്ക്കുന്ന ഒരു മൂടുപടം. അപ്പോൾ 'ശത്രുവിനെ സ്നേഹിക്കുക', നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിക്കുക', 'നിങ്ങളെ ഉപദ്രവിക്കുന്നവർക്കു നന്മ ചെയ്യുക' തുടങ്ങിയ പുതിയ ഉടമ്പടിയുടെ കൽപനകൾ പോലും നിങ്ങൾ അക്ഷരപ്രകാരമായിരിക്കും അനുസരിക്കുക. കണ്ണിനു മുമ്പിൽ മൂടുപടം ഉള്ളതുകൊണ്ട് ഈ കൽപനകൾ സ്വയനീതിയിലും പരീശമനോഭാവത്തിലുമായിരിക്കും അനുസരിക്കുന്നത്. പക്ഷേ കർത്താവിലേക്കു തിരിയുമ്പോൾ ഈ മൂടുപടം നീങ്ങിപ്പോകുകയും ക്രിസ്തുവിന്റെ തേജസ്സ് കാണുകയും ചെയ്യും (2 കൊരി. 3:16).

ഒരു മീറ്റിംഗിനു പോയാൽ കർത്താവിനെ കണ്ടുമുട്ടാതെ ഒരു സന്ദേശം മാത്രം കേട്ടു മടങ്ങിപ്പോരാനുള്ള സാധ്യതയുണ്ട്. പക്ഷേ യേശുവിനല്ലാതെ ഒരു സന്ദേശത്തിനും നിങ്ങളുടെ പ്രശ്നം പരിഹരിക്കുവാൻ കഴിയുകയില്ല. ഉദാഹരണത്തിനു യഥാർത്ഥ ക്രിസ്തീയ വിവാഹജീവിതം എങ്ങനെയായിരിക്കണമെന്നതിനെക്കുറിച്ച് ഏറെ കേട്ടിട്ടും പല വിശ്വാസികൾക്കും അവരുടെ ജീവിത പങ്കാളിയോടു ക്രിസ്തീയ സദൃശമായ മനോഭാവം ഉണ്ടാകുന്നില്ല. എന്തുകൊണ്ട്? കാരണം അവർ ദൈവവചനത്തെ അക്ഷരപ്രകാരമാണ് ഉൾക്കൊണ്ടിരിക്കുന്നത്. അപ്പോൾ നിങ്ങൾക്ക് ആവശ്യമായിരിക്കുന്നതു കൂടുതൽ സന്ദേശം കേൾക്കുക എന്നതല്ല ക്രിസ്തുവിന്റെ തേജസ്സു കാണുക എന്നതാണ്.

മതപരമായ പ്രവർത്തനങ്ങൾ, രോഗസൗഖ്യം, വൈകാരിക അനുഭൂതികൾ (ഊതിവീഴ്ത്തൽ, വിശുദ്ധ ചിരി, നൃത്തം എന്നിങ്ങനെ) എന്നിവയ്ക്കെല്ലാം അപ്പുറത്തു ക്രിസ്തുവിനോടു സജീവ ബന്ധം സ്ഥാപിക്കുമെങ്കിൽ നിങ്ങൾ ആത്മികനാകാൻ തുടങ്ങും. നീതിപോലുമല്ല നമുക്കു വേണ്ടതു മറിച്ചു യേശുവിനെ തന്നെയാണ്.

1 കൊരി. 1:30ൽ ക്രിസ്തു തന്നെ നമുക്കു ജ്ഞാനവും നീതിയും ശുദ്ധീകരണവുമായിത്തീർന്നു എന്നു വായിക്കുന്നു. അവൻ നമുക്കു ജ്ഞാനം തരുമെന്നല്ല അവൻ തന്നെ നമ്മുടെ ജ്ഞാനം, നമ്മുടെ ശുദ്ധീകരണം, നമ്മുടെ വീണ്ടെടുപ്പ്, നമ്മുടെ സൗഖ്യം, നമ്മുടെ ശുശ്രൂഷ, നമ്മുടെ എല്ലാമെല്ലാം. നമ്മൾ ക്രിസ്തുവിനെ വിട്ടു പകരം ഒരു ഉപദേശത്തോടു ബന്ധം സ്ഥാപിച്ചാൽ വഴി തെറ്റിപ്പോകും.

ദൈവഭക്തിയുടെ മർമ്മം എന്താ

ണ്? (1 തിമൊ. 3:16). ക്രിസ്തു ജഡത്തിൽ വെളിപ്പെട്ടു എന്ന ഉപദേശമാണോ? അല്ല, അതല്ല. ദൈവഭക്തിയുടെ മർമ്മം നമ്മെപ്പോലെ ജഡത്തിൽ വന്ന ക്രിസ്തു തന്നെയാണ്. ഈ ഉപദേശത്താൽ മാത്രം പിടിക്കപ്പെട്ടവർ ക്രിസ്തീയ ഗോളത്തിലെ ഏറ്റവും വലിയ പരീശന്മാരായി മാറും. അതേസമയം യേശുവിനാൽ മാത്രം ബന്ധിക്കപ്പെട്ടിട്ടുള്ളവർ ഒരിക്കലും പരീശന്മാരായിത്തീരുകയില്ല.

ഇന്നത്തെ ക്രിസ്തീയ ലോകത്തിൽ രണ്ടുതരം ആളുകളുണ്ട്. തിരുവെഴുത്തിനെ അക്ഷരത്തിൽ എടുത്തിട്ടുള്ളവരും അതിന്റെ ആത്മാവിൽ എടുത്തിട്ടുള്ളവരും. അഥവാ വിശുദ്ധിയുടെ ഉപദേശത്താൽ പിടിക്കപ്പെട്ടവരും യേശുവിന്റെ വ്യക്തിത്വത്താൽ പിടിക്കപ്പെട്ടവരും.

വിശ്വാസികൾ അക്ഷരത്തെ കൂടുതൽ നോക്കുന്തോറും അവരുടെ കണ്ണിനു മുമ്പിൽ മൂടുപടം കിടക്കും. കർത്താവിനെ കാണാൻ കഴിയുകയുമില്ല. കർത്താവായ യേശുക്രിസ്തുവിന്റെ മുഖത്തിലുള്ള തന്റെ തേജസ്സു തന്നെ നാം കാണണമെന്നാണു ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത്.

തന്റെ താഴ്മയുടെ തേജസ്സു നോക്കുക. ഫിലിപ്യർ 2:8-11ൽ നാം വായിക്കുന്നത് എല്ലായിടത്തുമുള്ള എല്ലാവരുടേയും മുഴങ്കാൽ മടങ്ങത്തക്കവിധം യേശുവിന്റെ നാമത്തിനു മുമ്പിൽ എല്ലാ ഭൂതങ്ങളും കീഴടങ്ങുന്നു. എന്തുകൊണ്ട്? അവിടുന്നു ദൈവപുത്രനായതുകൊണ്ടോ വിശുദ്ധ ജീവിതം നയിച്ചതുകൊണ്ടോ അല്ല. മറിച്ചു താൻ തന്നെത്താൻ താഴ്ത്തിയതുകൊണ്ടാണ്.

ഇന്നത്തെ ക്രിസ്തീയ ലോകത്തിൽ രണ്ടുതരം ആളുകളുണ്ട്. തിരുവെഴുത്തിനെ അക്ഷരത്തിൽ എടുത്തിട്ടുള്ളവരും അതിന്റെ ആത്മാവിൽ എടുത്തിട്ടുള്ളവരും. അഥവാ വിശുദ്ധിയുടെ ഉപദേശത്താൽ പിടിക്കപ്പെട്ടവരും യേശുവിന്റെ വ്യക്തിത്വത്താൽ പിടിക്കപ്പെട്ടവരും. വിശ്വാസികൾ അക്ഷരത്തെ കൂടുതൽ നോക്കുന്തോറും അവരുടെ കണ്ണിനു മുമ്പിൽ മൂടുപടം കിടക്കും. കർത്താവിനെ കാണാൻ കഴിയുകയുമില്ല. കർത്താവായ യേശുക്രിസ്തുവിന്റെ മുഖത്തിലുള്ള തന്റെ തേജസ്സു തന്നെ നാം കാണണമെന്നാണു ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത്.

തന്നെത്താൻ താഴ്ത്താൻ മനസ്സില്ലാതെ നിങ്ങൾ യേശുവിന്റെ നാമം ഒരു മാന്ത്രിക വാക്കുപോലെ ഉപയോഗിക്കാൻ ശ്രമിച്ചാൽ ഫലിക്കയില്ല. പക്ഷേ തന്നെത്താൻ താഴ്ത്തുകയും സ്വയത്തിനു മരിക്കുകയും ചെയ്യുന്ന ഒരുവൻ യേശുവിന്റെ നാമം ഉപയോഗിച്ചാൽ അതിനു ശക്തിയുണ്ട്.

യേശുവിന്റെ നാമത്തെ എല്ലാ നാമത്തിനും മേലായി ദൈവം ഉയർത്തിയത് എന്തുകൊണ്ടാണെന്ന് മനസ്സിലാക്കാതെ ദൈവവചനം യേശുവിന്റെ നാമത്തിൽ പ്രസംഗിച്ചാൽ പരിശുദ്ധാത്മ ശക്തി ആ പ്രസംഗത്തെ പിൻതുണയ്ക്കുകയില്ല. മറ്റൊരാൾ പ്രസംഗിച്ച അതേ സന്ദേശമോ ജീവമൊഴികളിൽ വായിച്ച കാര്യങ്ങളോ നിങ്ങൾക്കു പ്രസംഗിക്കാം. പക്ഷേ അതേ അഭിഷേകം നിങ്ങളു

**സൂര്യൻ ചന്ദ്രന്റെ മേൽ പ്രകാശിക്കുമ്പോൾ അതു സൂര്യപ്രകാശം പ്രതിബിംബിക്കും. എന്നാൽ ഭൂമി സൂര്യന്റെയും ചന്ദ്രന്റെയും ഇടയ്ക്കു വരുമ്പോൾ ചന്ദ്രനെ ക്രമേണ കാണാതാകും. പല വിശ്വാസികളെ സംബന്ധിച്ചും ഇതു ശരിയാണ്. ഭൂമിയിലുള്ളതു പലതും അവർക്കും ദൈവത്തിനും മധ്യേ വരും. അപ്പോൾ ഒരിക്കൽ പൂർണ്ണ ചന്ദ്രനായി പ്രശോഭിച്ചവർ ക്ഷയിച്ചു ചെറുതായി ചെറുതായി ഒടുവിൽ ചന്ദ്രനെ കാണാനേ ഇല്ലെന്ന അവസ്ഥയിൽ എത്തിച്ചേരും!**

ടെ പ്രസംഗത്തിൽ ഉണ്ടാവുകയില്ല. തനിക്കു മാനം ലഭിക്കാൻ ഒരാൾക്കു പ്രസംഗിക്കാൻ കഴിയും. പക്ഷേ പരിശുദ്ധാത്മാവ് ആ പ്രസംഗത്തെ സഹായിക്കുകയില്ല. നിത്യതയിൽ നിലനിൽക്കുന്ന ഫലമൊന്നും ആ ശുശ്രൂഷയിൽനിന്ന് ഉണ്ടാവുകയുമില്ല.

നിങ്ങൾ യേശുവിന്റെ താഴ്മയുടെ തേജസ്സു കണ്ടിട്ടുണ്ടോ?

നാം ചെയ്യുന്നതെല്ലാം യേശുവിന്റെ നാമത്തിൽ ചെയ്യാനാണു കല്പന. തന്നെത്താൻ താഴ്ത്തി ദാസനായിത്തീർന്നു മരിച്ച യേശുവിന്റെ അതേ ആത്മാവിനാൽ തന്നെ നാം എല്ലാം ചെയ്യേണ്ടിയിരിക്കുന്നു. തന്റെ ഇഹലോക ജീവിത കാലത്തു ഒരു ദാസനെന്നതിൽ കവിഞ്ഞ് ഒന്നും ചെയ്യുവാൻ യേശു തയ്യാറായില്ല. നമ്മുടെ വിളിയും ഇതാണ്. നമ്മൾ അന്യോന്യം സഹോദരന്മാർ മാത്രമല്ല ദാസന്മാരുമാണ്.

യേശുവിന്റെ താഴ്മയുടെ തേജസ്സിനാൽ പിടിക്കപ്പെട്ടവരായി നമുക്കു തീരാം. എങ്കിൽ മുഖത്തു മൂടുപടം ഉണ്ടായിരിക്കുകയില്ല. പകരം ശക്തമായ നിരന്തരമായ അഭിഷേകം മാത്രം.

തന്റെ മുഖത്തെ തേജസ്സു മങ്ങിപ്പോകുന്നത് ആളുകൾ കാണാതിരിക്കാനായി മോശ മുഖത്തു മൂടുപടം ഇട്ടതായി 2 കൊരി.3:13ൽ നാം കാണുന്നു. തേജസ്സു നഷ്ടപ്പെടുന്നത് അറിയാതിരിക്കാനായി ജീവിത്തിനു മുകളിൽ മൂടുപടം ഇടുവാൻ നിങ്ങൾക്കും കഴിയും. ആന്തിരിക ജീവിതത്തിലും വൈവാഹിക ജീവിതത്തിലും വർഷങ്ങൾക്കു മുമ്പ് ഉണ്ടായിരുന്ന തേജസ്സ് ഇന്നും അതേപോലെ നിൽക്കുന്നതായി മറ്റുള്ളവർ അറിയാനാണ് നിങ്ങൾക്കാഗ്രഹം – സത്യം അതല്ലെങ്കിൽ പോലും.

എന്നാൽ പൗലൊസ് പറയുന്നത് 'ഞങ്ങൾ ലജ്ജാകരമായ രഹസ്യങ്ങളെ ത്യജിച്ചു മൂടുപടം നീങ്ങിയ മുഖത്തോടെ കർത്താവിന്റെ തേജസ്സിനെ കാണുന്നു' എന്നാണ്.

'യഹോവ തിരുമുഖം നിന്റെമേൽ പ്രാകാശിപ്പിക്കുമാറാകട്ടെ' എന്നു പറഞ്ഞു യിസ്രായേലിനെ അനുഗ്രഹിക്കുവാൻ ദൈവം അഹരോനോടു പറയുന്നത് സംഖ്യാപുസ്തകം 6:23–25ൽ നാം വായിക്കുന്നു. ദൈവത്തിൽനിന്ന് അവർക്കു ലഭിക്കാവുന്ന ഏറ്റവും വലിയ അനുഗ്രഹം ഇതായിരുന്നു – ദൈവത്തിന്റെ തേജസ്സ് അവരുടേ മേൽ പ്രകാശിക്കുക. പുതിയ ഉടമ്പടിയിൽ നമുക്കും ലഭിക്കാവുന്ന ഏറ്റവും വലിയ അനുഗ്രഹം ഇതാണ്.

സൂര്യൻ ചന്ദ്രന്റെ മേൽ പ്രകാശിക്കുമ്പോൾ അതു സൂര്യപ്രകാശം പ്രതിബിംബിക്കും. എന്നാൽ ഭൂമി സൂര്യ

ന്റെയും ചന്ദ്രന്റെയും ഇടയ്ക്കു വരുമ്പോൾ ചന്ദ്രനെ ക്രമേണ കാണാതാകും. പല വിശ്വാസികളെ സംബന്ധിച്ചും ഇതു ശരിയാണ്. ഭൂമിയിലുള്ളതു പലതും അവർക്കും ദൈവത്തിനും മധ്യേ വരും. അപ്പോൾ ഒരിക്കൽ പൂർണ്ണചന്ദ്രനായി പ്രശോഭിച്ചവർ ക്ഷയിച്ചു ചെറുതായി ചെറുതായി ഒടുവിൽ ചന്ദ്രനെ കാണാനേ ഇല്ലെന്ന അവസ്ഥയിൽ എത്തിച്ചേരും!

പൂർണ്ണമായി സത്യസന്ധരും എല്ലാ മൂടുപടവും നീങ്ങിയവരുമായി ഇരിക്കുന്നതു മാത്രമാണ് തേജസ്സു ക്ഷയിച്ചുപോകുന്നത് ഒഴിവാക്കാനുള്ള ഏകമാർഗം. സത്യസന്ധരായിരിക്കുക എന്നു പറഞ്ഞാൽ പാപം മുഴുവൻ പരസ്യമായി ഏറ്റുപറയണമെന്നല്ല. എല്ലാ കാപട്യങ്ങളും നാട്യങ്ങളും ഉപേക്ഷിക്കണമെന്നാണതിന്റെ അർത്ഥം.

താഴ്മയുടേയും വിശുദ്ധ ജീവിതത്തിന്റെയും പിൻബലമില്ലാതെ ആരെങ്കിലും ഗംഭീര സത്യങ്ങൾ പ്രസംഗിക്കുന്നതു കേൾക്കുമ്പോൾ സത്യത്തിൽ ജനം തേജസ്സുള്ള സുവിശേഷത്തിൽ നിന്ന് അകുന്നുപോകുകയാണ്. 'യേശു രക്ഷിക്കുന്നു' എന്ന ബാഡ്ജ് ധരിച്ച നിങ്ങൾ ദേഷ്യപ്പെട്ടാൽ 'യേശു നരകത്തിൽ നിന്നു രക്ഷിക്കുന്നു, പക്ഷേ ദേഷ്യത്തിൽ നിന്നു വിടുവിക്കുന്നില്ല' എന്നു ബാഡ്ജ് തിരുത്തുകയാവും ഭേദം. അല്ലെങ്കിൽ 'യേശു രക്ഷിക്കുന്നു' എന്ന ബാഡ്ജ് മാറ്റുന്നതു നന്ന്. കുറഞ്ഞപക്ഷം കർത്താവിന്റെ നാമം ദുഷിക്കപ്പെടാതിരിക്കുമല്ലോ.

യേശുവിന്റെ താഴ്മയുടെ തേജസ്സിനാൽ നമുക്കു പിടിക്കപ്പെട്ടവരായിരിക്കാം. എല്ലാവർക്കും ദാസനായിരിക്കുന്നതിൽ നിന്നു തന്നെ തടയാൻ ആർക്കും കഴിയുമായിരുന്നില്ല. ആളുകൾ യേശുവിനെ രാജാവായി കാണുവാൻ ആഗ്രഹിച്ചു. പക്ഷേ താൻ വഴങ്ങിക്കൊടുത്തില്ല. മഹാനെന്നോ ജ്ഞാനിയെന്നോ അങ്ങനെ എന്തെങ്കിലും ബഹുമതി നേടാൻ അവിടുന്നാഗ്രഹിച്ചില്ല. ദൈവം എങ്ങനെയുള്ളവനാണെന്നു തന്റെ ജീവിതംകൊണ്ടു കാണിച്ചുതരുവാനാണ് യേശു വന്നത്. നമ്മുടേയും വിളി ഇതാണ് - ദാസന്മാരായിരിക്കുക, സ്വയത്തിനു മരിക്കുക, ദൈവം എങ്ങനെയുള്ളവനെന്നു ജീവിതംകൊണ്ടു കാണിച്ചു കൊടുക്കുക.

ആളുകൾ യേശുവിനെ രാജാവായി കാണുവാൻ ആഗ്രഹിച്ചു. പക്ഷേ താൻ വഴങ്ങിക്കൊടുത്തില്ല. മഹാനെന്നോ ജ്ഞാനിയെന്നോ അങ്ങനെ എന്തെങ്കിലും ബഹുമതി നേടാൻ അവിടുന്നാഗ്രഹിച്ചില്ല. ദൈവം എങ്ങനെയുള്ളവനാണെന്നു തന്റെ ജീവിതംകൊണ്ടു കാണിച്ചുതരുവാനാണ് യേശു വന്നത്. നമ്മുടേയും വിളി ഇതാണ് - ദാസന്മാരായിരിക്കുക, സ്വയത്തിനു മരിക്കുക, ദൈവം എങ്ങനെയുള്ളവനെന്നു ജീവിതംകൊണ്ടു കാണിച്ചു കൊടുക്കുക.

ക്രിസ്തുവിന്റെ തേജസ്സു നമ്മെ കാണിക്കുവാൻ ആദ്യം പരിശുദ്ധാത്മാവിനെ അനുവദിക്കുക. പിന്നെ ഈ തേജസ്സിൽ പങ്കാളിയാകുവാനും തേജസ്സിന്മേൽ തേജസ്സു പ്രാപിക്കുവാനും പരിശുദ്ധാത്മാവു നമ്മെ സഹായിക്കും. *(അവസാനിച്ചു)*

വചനം

# നിക്ഷേപം മൺപാത്രങ്ങളിൽ

വാച്ച്മാൻ നീ

"**പൗലൊസ്** കൊരിന്ത്യർക്കെഴുതിയ രണ്ടാം ലേഖനം വായിക്കുമ്പോൾ നാം 'രണ്ടു വ്യക്തികളെ' കണ്ടുമുട്ടുന്നു - പൗലൊസിനെയും, ക്രിസ്തുവിലുള്ള പൗലൊസിനെയും. ലേഖനത്തിന്റെ ആദ്യ അധ്യായം മുതൽ അവസാനം വരെ പൗലൊസ് പറയുന്ന കാര്യങ്ങളെ ശ്രദ്ധിക്കുമ്പോൾ അതിൽ ഉടനീളം ഇതിന് അടിവരയിട്ടു പോകുന്ന ഒരു സത്യം കണ്ടെത്തും. പൗലൊസിന്റെ തന്നെ വാക്കുകളിൽ പറഞ്ഞാൽ അതിതാണ്: "ഈ നിക്ഷേപം ഞങ്ങൾക്കു മൺപാത്രങ്ങളിൽ ആകുന്നു ഉള്ളത്." ആദ്യ അധ്യായത്തിൽ തന്നെ മൺപാത്രത്തിൽ ഉള്ള ഈ നിക്ഷേപം നാം കാണുന്നു. അവസാന അധ്യായം വരെ ഈ മൺപാത്രത്തെ നാം കണ്ടുമുട്ടിക്കൊണ്ടിരിക്കും. അതിലുള്ള നിക്ഷേപത്തെയും (2 കൊരി. 1:8-9; 4:7-10; 6:8-10; 12:7-10).

വ്യക്തിപരമായ കാര്യങ്ങളെ ഏറ്റവും കൂടുതൽ വെളിപ്പെടുത്തുന്ന പുതിയ നിയമപുസ്തകങ്ങളിലൊന്നാണ് 2 കൊരിന്ത്യർ. മറ്റു ലേഖനങ്ങൾ ദൈവത്തെക്കുറിച്ചുള്ള വെളിപ്പാടു നമുക്കു തരുന്നു. എന്നാൽ 2 കൊരിന്ത്യർ ദൈവിക വെളിപ്പാടുകൾ തരുന്ന മനുഷ്യൻ ഏതു തരത്തിലുള്ള ആളാണെന്നു നമ്മെ കാണിക്കുന്നു. ഈ ലേഖനം നമുക്കു ലഭിച്ചിരുന്നില്ലെങ്കിലും പൗലൊസ് തികച്ച വേലയെക്കുറിച്ചു നാം മനസ്സിലാക്കുമായിരുന്നു. പക്ഷേ ഏതു തരത്തിലുള്ള മനുഷ്യനാണ് ഈ വലിയ വേല ചെയ്തതെന്നു നാം അറിയാതെ പോകുമായിരുന്നു. ഈ വേല ചെയ്ത പൗലൊസ് ഒരു മൺപാത്രമായിരുന്നു.

**മാതൃകാ ക്രിസ്ത്യാനി**

ഞാൻ ഒരു ക്രിസ്ത്യാനി ആയപ്പോൾ, ഒരു ക്രിസ്ത്യാനി എങ്ങനെയായിരിക്കണം എന്നതിനെക്കുറിച്ച് എനിക്ക് എന്റേതായ ചില ധാരണകൾ ഉണ്ടായിരുന്നു. അതിനൊപ്പം ആയിത്തീരുവാൻ ഞാൻ ശ്രമിക്കുകയും ചെയ്യുമായിരുന്നു. എന്റെ ധാരണയ്ക്കൊത്ത നിലവാരത്തിൽ എത്തിയാൽ മാത്രമേ ഒരു ക്രിസ്ത്യാനി പൂർണ്ണനായി എന്നു കരുതാനാവൂ എന്നു ഞാൻ സങ്കല്പിച്ചു. പൂർണതയിലേക്കു വളരുന്ന ഒരു ഉത്തമ ക്രിസ്ത്യാനി സദാ പുഞ്ചിരിക്കുന്നവനായിരിക്കണം. എപ്പോഴെങ്കിലും

അവൻ ദുഃഖത്തിന്റെ ഒരു തുള്ളി കണ്ണീർ തൂകിപ്പോയാൽ വിജയം അവിടെ അവസാനിച്ചു. അതു പോലെ തികഞ്ഞ ധൈര്യവാനായിരിക്കണം. ഏതെങ്കിലും സാഹചര്യത്തിൽ അവനിൽ ഭയത്തിന്റെ ഒരു ലാഞ്ഛന കണ്ടാൽ പിന്നെ അവന്റെ വിശ്വാസവും ദൈവാശ്രയവും പൂർണ്ണതയുമൊക്കെ നഷ്ടപ്പെട്ടതായി വേണം കണക്കാക്കാൻ... ഇങ്ങനെ പോയി എന്റെ ചിന്തകൾ.

**മനുഷ്യനായ പൗലൊസ്**

യഥാർഥ ക്രിസ്ത്യാനിയെക്കുറിച്ചുള്ള ഇത്തരം ചിന്തകൾ പുലർത്തിയിരുന്ന കാലത്തു ഞാൻ ഒരു ദിവസം 2 കൊരിന്ത്യർ വായിക്കുകയായിരുന്നു. വായിച്ചു വന്നപ്പോൾ പൗലൊസ് താൻ ദുഃഖിക്കുന്നു എന്നു പറയുന്ന ഒരു വേദഭാഗത്തു വന്ന് എന്റെ വായന തട്ടിത്തടഞ്ഞു നിന്നുപോയി. പൗലൊസ് ദുഃഖിക്കുകയോ? അപ്പോൾ, താൻ ധാരാളം കണ്ണീരൊഴുക്കുന്നുവെന്നും പൗലൊസു പറഞ്ഞ മറ്റൊരു ഭാഗം കണ്ടു. ഞാൻ ചിന്തിച്ചു പൗലൊസ് സത്യത്തിൽ കരഞ്ഞോ? പൗലൊസ് സമ്മർദ്ദത്തിലായതായും ചിന്താക്കുഴപ്പത്തിൽ പെട്ടതായും വേറൊരിടത്തു വായിച്ചു., 'ജീവനോടിരിക്കുമോ എന്നു നിരാശ തോന്നുമാറ് ഞങ്ങൾ ശക്തിക്കുമീതെ അത്യന്തം ഭാരപ്പെട്ടു' എന്നു മറ്റൊരു ഭാഗവും കാണുവാനിടയായതോടെ ഞാൻ ആകെ അമ്പരന്നുപോയി. പൗലൊസ് നിരാശപ്പെടുകയോ? പൗലൊസിനെപ്പോലെ ഒരുവന് ഇത്തരം അനുഭവം ഉണ്ടാകുമെന്ന് ഞാൻ കരുതിയിരുന്നതേ ഇല്ല. എന്നാൽ വായന തുടർന്നപ്പോൾ ഒരു സത്യം ഞാൻ മനസ്സിലാക്കി: ക്രിസ്ത്യാനികൾ മാലാഖമാരുടെ ഗണത്തിൽപ്പെടുന്ന പ്രത്യേക ജീവികളൊന്നും അല്ല. പൗലൊസും വ്യത്യസ്തനല്ല. എനിക്കറിയാവുന്ന മറ്റു മനുഷ്യരെപ്പോലെ ഒരു മനുഷ്യനാണ് പൗലൊസും എന്നു ഞാൻ കണ്ടെത്തി.

> അവൻ ബലഹീനനാണെന്ന് അവൻ പ്രഖ്യാപിക്കുന്നു. തന്റെ ശരീരത്തിൽ അവൻ യേശുവിന്റെ മരണം വഹിക്കുന്നതു നിങ്ങൾക്കു കാണാം. എന്നാൽ യേശുവിന്റെ ജീവൻ തന്റെ ശരീരത്തിൽ വെളിപ്പെടുന്നുവെന്ന് അവൻ പറയുന്നു. അവൻ 'ചതിയ'നാണെന്നു തോന്നും. എന്നാൽ സത്യവാനാണ്. 'ആരും അറിയാത്തവൻ' എന്നിട്ടും 'എല്ലാവരും നല്ലവണ്ണം അറിയുന്നവൻ.' 'ദരിദ്രൻ' എങ്കിലും 'പലരേയും സമ്പന്നനാക്കുന്നവൻ.' 'ഒന്നും ഇല്ലാത്തവൻ' എങ്കിലും 'എല്ലാം കൈവശമുള്ളവൻ.' ഇവനാണ് ക്രിസ്ത്യാനി.

ഈ മനുഷ്യനും ഭയപ്പെട്ടു പോകുന്നു. പക്ഷേ അവൻ ശക്തനാണ്. ശത്രുക്കളാൽ വലയം ചെയ്യപ്പെടുന്നു. എന്നാൽ നിയന്ത്രിക്കപ്പെടുന്നില്ല. തോല്പിക്കപ്പെട്ടതായി തോന്നുന്നു. അതേസമയം നശിപ്പിക്കപ്പെടുന്നില്ല. അവൻ ബലഹീനനാണെന്ന് അവൻ പ്രഖ്യാപിക്കുന്നു. തന്റെ ശരീരത്തിൽ അവൻ യേശുവിന്റെ മരണം വഹിക്കുന്നതു നിങ്ങൾക്കു കാണാം. എന്നാൽ യേശുവിന്റെ ജീവൻ തന്റെ ശരീരത്തിൽ വെളിപ്പെടുന്നുവെന്ന് അവൻ

പൗലൊസ് എല്ലാ അർത്ഥത്തിലും ഒരു മനുഷ്യൻ ആയിരുന്നിട്ടും ദൈവജീവൻ അവനിൽ എത്രയോ ആകർഷകമാംവിധം വിളങ്ങി. പൗലൊസ് കേവലം ഒരു യന്ത്രമായിരുന്നില്ല. വികാരവിചാരങ്ങളുള്ള മനുഷ്യൻ ആയിരുന്നു. അതികഠിനമായ ദുഃഖമോ മതിമറന്ന ആഹ്ലാദമോ അവനില്ലായിരുന്നു എന്നത് നേര്. എന്നാൽ അവൻ സങ്കടപ്പെടുകയും സന്തോഷിക്കുകയും ചെയ്യുമായിരുന്നു. കണ്ണീരിനിടയിലൂടെയും പുഞ്ചിരിക്കാൻ കഴിയും എന്നതാണ് ക്രിസ്തീയതയുടെ പ്രത്യേകത.

പറയുന്നു. അവൻ 'ചതിയ'നാണെന്നു തോന്നും. എന്നാൽ സത്യവാനാണ്. 'ആരും അറിയാത്തവൻ' എന്നിട്ടും 'എല്ലാവരും നല്ലവണ്ണം അറിയുന്നവൻ.' 'ദരിദ്രൻ' എങ്കിലും 'പലരേയും സമ്പന്നനാക്കുന്നവൻ.' 'ഒന്നും ഇല്ലാത്തവൻ' എങ്കിലും 'എല്ലാം കൈവശമുള്ളവൻ.' ഇവനാണ് ക്രിസ്ത്യാനി.

**ആത്മീയ വൈരുദ്ധ്യം**

ഒരു ക്രിസ്ത്യാനി എന്താണെന്നു നിങ്ങൾക്കറിയാമോ? അടിസ്ഥാനപരമായ ഒരു വൈരുദ്ധ്യം അവനിലുണ്ട്. അവനിൽ സഹജമായ ഈ വൈരുദ്ധ്യം ദൈവത്തിൽ നിന്നുള്ളതാണ്. ചിലരുടെ ചിന്ത ക്രിസ്തീയതയിൽ 'നിക്ഷേപം' മാത്രമേ ഉള്ളു 'മൺപാത്രം' ഇല്ല എന്നാണ്. എവിടെയെങ്കിലും 'മൺപാത്ര'ത്തെ കണ്ടുമുട്ടുവാൻ ഇടയായാൽ എല്ലാം തെറ്റിപ്പോയി എന്നവർക്കു തോന്നും. എന്നാൽ ദൈവത്തിന്റെ വഴികൾ മനുഷ്യരുടേതിൽ നിന്നു വ്യത്യസ്തമാണ്. 'ഈ നിക്ഷേപം മൺപാത്രങ്ങളിൽ പകരാം' എന്നു ദൈവം തീരുമാനിച്ചു. അതുകൊണ്ട് എവിടെങ്കിലും 'മൺപാത്രം' വെളിവായാൽ കാര്യമെല്ലാം തകരാറിലായി എന്നു കരുതരുത്. 'മൺപാത്ര'ത്തെ ഇല്ലാതാക്കുക എന്നതല്ല ദൈവത്തിന്റെ ഉദ്ദേശ്യം. മറിച്ച് അതിൽ 'നിക്ഷേപം' നിറയ്ക്കുക എന്നതാണ്. എല്ലായിടത്തും നിക്ഷേപം മൺപാത്രത്തിലേ കണ്ടെത്താനാകൂ.

നിക്ഷേപം നിറയ്ക്കാൻ കഴിയാത്തവിധം മൺമയമായ പാത്രം ഒരാൾക്കുമില്ല. സത്യത്തിൽ മൺപാത്രത്തിൽ ഇരിക്കുന്നതുകൊണ്ടാണ് നിക്ഷേപത്തിന്റെ സൗന്ദര്യം കൂടുതൽ പ്രകടമാകുന്നത്. പൗലൊസ് എല്ലാ അർത്ഥത്തിലും ഒരു മനുഷ്യൻ ആയിരുന്നിട്ടും ദൈവജീവൻ അവനിൽ എത്രയോ ആകർഷകമാംവിധം വിളങ്ങി. പൗലൊസ് കേവലം ഒരു യന്ത്രമായിരുന്നില്ല. വികാരവിചാരങ്ങളുള്ള മനുഷ്യൻ ആയിരുന്നു. അതികഠിനമായ ദുഃഖമോ മതിമറന്ന ആഹ്ലാദമോ അവനില്ലായിരുന്നു എന്നത് നേര്. എന്നാൽ അവൻ സങ്കടപ്പെടുകയും സന്തോഷിക്കുകയും ചെയ്യുമായിരുന്നു. കണ്ണീരിനിടയിലൂടെയും പുഞ്ചിരിക്കാൻ കഴിയും എന്നതാണ് ക്രിസ്തീയതയുടെ പ്രത്യേകത.

യഥാർത്ഥ ക്രിസ്ത്യാനികളെ കണ്ടുമുട്ടുമ്പോൾ അവരിൽ 'മൺപാത്ര'ത്തിന്റെ അംശം ഒന്നും നാം പ്രതീക്ഷിക്കുന്നില്ലെങ്കിലും അവരുടെ വ്യക്തിത്വത്തിന്റെ പ്രത്യേകത നാം

തിരിച്ചറിയും. സ്വയമേ അവർ ഏതു തരക്കാരാണെന്നും എന്നാൽ ക്രിസ്തുവിൽ അവർ എങ്ങനെയുള്ളവരാണെന്നും നമുക്കു മനസ്സിലാക്കാൻ കഴിയും. എല്ലാറ്റിനും വേഗം പ്രതികരിക്കുന്ന ഒരു സഹോദരിയെ എനിക്കറിയാം. വർത്തമാനത്തിൽ, ശാസനയിൽ, കത്തെഴുതുന്നതിൽ, എഴുതിയ കത്തു കീറിക്കളയുന്നതിൽ... എന്നുവേണ്ട എല്ലാറ്റിനും അവൾ ഒന്നാമതായിരുന്നു. ഏതു തരത്തിലുള്ള വ്യക്തിയാണ് അവളെന്നു നിങ്ങൾക്കു വേഗം മനസ്സിലാകും. പക്ഷേ അവളിലുള്ള ദൈവകൃപയും വേഗം തിരിച്ചറിയാം. പരിശോധനകളുടെ മുമ്പിലെ അവളുടെ ക്ലേശം നിങ്ങൾക്കു മനസ്സിലാകും. അതേസമയം അവളുടെ ആത്മീയ സമ്പന്നതയും നിങ്ങൾക്കു കണ്ടെത്താം. 'മൺപാത്ര'ത്തിൽ പകർന്നിരിക്കുന്ന 'നിക്ഷേപം' നിങ്ങൾക്കു കാണാം.

പലരും തങ്ങൾ ചില കാര്യങ്ങൾക്കു വേണ്ടി പ്രാർഥിക്കുന്നതിനെക്കുറിച്ച് എന്നോടു പറയാറുണ്ട്. ദൈവം പ്രാർഥന കേട്ടെന്നും തങ്ങളുടെ അപേക്ഷകൾ അനുവദിച്ചുവെന്നും അവർക്കു തികഞ്ഞ ഉറപ്പാണ്. എന്നിട്ടും ഒന്നും സംഭവിക്കുന്നില്ല. എന്തുകൊണ്ട്? കാരണം, അവരുടെ വിശ്വാസം വളരെ 'അത്യുന്നത'മായ വിശ്വാസമാണ്. നിക്ഷേപം മൺപാത്രത്തിലല്ല പകരപ്പെട്ടിരിക്കുന്നത്.

എന്നാൽ മറ്റുചിലർ, ദൈവത്തെ വിശ്വസിക്കുമ്പോഴും തങ്ങൾക്ക് അനുഭവപ്പെടുന്ന ഭയവും സംശയവും എന്നോടു പങ്കിടാറുണ്ട്. അവർ തങ്ങളുടെ ആവശ്യങ്ങൾ ദൈവമുമ്പാകെ വയ്ക്കുന്നു. ദൈവിക വാഗ്ദാനങ്ങളെ മുറുകെപ്പിടിക്കുന്നു. എന്നിട്ടും സംശയങ്ങൾ ഉയരുന്നു.

> ചിലർ, ദൈവത്തെ വിശ്വസിക്കുമ്പോഴും തങ്ങൾക്ക് അനുഭവപ്പെടുന്ന ഭയവും സംശയവും എന്നോടു പങ്കിടാറുണ്ട്. അവർ തങ്ങളുടെ ആവശ്യങ്ങൾ ദൈവമുമ്പാകെ വയ്ക്കുന്നു. ദൈവിക വാഗ്ദാനങ്ങളെ മുറുകെപ്പിടിക്കുന്നു. എന്നിട്ടും സംശയങ്ങൾ ഉയരുന്നു. യഥാർത്ഥ വിശ്വാസം എന്ന നിക്ഷേപം സംശയം എന്ന മൺപാത്രത്തിലാണ് നിറച്ചിരിക്കുന്നത്. എന്നാൽ മൺപാത്രം നിക്ഷേപത്തെ ഇല്ലാതാക്കുന്നില്ല. മാത്രമല്ല ഈ സാഹചര്യത്തിൽ നിക്ഷേപം മൺപാത്രത്തിൽ കൂടുതൽ ശോഭിക്കുന്നു.

യഥാർത്ഥ വിശ്വാസം എന്ന നിക്ഷേപം സംശയം എന്ന മൺപാത്രത്തിലാണ് നിറച്ചിരിക്കുന്നത്. എന്നാൽ മൺപാത്രം നിക്ഷേപത്തെ ഇല്ലാതാക്കുന്നില്ല. മാത്രമല്ല ഈ സാഹചര്യത്തിൽ നിക്ഷേപം മൺപാത്രത്തിൽ കൂടുതൽ ശോഭിക്കുന്നു. ഞാൻ സംശയിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുകയാണെന്ന് ദയവായി ധരിക്കരുതേ. ഒരു കാര്യം വ്യക്തമാക്കാനാണ് ഞാൻ ശ്രമിക്കുന്നത്. ക്രിസ്തീയത എന്നതു നിക്ഷേപം മാത്രമല്ല, മൺപാത്രം മാത്രവുമല്ല, മറിച്ചു നിക്ഷേപം മൺപാത്രത്തിലാണ്.

ക്രിസ്തീയ ജീവിതത്തിൽ മൺപാത്രം തെളിഞ്ഞുകാണും. എന്നാൽ മൺപാത്രമല്ല അതിലെ നിക്ഷേപമാണു പ്രധാനം. സാധാരണ ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം വിശ്വാസം ദൈവത്തിങ്കലേക്ക് ഉയരുമ്പോൾ ഒപ്പം 'തനിക്കു തെറ്റിപ്പോയോ' എന്ന സംശയവും ഉയരുന്നതായി കാണാം. കർത്താവിൽ അവൻ ശക്തനായിരിക്കുമ്പോൾ തന്നെ കഴിവില്ലായ്മയെക്കുറിച്ചും അവനു ബോധ്യമുണ്ട്. ധീരനായിരിക്കുമ്പോൾ തന്നെ തന്നിലുള്ള ഭീരുത്വത്തെക്കുറിച്ച് അവന് അറിയാം. ഏറ്റവും സന്തോഷവാനായിരിക്കുമ്പോൾ തന്നെ ഒരു വ്യഥ അവനിലുണ്ട്.

കാരാഗൃഹത്തിൽ നിന്നു പത്രൊസ് വിടുവിക്കപ്പെടേണ്ടതിനുവേണ്ടി പ്രാർത്ഥിച്ച ആദിമസഭയെക്കുറിച്ചു ഞാൻ ചിന്തിക്കാറുണ്ട്. പത്രൊസ് ജയിലിൽ നിന്നു വിടുവിക്കപ്പെട്ടു വന്നു കതകിൽ മുട്ടിയപ്പോഴും വിശ്വാസികൾ പറഞ്ഞതെന്താണ്? അത് അവന്റെ ദൂതനാണെന്നാണ്? ഇവിടെ നിങ്ങൾ ഒരു കാര്യം ശ്രദ്ധിച്ചോ. അവർക്കു വിശ്വാസം ഉണ്ടായിരുന്നു. യഥാർത്ഥമായ വിശ്വാസം. ദൈവത്തിൽ നിന്നു മറുപടി ലഭിക്കത്തക്ക വിശ്വാസം. എന്നാൽ മാനുഷികമായ ബലഹീനതയും അവിടെ ഉണ്ടായിരുന്നു. അതു വെളിവാകുകയും ചെയ്തു.

ഒന്നാം നൂറ്റാണ്ടിൽ മർക്കോസിന്റെ അമ്മ മറിയയുടെ വീട്ടിൽ പത്രൊസിന്റെ മോചനത്തിനായി പ്രാർത്ഥിച്ചുകൊണ്ടിരുന്ന വിശ്വാസികളുടേതിനെ അതിശയിക്കുന്നതാണ് ഇന്നുള്ള പലരുടേയും വിശ്വാസം. അവർക്കു കാര്യങ്ങളെക്കുറിച്ചെല്ലാം തികഞ്ഞ ഉറപ്പുണ്ട്. ദൈവം ദൂതനെ അയയ്ക്കുമെന്നും കാരാഗൃഹത്തിന്റെ വാതിലുകൾ മലർക്കെ തുറക്കുമെന്നും അവർക്കു തീർച്ചയുണ്ട്. അതുകൊണ്ടു കാറ്റു വന്നു കതകിൽ മുട്ടിയാൽ അതു പത്രൊസാണെന്ന് അവർക്കു തോന്നും. മഴത്തുള്ളികൾ ജനൽപാളിയിൽ അടിച്ചാൽ അതാ പത്രൊസ് വീണ്ടും കതകിൽ മുട്ടുന്നു. അവർ എന്തും കണ്ണടച്ചു വിശ്വസിക്കുന്നവരാണ്. അവരുടെ വിശ്വാസം യഥാർത്ഥമല്ല.

ക്രിസ്തീയ ജീവിതത്തിൽ മൺപാത്രം തെളിഞ്ഞുകാണും. എന്നാൽ മൺപാത്രമല്ല അതിലെ നിക്ഷേപമാണു പ്രധാനം. സാധാരണ ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം വിശ്വാസം ദൈവത്തിങ്കലേക്ക് ഉയരുമ്പോൾ ഒപ്പം 'തനിക്കു തെറ്റിപ്പോയോ' എന്ന സംശയവും ഉയരുന്നതായി കാണാം. കർത്താവിൽ അവൻ ശക്തനായിരിക്കുമ്പോൾ തന്നെ കഴിവില്ലായ്മയെക്കുറിച്ചും അവനു ബോധ്യമുണ്ട്. ധീരനായിരിക്കുമ്പോൾ തന്നെ തന്നിലുള്ള ഭീരുത്വത്തെക്കുറിച്ച് അവന് അറിയാം. ഏറ്റവും സന്തോഷവാനായിരിക്കുമ്പോൾ തന്നെ ഒരു വ്യഥ അവനിലുണ്ട്. ഈ വൈരുദ്ധ്യം വെളിവാക്കുന്നത് നിക്ഷേപം മൺപാത്രത്തിലാണ് എന്നുള്ളതാണ്. *(തുടരും)*

ദൈവം യോജിപ്പിച്ചത്

## മോളിയും ജോൺ വെസ്‌ലിയും

# രണ്ടാൾ, രണ്ടു വഴി



**അജയ് ജോർജ്**

**വില്യം** ബൂത്തിനെപ്പോലെ പതിനായിരങ്ങൾക്കു പ്രചോദനമായിരുന്ന ഒരു ദൈവദാസന്റെ കുടുംബത്തെക്കുറിച്ചാകാം ഇനി. ലോകമെമ്പാടും പടർന്നു പിടിച്ച മെതഡിസ്റ്റ് പ്രസ്ഥാനത്തിനു തുടക്കം കുറിച്ച ജോൺ വെസ്‌ലിയെയാണ് ഉദ്ദേശിച്ചത്. സുവിശേഷീകരണത്തിന്റെ പ്രസക്തിയും, വ്യക്തിപരമായി ഒരു വിശുദ്ധജീവിതം നയിക്കുന്നതിന്റെ പ്രാധാന്യവും സംബന്ധിച്ച് ഇന്ന് ആർക്കെങ്കിലും അഭിപ്രായ വ്യത്യാസമുണ്ടാകുമെന്നു തോന്നുന്നില്ല. എന്നാൽ ഈ ആശയങ്ങൾ ക്രൈസ്തവലോകത്ത് എന്നും പ്രചാരത്തിലുണ്ടായിരുന്നില്ല എന്നോർക്കണം. പരിശുദ്ധാത്മ നിയോഗത്താൽ സഭ അത് വീണ്ടും കണ്ടെത്തുകയായിരുന്നു. സഭാ ചരിത്രത്തിലെ ഇരുണ്ട കാലഘട്ടത്തിനുശേഷം ഇതെല്ലാം ആദ്യമായി വെളിപ്പെട്ടത് മൂന്നു നൂറ്റാണ്ടുകൾക്കു മുമ്പത്തെ ജോൺ വെസ്‌ലിയുടെ തലമുറയ്ക്കായിരുന്നു എന്നു നമുക്കറിയാം. നിർജീവമായിരുന്ന സഭയിൽ തീജ്വാലകളെന്നപോലെ അതു പടർന്നു പിടിക്കുകയും ലോകത്തെ സ്വാധീനിക്കുകയും ചെയ്തു. അക്കാലത്തു ജോണും ഇളയ സഹോദരൻ ചാൾസ് വെസ്‌ലിയും രചിച്ച എത്രയെത്ര സ്തുതിഗീതങ്ങൾ ആയിരങ്ങൾക്കു പ്രചോദനമായി ഇന്നും പള്ളികളിൽ പാടുന്നു!

എന്നാൽ മോളി ഗോൾഡ്ഹാക്ക് വാസേയ്ൽ വെസ്‌ലി എന്നൊരാളെ കേട്ടിട്ടുണ്ടോ? സാദ്ധ്യത കുറവാണ്. ജോൺ വെസ്‌ലിയുടെ പത്നിയായിരുന്നു. ഒരുപക്ഷേ, അവരെപ്പറ്റി കൂടുതൽ അറിഞ്ഞാൽ, അങ്ങനെയൊരാളെ പരിചയപ്പെടേണ്ടിയിരുന്നില്ല എന്നുപോലും തോന്നിപ്പോവാം. ദൈവദാസന്മാർക്ക് ഇങ്ങനെയുമൊരു ജീവിതമോ എന്നു നമ്മൾ അത്ഭുതപ്പെടും. വിവാഹത്തെപ്പറ്റിയുള്ള സുവർണ്ണ സങ്കല്പങ്ങളെല്ലാം തകിടം മറിക്കുന്ന ഒന്നായി മോളിയുടെയും ജോണിന്റെയും ജീവിതം മാറിയതെങ്ങനെ? ഒരു വിധത്തിൽ ചിന്തിച്ചാൽ അങ്ങനെയൊക്കെത്തന്നെ ആകാനേ സാധ്യതയുണ്ടായിരുന്നുള്ളൂ എന്നു പറയാം. ഒരാളെ മാത്രം കുറ്റപ്പെടുത്തുന്നതും ശരിയല്ല. അനുകരിക്കേണ്ടതില്ലാത്ത അവരുടെ ജീവിതത്തിൽ നിന്ന് ഒഴിവാക്കപ്പെടേണ്ട ചില കാര്യങ്ങളെപ്പറ്റിയുള്ള

**മോളി ഗോൾഡ്ഹാക്ക് വാസേയ്ൽ വെസ്‌ലി എന്നൊരാളെ കേട്ടിട്ടുണ്ടോ? സാദ്ധ്യത കുറവാണ്. ജോൺ വെസ്‌ലിയുടെ പത്നിയായിരുന്നു. ഒരുപക്ഷേ, അവരെപ്പറ്റി കൂടുതൽ അറിഞ്ഞാൽ, അങ്ങനെയൊരാളെ പരിചയപ്പെടേണ്ടിയിരുന്നില്ല എന്നുപോലും തോന്നിപ്പോവാം. ദൈവദാസന്മാർക്ക് ഇങ്ങനെയുമൊരു ജീവിതമോ എന്നു നമ്മൾ അത്ഭുതപ്പെടും. വിവാഹത്തെപ്പറ്റിയുള്ള സുവർണ്ണ സങ്കല്പങ്ങളെല്ലാം തകിടം മറിക്കുന്ന ഒന്നായി മോളിയുടെയും ജോണിന്റെയും ജീവിതം മാറിയതെങ്ങനെ?**

ഉൾക്കാഴ്ച ലഭിക്കാനിടയുണ്ടെന്ന് തോന്നുന്നു. ആ വിധത്തിൽ അതു നല്ലത്.

നമുക്ക് അനാമികയായ ഇയ്യോബിന്റെ ഭാര്യയെപ്പോലെയും സോക്രട്ടീസിന്റെ പത്നി 'സാന്തിപ്പെ'യുമൊക്കെപോലെയും ചരിത്രത്തിലെ നികൃഷ്ട ഭാര്യമാരോടൊപ്പം നിസ്സംശയം ഇരിപ്പുറപ്പിക്കാൻ കഴിയുമായിരുന്ന ആളായിരുന്നു മോളി വെസ്‌ലിയെന്ന് ഒരു ചരിത്രകാരൻ എഴുതുകയുണ്ടായി. അതു ശരിയെങ്കിൽ ചരിത്രത്തിലെ ഏറ്റവും മോശപ്പെട്ട ഭർത്താവ് ജോൺ വെസ്‌ലിയാണെന്നും പറയേണ്ടിവരുമെന്ന് വേറൊരു പണ്ഡിതൻ വാദിച്ചു. രണ്ടും ശരിയല്ല എന്ന് പറയാനേ നമുക്കു സാധിക്കൂ. നേരിന്റെ കണികകൾ ഇതിലൊക്കെയുണ്ടാകാം. കേൾവികൾ പലതും അസത്യവുമാകാം. ജോണിന്റെ നീളമുള്ള മുടിക്കു പിടിച്ചു മോളി അദ്ദേഹത്തെ വീടിനുള്ളിൽ വലിച്ചിഴയ്ക്കുന്നതു കണ്ടുവെന്ന് ഒരാൾ പറഞ്ഞാൽ നമ്മളെന്തു ചെയ്യും? വിശ്വസിക്കുമോ അതോ അതൊക്കെ അസംഭവ്യം എന്നു പറഞ്ഞ് തള്ളിക്കളയുമോ? ഭാര്യയുടെ എതിർപ്പുകൾ ഒട്ടും കണക്കാക്കാതെ വെസ്‌ലി തന്റെ സഭാംഗങ്ങൾക്കു തുടർന്നും കത്തുകളെഴുതിയിരുന്നു എന്നു പറഞ്ഞുകേട്ടാലോ?

മെതഡിസ്റ്റ് പ്രസ്ഥാനത്തിലെ ഏറ്റവും പ്രഗത്ഭനും ഭയലേശമില്ലാതെ വചനം പ്രസംഗിക്കുന്നതിൽ അഗ്രഗണ്യനുമായിരുന്നു ജോൺ വെസ്‌ലി. ഇന്നത്തെപ്പോലുള്ള റോഡുകളും വാഹനങ്ങളും ഒന്നുമില്ലാതിരുന്ന അക്കാലത്തു 40,000 കിലോമീറ്റർ സുവിശേഷപ്രവർത്തനങ്ങൾക്കായി കുതിരപ്പുറത്തു സഞ്ചരിച്ചു എന്നു പറയുമ്പോൾ ഊഹിക്കാമല്ലോ. 'ഈ ലോകം മുഴുവനായും എന്റെ ഇടവകയാണെ'ന്ന് പറയുകയും ആ വീക്ഷണത്തോടെ പ്രവർത്തിക്കുകയും ചെയ്ത വെസ്‌ലി, ദിവസവും രാവിലെ നാലുമണിക്ക് മുന്നേ എഴുന്നേറ്റു മുഴങ്കാലിൽ പിതാവിന്റെ സന്നിധിയിൽ മണിക്കൂറുകൾ ധ്യാനനിരതനാവുകയും ചെയ്യുമായിരുന്നു. വെസ്‌ലിയുടെ കുടുംബജീവിതം പക്ഷേ, യുദ്ധക്കളമായിക്കിടന്നു. വിവാഹം കഴിഞ്ഞു നാലു വർഷമായപ്പോൾ, അനുജൻ ചാൾസിന് അദ്ദേഹം ഇങ്ങനെയെഴുതി: 'സ്നേഹമെന്നത് ചീഞ്ഞ് ഒലിച്ചു പോയിരിക്കുന്നു.'

വളരെ പ്രഗത്ഭനായൊരു മനുഷ്യനായിരുന്നു എന്തുകൊണ്ടും ജോൺ വെസ്‌ലി. ദൈവവും ഗംഭീരമായി



തന്റെ അമ്പത്തിമൂന്നു വർഷത്തെ ശുശ്രൂഷയ്ക്കിടയിൽ വെസ്‌ലി 42,000 പ്രസംഗങ്ങളെങ്കിലും ചെയ്തു കാണുമെന്നു കരുതപ്പെടുന്നു. മിക്കവാറും ദിവസങ്ങളിൽ നാലും അഞ്ചും യോഗങ്ങളുണ്ടാവും. മുപ്പതിനായിരം ആളുകൾ കൂടിയിരുന്ന മീറ്റിംഗുകൾ പലപ്പോഴുമുണ്ടായിട്ടുണ്ട്. എൺപത്തിഎട്ടാമത്തെ വയസ്സിൽ വെസ്‌ലി മരിക്കുമ്പോൾ ഒരുലക്ഷത്തി അമ്പത്തിമൂവായിരം വിശ്വാസികൾ മെതഡിസ്റ്റു പ്രസ്ഥാനത്തിന്റെ ഭാഗമായുണ്ടായിരുന്നു. അവിടെനിന്നും അത് യൂറോപ്പിന്റെ മറ്റു ഭാഗങ്ങളിലേക്കും അമേരിക്കയിലേക്കും അന്ന് വ്യാപിച്ചു കഴിഞ്ഞിരുന്നു.

ത്തന്നെ ജോണിനെ ഉപയോഗിച്ചു. തന്റെ അമ്പത്തിമൂന്നു വർഷത്തെ ശുശ്രൂഷയ്ക്കിടയിൽ വെസ്‌ലി 42,000 പ്രസംഗങ്ങളെങ്കിലും ചെയ്തു കാണുമെന്നു കരുതപ്പെടുന്നു. മിക്കവാറും ദിവസങ്ങളിൽ നാലും അഞ്ചും യോഗങ്ങളുണ്ടാവും. മുപ്പതിനായിരം ആളുകൾ കൂടിയിരുന്ന മീറ്റിംഗുകൾ പലപ്പോഴുമുണ്ടായിട്ടുണ്ട് (നമ്മുടെ നാട്ടിലല്ല 18-ാം നൂറ്റാണ്ടിലെ ഇംഗ്ലണ്ടിലാണെന്നോർ ക്കണം!). എൺപത്തിഎട്ടാമത്തെ വയസ്സിൽ വെസ്‌ലി മരിക്കുമ്പോൾ ഒരുലക്ഷത്തി അമ്പത്തിമൂവായിരം വിശ്വാസികൾ മെതഡിസ്റ്റു പ്രസ്ഥാനത്തിന്റെ ഭാഗമായുണ്ടായിരുന്നു. അവിടെനിന്നും അത് യൂറോപ്പിന്റെ മറ്റു ഭാഗങ്ങളിലേക്കും അമേരിക്കയിലേക്കും അന്ന് വ്യാപിച്ചു കഴിഞ്ഞിരുന്നു.

ഇത്രയൊക്കെ ദൈവത്തിനായി നേടാനായ മനുഷ്യന്റെ കുടുംബജീവിതം പക്ഷേ ദൈവേച്ഛ പ്രതിഫലിക്കുന്നതായിരുന്നില്ല എന്നു പറഞ്ഞേ പറ്റൂ. നാൽപത്തിയേഴു വയസ്സു വരെ വിവാഹം നീട്ടിക്കൊണ്ടു പോയതായിരിക്കാം ഇങ്ങനെയൊക്കെ സംഭവിക്കാനിടയായത്. തികച്ചും അനുയോജ്യരായ ഒരാളെ കണ്ടെത്താൻ കുറച്ചുകൂടി അദ്ദേഹം കാത്തിരിക്കണമായിരുന്നു എന്ന് അഭിപ്രായപ്പെട്ടവരും കുറവല്ല. ആളുകൾക്ക് എന്തും പറയാമല്ലോ. സത്യം ആരറിയുന്നു! ഇരുപത്തി അഞ്ചാം വയസ്സിലും, മുപ്പത്തിയഞ്ചിലും പിന്നീട് നാൽപ്പത്തിയഞ്ചു വയസ്സിൽപ്പോലും താൻ ഉടൻ വിവാഹിതനായേക്കും എന്നു തോന്നിപ്പിക്കുന്ന രീതിയിലുള്ള ആലോചനകൾ അദ്ദേഹത്തിനുണ്ടായിരുന്നു. ഓരോന്നിൽ നിന്നും അവസാനനിമിഷം പിൻമാറുകയായിരുന്നു. ആ മൂന്നു പേരിൽ ആരെ വിവാഹം കഴിച്ചിരുന്നെങ്കിലും പിന്നീടു തനിക്കു വന്നു ഭവിച്ച ജീവിതത്തേക്കാൾ നന്നായിരുന്നേനെ എന്നു നമുക്കു തോന്നിപ്പോവുന്നു. ഒരുപക്ഷേ വെസ്‌ലിക്കു സംതൃപ്തമായൊരു കുടുംബജീവിതം ഉണ്ടായിരുന്നെങ്കിൽ മെതഡിസ്റ്റ് പ്രസ്ഥാനത്തിന് അന്നുണ്ടായതുപോലുള്ള വരിയൊരു മുന്നേറ്റം സാദ്ധ്യമാകുമായിരുന്നോ എന്ന് സംശയിക്കാം. *(തുടരും)*



ബൈബിളിലൂടെ...
# 2 കൊരിന്ത്യർ

## അധ്യായം നാല്

# തേജസ്സുള്ള സുവിശേഷം

**രണ്ടു** കൊരിന്ത്യർ 4:1ൽ പൗലൊസ് തന്റെ ശുശ്രൂഷയെ വിശദീകരിക്കുന്നതു തുടരുന്നു: ‘‘ആകയാൽ ഞങ്ങൾക്ക് ഈ ശുശ്രൂഷ ലഭിച്ചിരിക്കുന്നതു കൊണ്ടു ഞങ്ങൾ അധൈര്യപ്പെടുന്നില്ല.” അധൈര്യപ്പെടുന്നില്ല എന്നു പറയുന്നതു നിരാശപ്പെടുന്നില്ലായെന്നു തന്നെയാണ്. പൗലൊസ് അപ്പൊസ്തലൻ പോലും നിരാശപ്പെടുവാൻ തക്കവണ്ണം പരീക്ഷിക്കപ്പെട്ടു. അതുകൊണ്ടു നിങ്ങളും നിരാശപ്പെടുവാൻ പരീക്ഷിക്കപ്പെട്ടാൽ അതിനെ കുറിച്ച് ആശ്ചര്യപ്പെടേണ്ടില്ല. ഞാനും നിരാശപ്പെടുവാൻ തക്കവണ്ണം പലത



*ഇന്നു സിനിമാ താരങ്ങളെപോലെ വേദിയിൽ നില്ക്കുന്ന ദൈവദാസന്മാരോടാണ് പലരും ആകർഷിക്കപ്പെടുന്നത്.*

വണ പരീക്ഷിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഞാനും പൗലൊസിനെപ്പോലെ ഇങ്ങനെ പറഞ്ഞിട്ടുണ്ട്. "ഞങ്ങളുടെ ദൃഷ്ടി യേശുവിൽ തന്നെ വച്ചിരിക്കയാലും ദൈവം ഞങ്ങൾക്കു നൽകിയിരിക്കുന്ന മഹത്തായ ശുശ്രൂഷയെക്കുറിച്ചുള്ള ചിന്തയാലും ഞങ്ങൾ നിരാശപ്പെടുന്നില്ല." അതിനാൽ നമ്മുടെ ദൃഷ്ടി കർത്താവിൽ തന്നെയാണെങ്കിൽ നാം നിരാശപ്പെടുവാനായി പരീക്ഷിക്കപ്പെട്ടാലും ഒരിക്കലും നിരാശപ്പെടുകയില്ല.

4:2ൽ പൗലൊസ് പറയുന്നു: "ലജ്ജാകരമായ രഹസ്യങ്ങളെ ഞങ്ങൾ പരിത്യജിക്കുന്നു. ചതിവു പ്രയോഗിക്കുകയോ ദൈവവചനം കോട്ടിക്കളയുകയോ ചെയ്യുന്നില്ല" നിങ്ങൾക്കു ദൈവത്തെ സേവിക്കണമെങ്കിൽ നിങ്ങളുടെ ജീവിതത്തിൽ ലജ്ജാകരമായി, മറച്ചു വയ്ക്കേണ്ട, ഒരു കാര്യവുമുണ്ടാകുവാൻ പാടില്ല. അങ്ങനെയെന്തെങ്കിലുമുണ്ടെങ്കിൽ ഏറ്റുപറഞ്ഞു ദൈവമുമ്പാകെ കഴുകൽ പ്രാപിക്കുക. നിങ്ങളുടെ ജീവിതം സുതാര്യമായിരിക്കണം. പുതിയ നിയമ ശുശ്രൂഷകന്റെ പ്രധാനപ്പെട്ട ഒരു യോഗ്യതയാണത്. എന്താണ് ചതി പ്രയോഗിക്കുക എന്നത്? 'പ്രാർത്ഥന ആവശ്യപ്പെട്ടുള്ള കത്ത്' എന്ന പേരിൽ ആളുകളിൽ നിന്നും പണം ലഭിക്കണമെന്ന ലക്ഷ്യത്തോടെ കത്തയയ്ക്കുമ്പോൾ നിങ്ങൾ ചതിയനാവുകയാണ്. പണം ആവശ്യപ്പെട്ടുള്ള കത്ത് എന്നു തന്നെ അതിനെ വിളിക്കാനുള്ള സത്യസന്ധതയുണ്ടാകണം. ഇത്തരം അനേകം സത്യസന്ധതയില്ലായ്മ ക്രിസ്തീയ വേലക്കാരുടെ ഇടയിൽ കാണുന്നു. ആളുകളോടു പണം ആവശ്യപ്പെടണമെന്നുണ്ടെങ്കിൽ അതു ചെയ്യുക. പക്ഷേ അത്തരമൊരു

'പ്രാർത്ഥന ആവശ്യപ്പെട്ടുള്ള കത്ത്' എന്ന പേരിൽ ആളുകളിൽ നിന്നും പണം ലഭിക്കണമെന്ന ലക്ഷ്യത്തോടെ കത്തയയ്ക്കുമ്പോൾ നിങ്ങൾ ചതിയനാവുകയാണ്. പണം ആവശ്യപ്പെട്ടുള്ള കത്ത് എന്നു തന്നെ അതിനെ വിളിക്കാനുള്ള സത്യസന്ധതയുണ്ടാകണം. ഇത്തരം അനേകം സത്യസന്ധതയില്ലായ്മ ക്രിസ്തീയ വേലക്കാരുടെ ഇടയിൽ കാണുന്നു. ആളുകളോടു പണം ആവശ്യപ്പെടണമെന്നുണ്ടെങ്കിൽ അതു ചെയ്യുക. പക്ഷേ അത്തരമൊരു കത്തിനു വിശുദ്ധമായ പേരു നൽകുന്നത്, ഇതു ചതിയുടെ ഒരു ഉദാഹരണം മാത്രമാണ്.

കത്തിനു വിശുദ്ധമായ പേരു നൽകുന്നത്, ഇതു ചതിയുടെ ഒരു ഉദാഹരണം മാത്രമാണ്. പൗലൊസ് പറയുന്നു "ഞങ്ങൾ അവയെല്ലാം പരിത്യജിക്കുന്നു. അവയൊന്നും ഞങ്ങളുടെ ജീവിതത്തിൽ വേണ്ട. ഞങ്ങളെ തന്നെ വിധിക്കുവാനും ഞങ്ങളുടെ ജീവിതത്തിൽ നിന്നും അവയെല്ലാം കഴുകി ശുദ്ധമാക്കുവാനുമാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. അങ്ങനെ എല്ലാ മനുഷ്യരുടെയും മുമ്പാകെ സ്വീകാര്യരായിരിക്കുവാനാണ് ആഗ്രഹിക്കുന്നത്."

പിന്നീട് പൗലൊസ് സുവിശേഷ

**പുതിയനിയമത്തിൽ ദൈവം ഉപയോഗിച്ചത് പൗലൊസിനെപ്പോലെ ദരിദ്രനും ഒട്ടും മതിപ്പുളവാക്കാത്തവനും ആയ ഒരുവനെയാണ്. അപ്പൊസ്തലനായ പൗലൊസ് 4 അടി 11 ഇഞ്ച് മാത്രം ഉയരമുള്ളവനും പരന്ന മൂക്കും കഷണ്ടിത്തലയും ഉള്ള ഒരുവനുമായിരുന്നു എന്നാണ് പറയപ്പെടുന്നത്. പലപ്പോഴും അദ്ദേഹം രോഗിയുമായിരുന്നു. പ്രസംഗിക്കുവാൻ എഴുന്നേൽക്കുമ്പോൾ ആരെയും ആകർഷിക്കുന്ന ഒരു വ്യക്തിത്വമായിരുന്നില്ല പൗലൊസ്. എന്നാൽ ഈ മനുഷ്യനെ ഉപയോഗിച്ചാണ് ദൈവം ഈ ഭൂമിയെ കീഴ്മേൽ മറിച്ചത്.**

മെന്താണെന്നു വിശദീകരിച്ചു തുടങ്ങുന്നു. പല ആളുകൾക്കും സുവിശേഷം മനസ്സിലാക്കുവാൻ സാധിക്കുന്നില്ല. സാത്താൻ (ഈ ലോകത്തിന്റെ ദൈവം) അവരുടെ കണ്ണു കെട്ടിയതു കാരണം അവർക്കത് കാണാൻ സാധിക്കുന്നില്ല. ഈ ഭൂമിയിൽ ലഭിക്കാവുന്ന യഥാർത്ഥ നിധിയാണ് ദൈവതേജസ്സ് എന്നു പൗലൊസ് ഇവിടെ പറയുന്നു (6-ാം വാക്യം). ഉല്പത്തി 1-ാം അദ്ധ്യായത്തിൽ 'വെളിച്ചം പ്രകാശിക്കട്ടെ' എന്നു ദൈവം കല്പിച്ചതുപോലെ ഇന്നും നമ്മുടെ ഹൃദയങ്ങളിൽ ദൈവം തേജസ്സിനെ പ്രകാശിപ്പിച്ചിരിക്കുന്നു. ഈ പ്രകാശം മൺപാത്രങ്ങളിലാണ് ലഭിച്ചിരിക്കുന്നത് (7-ാം വാക്യം) ജീവിതാന്ത്യം വരെ നാം മൺപാത്രങ്ങൾ മാത്രമാണ്. ഈ പാത്രത്തെ സംബന്ധിച്ച ഏക ആകർഷണം ഇതിൽ ദൈവതേജസ്സുണ്ട് എന്നതാണ്.

പഴയനിയമത്തിൽ ദാവീദും അബ്രഹാമും വളരെ സമ്പത്തുള്ളവരായിരുന്നു. ഇത് ലോകപ്രകാരമുള്ള ഒരു മഹത്വമാണ്. കാരണം എല്ലാ മനുഷ്യരും അവരുടെ സമ്പത്തിൽ മഹത്വമെടുക്കുന്നു. എന്നാൽ പുതിയനിയമത്തിൽ ദൈവം ഉപയോഗിച്ചത് പൗലൊസിനെപ്പോലെ ദരിദ്രനും ഒട്ടും മതിപ്പുളവാക്കാത്തവനും ആയ ഒരുവനെയാണ്. അപ്പൊസ്തലനായ പൗലൊസ് 4 അടി 11 ഇഞ്ച് മാത്രം ഉയരമുള്ളവനും പരന്ന മൂക്കും കഷണ്ടിത്തലയും ഉള്ള ഒരുവനുമായിരുന്നു എന്നാണ് പറയപ്പെടുന്നത്. പലപ്പോഴും അദ്ദേഹം രോഗിയുമായിരുന്നു. പ്രസംഗിക്കുവാൻ എഴുന്നേൽക്കുമ്പോൾ ആരെയും ആകർഷിക്കുന്ന ഒരു വ്യക്തിത്വമായിരുന്നില്ല പൗലൊസ്. എന്നാൽ ഈ മനുഷ്യനെ ഉപയോഗിച്ചാണ് ദൈവം ഈ ഭൂമിയെ കീഴ്മേൽ മറിച്ചത്. കാരണം അവൻ അഭിഷേകമുള്ളവനായിരുന്നു. അവൻ ബലഹീനമായൊരു മൺപാത്രമാണെങ്കിലും ഉള്ളിൽ ക്രിസ്തുവിന്റെ തേജസ്സുണ്ടായിരുന്നു. നമ്മുടെ ഉള്ളിൽ എന്താണുള്ളതെന്നതിന്റെ അടിസ്ഥാനത്തിലാണ് വിലയിരുത്തപ്പെടുന്നത്. ഇന്നു സിനിമാ താരങ്ങളെപ്പോലെ വേദിയിൽ നില്ക്കുന്ന ദൈവദാസന്മാരോടാണ് പലരും ആകർഷിക്കപ്പെടുന്നത്. പൗലൊസിനെ പോലുള്ള ഒരു യഥാർത്ഥ ദൈവദാസന്റെ ചിത്രം അത്തരത്തിലുള്ളതല്ല. അവനൊരു

സ്വർണ്ണ പാത്രമായിരുന്നില്ല., അവൻ വെറും മൺപാത്രമായിരുന്നു. അതു കൊണ്ടു നിങ്ങളിൽ മാനുഷികമായ പരിമിതികളും ബലഹീനതകളും കാണുമ്പോൾ നിരാശപ്പെടേണ്ടതില്ല. ശുദ്ധ മനസ്സാക്ഷിയോടെ ദൈവ ത്തിന്റെ മുമ്പാകെ നടക്കുകയും എപ്പോഴും പരിശുദ്ധാത്മാവിന്റെ അഭി ഷേകത്തിനു കീഴിലായിരിക്കുകയും ചെയ്യുക വഴി മഹത്തായൊരു തേജസ്സ് ഉള്ളിലുണ്ടെന്നു ഉറപ്പാക്കു ക. അതാണ് പ്രധാനമായിട്ടുള്ളത്.

മൺപാത്രങ്ങളിൽ വെളിച്ചവുമായി പോയ 300 പേരടങ്ങിയ ഗിദെയോന്റെ സൈന്യത്തെയാണ് മൺപാത്രങ്ങ ളിൽ വെളിച്ചമെന്ന കാര്യം (4:6,7) നമ്മെ ഓർമ്മപ്പെടുത്തുന്നത്. ഈ 300 പേർ 32000 പേരുള്ള വലിയ കൂട്ട ത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട വരാണ്. അന്ത്യനാളിലെ ജയാളികളെ പോലെയാണവർ. ആ പടയാളി കളെപോലെ സാത്താനെതിരെ യുദ്ധ ത്തിനു പോകുമ്പോൾ അവരുടെ കയ്യിൽ വാളുണ്ട് (ദൈവവചനം). എന്നാൽ അതോടൊപ്പം ഉള്ളിൽ വെളിച്ചമുള്ള ഒരു മൺപാത്രവും ഉണ്ടായിരിക്കും. ഗിദെയോൻ പടയാ ളികളോട് വെളിച്ചം പ്രകാശിക്കുമാറ് മൺപാത്രങ്ങൾ ഉടയ്ക്കുവാൻ ആവ ശ്യപ്പെട്ടു. ഒരു കലത്തിനുള്ളിൽ ഒരു മെഴുകുതിരി കത്തിച്ചുവെച്ചാൽ അതിന്റെ പ്രകാശം പുറത്തേക്കു വരി കയില്ല. എന്നാൽ ആ കലം ഉടച്ചു കഴിയുമ്പോൾ വെളിച്ചം അധികം പ്രകാശിക്കും. യേശുവിന്റെ ജീവൻ പ്രകാശിക്കേണ്ടതിനു തന്റെ മൺപാത്രം എങ്ങനെയാണ് ഉടയപ്പെ ട്ടതെന്ന് പൗലൊസ് പറയുന്നു. അവൻ നിരാശപ്പെടാതെ ഞെരുക്ക ത്തിലൂടെയും, ആശങ്കകളിലൂടെയും, പീഡനത്തിലൂടെയും അടിയേറ്റു

ഗിദെയോൻ പടയാളികളോട് വെളിച്ചം പ്രകാശിക്കുമാറ് മൺപാ ത്രങ്ങൾ ഉടയ്ക്കുവാൻ ആവശ്യപ്പെ ട്ടു. ഒരു കലത്തിനുള്ളിൽ ഒരു മെഴുകുതിരി കത്തിച്ചുവെച്ചാൽ അതിന്റെ പ്രകാശം പുറത്തേക്കു വരികയില്ല. എന്നാൽ ആ കലം ഉടച്ചു കഴിയുമ്പോൾ വെളിച്ചം അധികം പ്രകാശിക്കും. യേശു വിന്റെ ജീവൻ പ്രകാശിക്കേ ണ്ടതിനു തന്റെ മൺപാത്രം എങ്ങ നെയാണ് ഉടയപ്പെട്ടതെന്ന് പൗലൊസ് പറയുന്നു.

വീഴുന്ന അനുഭവത്തിലൂടെയും ഒക്കെ കടന്നു പോകേണ്ടി വന്നു (8-12 വാക്യങ്ങൾ) അങ്ങനെ അവന്റെ മൺപാത്രം ഉടയുകയും ആളുകൾ വെളിച്ചം (യേശുവിന്റെ ജീവൻ) വ്യക്തമായി കാണുകയും ചെയ്തു. പല വിശ്വാസികളും ഇത് മനസ്സിലാ ക്കുന്നില്ല. അവർക്കതിനു താത്പര്യ മില്ല. എന്നാൽ ജീവനിലേക്കുള്ള വഴി ഈ ക്രൂശിന്റെ വഴി മാത്രമാണ്.

ഒരു ഗോതമ്പുമണി നിലത്ത് പാകു മ്പോൾ അതിന്റെ പുറംതോടു പൊട്ടു ന്നു. അപ്പോൾ മാത്രമാണ് ജീവൻ പുറത്തേക്കു വരുന്നത്. വീണ്ടും ജനിച്ച ക്രിസ്ത്യാനികളിൽ അവരുടെ ജഡവും ജഡിക വ്യക്തിത്വവും ഒരു കട്ടിയുള്ള പുറംതോടുപോലെ നിൽക്കുന്നു. അതു തകർക്കപ്പെടേണ്ട തായിട്ടുണ്ട്. അപ്പോൾ മാത്രമേ ദൈവ തേജസ്സ് നമ്മിൽ നിന്നും പ്രകാശിക്കു കയുള്ളു.

മറ്റുള്ളവരുടെ മുമ്പിൽ മിടുക്കനാവാനായിരിക്കും നിങ്ങളുടെ ആഗ്രഹം. എന്നാൽ ദൈവം പറയുന്നു. "ഞാൻ നിന്റെ ഈ ആഗ്രഹത്തെ ആദ്യം തകർക്കട്ടെ." മനുഷ്യനെന്നാൽ ആത്മാവ്, ജഡം, ദേഹി എന്നിവ ചേരുന്നതാണ്. ക്രിസ്തു നമ്മുടെ ഉള്ളിലേക്കു വരുമ്പോൾ നമ്മുടെ ആത്മാവിൽ മഹത്തായ തേജസ്സു കുടികൊള്ളുകയാണ്. എന്നാൽ ആ തേജസ്സു പ്രകാശിക്കുന്നതിനു തടസ്സമായി നമ്മുടെ ജഡം നിൽക്കുന്നു. അതുകൊണ്ടാണു ദൈവം നമ്മെ തകർക്കുന്ന അനുഭവങ്ങൾ അനുവദിക്കുന്നത്.

ഇതു ദൈവവചനത്തിലുടനീളം കാണുന്ന ഒരു പ്രമാണമാണ്. ഒരു സ്ത്രീ വിലയേറിയ പരിമളതൈലം നിറഞ്ഞ വെൺകൽ ഭരണി എടുത്തുകൊണ്ട് യേശുവിന്റെ അടുക്കൽ വന്നു. വളരെ നല്ല പരിമള തൈലമായിരുന്നു അതെങ്കിലും ഭരണി പൊട്ടിക്കുന്നതു വരെ ആ ഭവനത്തിലുള്ള ആർക്കും ആ പരിമള തൈലത്തിന്റെ സുഗന്ധം കിട്ടിയില്ല. അതുപോലെ തന്നെ നമ്മുടെയും പുറമേയുള്ള ജീവിതത്തെ തകർക്കുവാൻ പലവിധ സാഹചര്യങ്ങളിലൂടെ ദൈവത്തിനു നമ്മെ കടത്തി വിടേണ്ടി വരും. അപ്പോൾ നാം മനുഷ്യരുടെ മുമ്പിൽ ആകർഷകതയുള്ളവരാകില്ല. മറ്റുള്ളവരുടെ മുമ്പിൽ മിടുക്കനാവാനായിരിക്കും നിങ്ങളുടെ ആഗ്രഹം. എന്നാൽ ദൈവം പറയുന്നു. "ഞാൻ നിന്റെ ഈ ആഗ്രഹത്തെ ആദ്യം തകർക്കട്ടെ.'' മനുഷ്യനെന്നാൽ ആത്മാവ്, ജഡം, ദേഹി എന്നിവ ചേരുന്നതാണ്. ക്രിസ്തു നമ്മുടെ ഉള്ളിലേക്കു വരുമ്പോൾ നമ്മുടെ ആത്മാവിൽ മഹത്തായ തേജസ്സു കുടികൊള്ളുകയാണ്. എന്നാൽ ആ തേജസ്സു പ്രകാശിക്കുന്നതിനു തടസ്സമായി നമ്മുടെ ജഡം നിൽക്കുന്നു. അതുകൊണ്ടാണു ദൈവം നമ്മെ തകർക്കുന്ന അനുഭവങ്ങൾ അനുവദിക്കുന്നത്. അങ്ങനെ നാം അവിടുത്തെ ഉദ്ദേശ്യം നിവർത്തിക്കുന്നു.

4:10,11 വാക്യങ്ങൾ പല ക്രിസ്ത്യാനികളും തെറ്റിദ്ധരിച്ചിരിക്കുന്നവയാണ്. പല വിശ്വാസികൾക്കും അവരുടെ ജീവിതത്തിൽ ഭൗതിക അത്ഭുതങ്ങൾ എന്തെങ്കിലും നടത്തുന്ന സുവിശേഷം കേൾക്കാൻ വലിയ താത്പര്യമുണ്ട്. എന്നാൽ യേശുവിന്റെ ജീവൻ നിങ്ങളിൽ വെളിപ്പെടണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ അതിനുള്ള ഉത്തരം ഈ വാക്യങ്ങളിൽ കാണാം. "യേശുവിന്റെ മരണം നമ്മുടെ ശരീരങ്ങളിൽ വഹിക്കണം." എന്താണ് ഈ ''യേശുവിന്റെ മരണം?" യേശു തന്റെ മുപ്പത്തിമൂന്നര വർഷക്കാലത്തെ ഈ ഭൂമിയിലെ ജീവിതത്തിൽ ചെയ്തതുപോലെ സ്വന്ത ഇഷ്ടത്തെയും സ്വയജീവനെയും മരണത്തിന് ഏല്പിക്കുകയെന്നതാണത് (യോഹ. 6:38).

യേശു ഈ ഭൂമിയിൽ ആയിരുന്നപ്പോൾ വിവിധ ജീവിത സാഹചര്യങ്ങളോട് എങ്ങനെ പ്രതികരിച്ചുവോ അതുപോലെ പ്രതികരിക്കുക എന്നതാണ് ഇതിന്റെ അർത്ഥം. തന്നെ പിശാച് എന്നു വിളിച്ചപ്പോൾ അവി

ടുന്ന് എങ്ങനെയാണ് പ്രതികരിച്ചത്? ഇസ്കര്യോത്ത യൂദാ പണം മോഷ്ടിച്ചപ്പോൾ, ആളുകൾ അടിച്ചപ്പോൾ, അവിഹിത സന്തതിയെന്നു വിളിച്ചു പരിഹസിക്കുകയും നിന്ദിക്കുകയും ചെയ്തപ്പോൾ, പ്രസംഗിക്കുന്നത് തടഞ്ഞപ്പോൾ, പള്ളിയിൽ നിന്നു പുറത്താക്കിയപ്പോൾ, ഇങ്ങനെയുള്ള സന്ദർഭങ്ങളിലൊക്കെ അവിടുന്ന് എങ്ങനെയാണു പ്രതികരിച്ചത്? അവിടുന്നു മനുഷ്യരുടെ മാനത്തിനും പ്രശസ്തിക്കും സ്വന്ത ഇച്ഛയ്ക്കും മുമ്പിൽ മരിച്ചവനായിരുന്നു. അതാണ് "യേശുവിന്റെ മരണം." യേശുവിന്റെ കാൽവറി മരണത്തിൽ എനിക്കും നിങ്ങൾക്കും ഒരു പങ്കുമില്ല. ലോകത്തിന്റെ പാപത്തിനു വേണ്ടി മരിക്കുവാൻ നമുക്കു കഴിയുകയില്ല. എന്നാൽ ഭൂമിയിൽ ജീവിച്ച എല്ലാ ദിവസവും അവിടുന്ന് ഒരു മരണത്തിലൂടെ കടന്നുപോയി. ആ മരണത്തിന്റെ പങ്കാളിത്തത്തിലേക്കാണു നാം വരേണ്ടത്.

എന്തുകൊണ്ടാണ് "യേശുവിന്റെ മരണം' എന്നു വിളിക്കപ്പെടുന്നത്? കാരണം യേശുവാണ് സ്വയത്തേയും ലോകത്തിലുള്ള എല്ലാറ്റിനെയും മരണത്തിന് ഏല്പിക്കുന്ന മാർഗ്ഗത്തിലൂടെ ആദ്യം കടന്ന വ്യക്തി. മാനുഷികമായ എല്ലാറ്റിനോടും അവിടുന്നു മരിച്ചവനായിരുന്നു. അങ്ങനെ അവിടുന്നു പിതാവിന്റെ തേജസ്സു വെളിപ്പെടുത്തി. നിങ്ങളും ഞാനും യേശുവിന്റെ കാൽചുവടുകളെ പിൻപറ്റാനാണ് വിളിക്കപ്പെട്ടിരിക്കുന്നത്.

4:17,18 വാക്യങ്ങളിൽ പൗലൊസ് പറയുന്നു: "ലഘുവും ക്ഷണികവുമായ ഞങ്ങളുടെ കഷ്ടതകൾ അത്യന്തം ഘനമേറിയ നിത്യതേജസ്സു ഞങ്ങൾക്കു നേടിത്തരുന്നു." എന്നാൽ ഈ തേജസ്സു നമ്മിലേക്കു വരണമെങ്കിൽ "കാണുന്നതിനെയല്ല കാണാത്തതിനെത്തന്നെ ഞങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നു" (4:18). അതിന്റെ അർത്ഥം നാം കടന്നുപോകുന്ന ഒരു കഷ്ടതയേയും മാനുഷിക വീക്ഷണത്തിൽ നോക്കുന്നില്ല. എല്ലാറ്റിനെയും ദൈവിക വീക്ഷണത്തിൽ നോക്കുന്നു. നാം കടന്നുപോകുന്ന കഷ്ടതകളിലൂടെ ഒരു തേജസ്സു നമ്മുടെ ജീവിതത്തിലേക്കു വരികയും നാം യേശുവിന്റെ ഹൃദയത്തോടു കൂടുതൽ കൂട്ടായ്മയുള്ളവരായി തീരുകയും ചെയ്യും. അങ്ങനെയാണ് നാം ഉത്സാഹിപ്പിക്കപ്പെടുന്നത്. അതിലൂടെ നമുക്കൊരു ശുശ്രൂഷയും ലഭിക്കുന്നു. അല്ലാതെ ദൈവവചനം പഠിച്ചതുകൊണ്ടു മാത്രം നമുക്കൊരു ശുശ്രൂഷ ലഭിക്കുന്നില്ല.

പുതിയനിയമത്തിലെ ആത്മീയ ശുശ്രൂഷയ്ക്കുള്ള മാർഗ്ഗം വിശദീകരിച്ചു തരുവാൻ പൗലൊസ് അതിയായി ആഗ്രഹിക്കുന്നു. നമുക്കദ്ദേഹത്തെ ശ്രദ്ധിക്കാം. 2 കൊരിന്ത്യരിൽ ദൈവയിഷ്ടം പൂർണ്ണമായി നിറവേറ്റപ്പെടുവാൻ ദൈവം ഉപയോഗിക്കുന്ന ഒരു മനുഷ്യന്റെ ആന്തരിക ജീവിതത്തെ വിശദീകരിക്കുന്നു. ദൈവം യേശുവിനെയാണ് അടിസ്ഥാന മാതൃകയായി നമുക്കു നൽകിയിരിക്കുന്നത്. എന്നാൽ അവിടുന്ന് ഒരു ദൈവദാസന്റെ മാതൃകയായി പൗലൊസിനെയും നമുക്കു നൽകിയിട്ടുണ്ട്. യേശു സഭകൾ സ്ഥാപിക്കുന്നതായോ, മൂപ്പന്മാരെ നിയമിക്കുന്നതായോ, സഭയുടെ അച്ചടക്ക വിഷയങ്ങളിൽ ഇടപെടുന്നതായോ കാണുന്നില്ല. എന്നാൽ പൗലൊസ് ഇവയെല്ലാം ചെയ്തതായി നാം കാണുന്നു. *(തുടരും)*

(മൊഴിമാറ്റം : **സാജു ജോസഫ്**)

ഒരു പെൺകുട്ടിയുടെ കാഴ്ചപ്പാട്

അദ്ധ്യായം 16

# കൃപയുടെ കൂട്ടവകാശികൾ

ആനി പുന്നൻ

**ഞങ്ങൾക്കു** മാത്രമായി ഒരു വീടുണ്ടായിരിക്കണം എന്നായിരുന്നു എന്റെ ആഗ്രഹമെന്നു വരികിലും ദൈവം പല നാളുകൾ എനിക്കത് അനുവദിച്ചില്ല. ഞങ്ങൾ പ്രകാശിന്റെ മാതാപിതാക്കളോടൊത്താണു താമസം ആരംഭിച്ചത്. പ്രകാശും ഞാനും 'ജീവന്റെ കൃപയുടെ കൂട്ടവകാശികൾ' ആയിരുന്നു. അതുകൊണ്ടു ഞങ്ങൾ രാജകീയ ദമ്പതികളാണ്! എല്ലാറ്റിനും ഉപരിയായി ഞങ്ങൾ കർത്താവിൽ സന്തുഷ്ടരായിരുന്നു!

ഞാൻ, പ്രകാശിന്റെ മാതാപിതാക്കളെ ബഹുമാനിക്കാനും അവരെ സ്വന്തം മതാപിതാക്കളെപ്പോലെ അംഗീകരിക്കാനും പഠിച്ചു. അവരെന്നോടും നല്ലവണ്ണം പെരുമാറി. എന്റെ ഭാഗത്താകട്ടെ, കാര്യങ്ങൾ അവർ ചെയ്യുന്നതുപോലെ ചെയ്യാൻ ഞാൻ പഠിച്ചു. അവരിൽ നിന്ന് ഒട്ടേറെ പ്രായോഗിക കാര്യങ്ങളും ഞാൻ പഠിച്ചു. ഞാൻ താഴ്മയുള്ള, അഭ്യസിക്കപ്പെടുവാൻ തയ്യാറുള്ള മനോഭാവമുള്ളവളായിരുന്നാൽ അവരിൽ നിന്നു വേറെയും ധാരാളം കാര്യങ്ങൾ പഠിക്കാമെന്നും ഞാൻ കണ്ടെത്തി. അവരെ എന്റെ മാതാപിതാക്കളോടു താരതമ്യം ചെയ്യരുതെന്നു കർത്താവ് എന്നോടു പറഞ്ഞു. അവരെ അവർ ആയിരിക്കുന്നതുപോലെ ഞാൻ അംഗീകരിക്കുകയാണു വേണ്ടത്. അപ്പോൾ അവർ എന്നെയും അവരുടെ സ്വന്തം മകളെപ്പോലെ സ്വീകരിക്കും!

പിന്നീടു ഞങ്ങൾ ഞങ്ങളുടെ മാത്രമായ വീട്ടിലേക്കു മാറിയപ്പോൾ ഞാൻ താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തു:

- പ്രകാശിന്റെ മതാപിതാക്കൾക്ക് എപ്പോൾ അവരുടെ മകനോടൊപ്പം സമയം ചെലവഴിക്കണമെന്നു തോന്നിയാലും ഞാൻ അതിനു തടസ്സം പറയുകയില്ല.
- പ്രകാശിനെയും മാതാപിതാക്കളെയും തമ്മിൽ അകറ്റുന്ന ഒന്നും ഞാൻ പറയുകയോ ചെയ്യുകയോ ഇല്ല.
- താനും മാതാപിതാക്കളും തമ്മിൽ വിട്ടുപിരിയുന്നതിന്റെ (ഉൽപത്തി 2:24 അനുസരിച്ച്) അതിർത്തിരേഖ എപ്പോൾ വരയ്ക്കണമെന്നു പ്രകാശ് തന്നെ തീരുമാനിക്കട്ടെ. അദ്ദേഹത്തിന്റെ കാര്യങ്ങളിൽ ഞാൻ ആവശ്യമില്ലാതെ ഇടപെടുകയില്ല.

ദിവസങ്ങൾ കടന്നുപോയി. അങ്ങനെയിരിക്കെ, ഞങ്ങൾ ഞെട്ടിക്കുന്ന ഒരു വാർത്ത കേട്ടു. ഞങ്ങളുടെ അടുത്തുള്ള ചേരിയിലെ വളരെ ദരിദ്രരായ ഒരു മാതാപിതാക്കൾ അവരുടെ പിഞ്ചു മകളെ വിൽക്കാൻ പോകു

ന്നു. വടക്കെ ഇന്ത്യയിൽ ഇതൊരു സാധാരണരീതിയാണ്. പല മാതാപിതാക്കളും വളരെ പാവപ്പെട്ടവരായതിനാൽ തങ്ങളുടെ കുഞ്ഞുങ്ങളെ അവർ വില്ക്കാറുണ്ട്!

വിവരം കേട്ട ഉടനെ ഞാനും പ്രകാശും ഈ മാതാപിതാക്കളെ സമീപിച്ചു. ഞങ്ങൾ ആ പെൺകുട്ടിയെ ഞങ്ങളോടൊപ്പം നിർത്തിക്കൊള്ളാമെന്നും ദാരിദ്ര്യംമൂലം കുഞ്ഞിനെ വില്ക്കേണ്ടതില്ലെന്നും ഞങ്ങൾ അവരോടു പറഞ്ഞു. അവർക്കു വളരെ അടുത്താണു ഞങ്ങൾ താമസിക്കുന്നത് എന്നതിനാൽ ആഴ്ചയുടെ അവസാനദിവസം കുട്ടിക്കു ഞങ്ങളുടെ വീട്ടിൽനിന്ന് അവരുടെ വീട്ടിൽ ചെന്നു സ്വന്തം മാതാപിതാക്കളോടൊപ്പം സമയം ചെലവഴിക്കാനും കഴിയും! ഇതെല്ലാം പറഞ്ഞപ്പോൾ അവർക്ക് ഏറെ സന്തോഷമായി! അവർ എല്ലാം സസന്തോഷം സമ്മതിച്ചു.

എനിക്കൊടുവിൽ സംസാരിക്കാനും ദൈവവഴികൾ പഠിപ്പിക്കാനും ഒരാളായി. സമീപത്തുള്ള സ്കൂളിൽ അവളെ ഞങ്ങൾ ചേർത്തു. തന്റെ ഭൗതികമായ സാഹചര്യങ്ങൾ അങ്ങേയറ്റം ദുരിതപൂർണ്ണമായ ഒരു മനുഷ്യജീവിയോടു കരുണ കാണിക്കാനും സ്നേഹം നൽകാനും അങ്ങനെ എന്റെ ബുദ്ധിമുട്ടേറിയ ബാല്യത്തിൽ എന്നോടു കരുണ കാട്ടിയ എല്ലാവർക്കും പകരം നൽകുവാനും ലഭിച്ച അവസരമായി ഞാനിതിനെ കണ്ടു.

എല്ലാ മനുഷ്യരുടെയും ദാസനാകാനാണു യേശു ഭൂമിയിൽ വന്നത്. ഞാനും എന്റെ കർത്താവിനെപ്പോലെ ആകാൻ ആഗ്രഹിച്ചു - എന്റെ ജീവിതപാതയിൽ എതിരേ വരുന്ന എല്ലാവർക്കും, പ്രത്യേകിച്ചും ആവശ്യക്കാർക്കും പാവങ്ങൾക്കും, ഒരു ദാസിയായിരിക്കുക.

ഞാൻ പ്രകാശിന് ഒരു നല്ല കൂട്ടുകാരിയായിരിക്കാൻ ശ്രമിച്ചു. എന്റെ ദൈനംദിന പരിപാടികളെ പ്രകാശിന്റേതിനോടു ചേർത്തുകൊണ്ടുവരുവാൻ ഞാൻ ശ്രമിച്ചു. ചില കാര്യങ്ങളെക്കുറിച്ചുള്ള ഞങ്ങളുടെ അഭിപ്രായങ്ങൾ വ്യത്യസ്തമാണ്. പക്ഷേ ദിവസങ്ങൾ പോക പോകെ അവ അന്യോന്യം ഭംഗിയായി ചേർന്നുനിന്നു - മഴവില്ലിലെ നിറങ്ങളെപ്പോലെ. ഇതു ഞങ്ങൾ ഒന്നിച്ചുള്ള ജീവിതത്തെ കൂടുതൽ സമ്പന്നമാക്കി; അർത്ഥപൂർണവും.

പാചകം, തുണിയലക്ക്, വീടു വൃത്തിയാക്കൽ എന്നിവയെല്ലാം മിക്കപ്പോഴും വിരസമായ കാര്യങ്ങളായി എനിക്കു തോന്നുമായിരുന്നു എന്നതു വാസ്തവം. പക്ഷേ അപ്പോഴൊക്കെ ഞാൻ ബ്രദർ ലോറൻസ് തന്റെ ഒരു പുസ്തകത്തിൽ എഴുതിയത് ഓർക്കും: "കർത്തൃമേശയുടെ സമയത്തു മുഴങ്കാലിൽ ഇരുന്ന് അപ്പവും വീഞ്ഞും സ്വീകരിക്കുമ്പോഴുള്ള അതേ ദൈവസാന്നിധ്യം അടുക്കളയിൽ പാത്രങ്ങൾ കഴുകുന്ന സമയത്തും എനിക്ക് അനുഭവപ്പെടുമായിരുന്നു." ഇതേപോലെയാകാൻ ഞാനും ആഗ്രഹിച്ചു. ദൈവത്തിനു സ്തോത്രം പാടിക്കൊണ്ടു ചെയ്താൽ ജോലിയുടെ ഭാരം അറിയില്ലെന്നും ഞാൻ കണ്ടെത്തി.

എന്നിൽ ക്രിസ്തു തുല്യമല്ലാത്ത ഒട്ടേറെ കാര്യങ്ങളുണ്ടെന്നും ഞാൻ മനസ്സിലാക്കി. എന്റെ വിഷാദാത്മകത, മത്സരം, പ്രകാശിനെ അലട്ടുന്നത് തുടങ്ങിയവയെല്ലാം ജയിക്കുന്നതിന് എനിക്കു ദൈവത്തിന്റെ കൃപ എത്രമേൽ ആവശ്യമുണ്ട്! എന്റെ ഭർത്താവിനു സദാ ഞാൻ ഒരു കിരീടം ആയി

രിക്കണം. തനിക്ക് എപ്പോഴും എന്നെ വിശ്വസിക്കാൻ കഴിയണം (സദൃശ വാക്യം. 12:4; 31:11).

"അത് എന്റെ കുറ്റമായിരുന്നു. ഞാൻ ഖേദിക്കുന്നു. എന്നോടു ദയ വായി ക്ഷമിക്കണം." ഈ വാക്കുകൾ പല സാഹചര്യങ്ങളിലും പിന്നെയും പിന്നെയും പ്രശ്നം പരിഹരിക്കുവാൻ ഇടയാക്കി. അങ്ങനെ പറഞ്ഞിരുന്നില്ലെങ്കിൽ ഞങ്ങൾക്കിടയിൽ സമ്മർദ്ദവും പൊട്ടിത്തെറിയും അതു കൊണ്ടുവരുമായിരുന്നു.!

സന്തുഷ്ടമായ വിവാഹത്തിന്റെ ഏറ്റവും വലിയ രഹസ്യം ഞാൻ പഠിച്ചു - അന്യോന്യം വിലമതിക്കുക, നന്ദിയുള്ളവരായിരിക്കുക. അപ്പോൾ പിന്നെ തെറ്റിദ്ധാരണ, അസന്തുഷ്ടി എന്നിവയ്ക്ക് ഇടം ഉണ്ടായിരിക്കുകയില്ല.

കർത്താവിനെ തന്റെ അടുത്ത സുഹൃത്തും മാർഗ്ഗദർശിയുമായി അറിയുന്നത് ഒരു പെൺകുട്ടിയെ സംബന്ധിച്ചിടത്തോളം എത്ര ഭാഗ്യമാണ്! വിവാഹിതയായാലും അവിവാഹിതയായാലും ആ പെൺകുട്ടിക്ക് ജീവിതത്തിൽ ഒന്നിനും കുറവുണ്ടായിരിക്കുകയില്ല.

തൃപ്തിയോടുകൂടിയ ദൈവഭക്തി ഒരു വലിയ ആദായമാണ്. ഇതിന്റെ അർത്ഥം ദൈവം നമ്മുടെ ജീവിതത്തിൽ അനുവദിച്ചിരിക്കുന്ന എല്ലാറ്റിലും നാം തൃപ്തരായിരിക്കണം എന്നാണ്.

ഒരുപക്ഷേ ഞാൻ ആഗ്രഹിക്കുന്ന നിലയിൽ സ്വതന്ത്രമായ, സ്വന്തമായ, ഒരു ഭവനം സ്ഥിരമായി എനിക്കുണ്ടായില്ലെന്നു വരാം. ഞാൻ എപ്പോഴും ഭർത്താവിന്റെ മാതാപിതാക്കളോടൊപ്പം തന്നെ കഴിയേണ്ടി വന്നേക്കാം. എന്നാൽ ഞാനതിൽ തൃപ്തയായിരിക്കണം.

എന്റെ കുടുംബത്തിന്റെ സന്ധാരണത്തിനായി ഞാൻ നഴ്സായി തുടർന്നും ജോലി നോക്കേണ്ടി വന്നേക്കാം. ഞാൻ അതിൽ തൃപ്തയായിരിക്കണം.

ദൈവം എനിക്കൊരു കുഞ്ഞിനെ തന്നാൽ, ഞാൻ 'മുഴുവൻ സമയ അമ്മ'യായിരിക്കാൻ വേണ്ടി ജോലി ഉപേക്ഷിക്കേണ്ടി വന്നേക്കാം. എങ്കിൽ ഞാൻ അതിലും തൃപ്തയായിരിക്കണം.

എന്റെ പാതയിൽ ദൈവം അയയ്ക്കാൻ എന്തെല്ലാം തിരഞ്ഞെടുക്കുന്നോ അതെല്ലാം സ്വീകരിക്കാൻ ഞാൻ തയ്യാറായിരുന്നു. എനിക്കുവേണ്ടതെല്ലാം ഇപ്പോൾ തിരഞ്ഞെടുക്കുന്നത് അവിടുന്നാണല്ലോ.

സദൃശവാക്യം 31-ാം അധ്യായത്തിൽ വിവരിച്ചിരിക്കുന്ന തരത്തിലുള്ള സാമർത്ഥ്യമുള്ള ഒരു ഭാര്യയായിരിക്കാൻ ഞാൻ ആഗ്രഹിച്ചു. അവൾ കർത്താവിൽ ശരണപ്പെട്ടു ഭാവിയെ ആത്മ വിശ്വാസത്തോടെ അഭിമുഖീകരിക്കുന്നു. മൃദുവായ അവളുടെ നാവ് ദയയുടെ നിയമത്താൽ ഭരിക്കപ്പെടുന്നു!

സങ്കീർത്തനം 45:10 വാക്യവും വിവാഹശേഷം മിക്കപ്പോഴും കർത്താവ് എന്നെ ഓർമിപ്പിക്കുമായിരുന്നു. ഞാൻ വിവാഹിതയായിരിക്കുന്നു. അതുകൊണ്ട് 'ഞാൻ എന്റെ പിതൃഭവനത്തെ മറക്കണം.' യിസഹാക്കുമായി വിവാഹനിശ്ചയത്തിലേക്കു വന്നശേഷം റിബേക്ക തന്റെ ആളുകളുമായി ബന്ധപ്പെട്ടു തുടരാൻ ആഗ്രഹിച്ചില്ല. കർത്താവായ യേശുവിനെ ഞാൻ നാഥനും രക്ഷകനുമായി സ്വീകരിച്ചപ്പോൾ ഞാൻ എന്റെ കൈകൾ കലപ്പമേൽ വച്ചു. ഒരിക്കലും പിന്നാക്കം നോക്കിയില്ല. അങ്ങനെയെങ്കിൽ ഭർത്താവിനെ ഭൂമി

യിലെ എന്റെ ശിരസ്സായി ഞാൻ അംഗീകരിച്ചപ്പോൾ ഞാൻ മറ്റൊരു കലപ്പയ്ക്കു കൈവയ്ക്കുകയായിരുന്നു. ഞാൻ തിരിഞ്ഞു നോക്കരുത്. ലോത്തിന്റെ ഭാര്യ തിരിഞ്ഞുനോക്കി, അവൾ നശിച്ചുപോയി. അതേ തെറ്റ് ആവർത്തിക്കുവാൻ ഞാൻ ആഗ്രഹിച്ചില്ല. എനിക്കു മാതാപിതാക്കളെയും കുടുംബാംഗങ്ങളെയും സന്ദർശിക്കാം. പക്ഷേ എന്റെ ബന്ധം ഇനി മേൽ എന്റെ ഭർത്താവുമായി മാത്ര മായിരിക്കണം.

സെക്സിനെക്കുറിച്ച് എനിക്കു തെറ്റായ ഒട്ടേറെ ധാരണകളാണുണ്ടായിരുന്നത്. എല്ലാ ലൈംഗികബന്ധങ്ങളും തെറ്റാണെന്ന ചിന്തയായിരുന്നു അവിവാഹിതയായിരുന്ന കാലത്ത് എനിക്കുണ്ടായിരുന്നത്. ഇപ്പോൾ വിവാഹിതയായപ്പോൾ, വൈവാഹിക ജീവിതത്തിനു പുറത്തുള്ള അത്തരം എല്ലാ ബന്ധങ്ങളുമാണു തെറ്റെന്ന് എനിക്കു മനസ്സിലായി. കുഞ്ഞുങ്ങൾ ജനിക്കുന്നതിനുവേണ്ടി മാത്രമുള്ള ബന്ധമല്ല ശാരീരികബന്ധമെന്നു ദൈവവചനത്തിൽനിന്നും ഞാൻ കണ്ടെത്തി. ഭാര്യയും ഭർത്താവും അന്യോന്യം നിർവഹിക്കേണ്ട ചുമതലയാണതെന്നും അതിൽനിന്ന് ഒഴിഞ്ഞിരിക്കേണ്ടതു പരസ്പര സമ്മതത്തോടെ മാത്രമേ ആകാവൂ എന്നും ഞാൻ മനസ്സിലാക്കി (1 കൊരി 7:3-5). മനുഷ്യൻ പാപം ചെയ്യുന്നതിനു മുൻപു തന്നെ ദൈവം ഏർപ്പെടുത്തിയതാണ് ഈ ബന്ധമെന്നും ഭാര്യാഭർത്താക്കന്മാർക്ക് അവരുടെ അന്യോന്യമുള്ള സ്നേഹം പ്രകടിപ്പിക്കാനുള്ള ഒരു മാർഗ്ഗമാണിതെന്നും ഞാൻ കണ്ടു (ഉൽപത്തി 1:28).

വിവാഹിതയായി കഴിഞ്ഞപ്പോൾ പകൽ എനിക്കു വളരെ തിരക്കായി. അതുകൊണ്ടു ദൈവവചനം വായിക്കാനും പ്രാർത്ഥിക്കാനും ദൈവത്തോടു ചേർന്നു നടക്കാനും സമയം കണ്ടെത്താൻ ഞാൻ കൂടുതൽ അച്ചടക്കത്തോടെ സമയം ക്രമീകരിക്കേണ്ടതുണ്ട്. ജോലി എല്ലാം അവസാനിപ്പിച്ച് ഉറങ്ങാൻ പോകുന്നതിനു മുൻപു രാത്രി വൈകി ഇതിനു നല്ല സമയമാണെന്നു ഞാൻ കണ്ടെത്തി. അപ്പോൾ നിശ്ചല ജലത്തിന് അടുത്തേക്കു വന്ന് എന്റെ ആത്മാവിന്റെ ഇടയനായ കർത്താവിനോടു സംസാരിക്കാൻ നല്ല സമയമാണ്. അവിടുത്തെ സാന്നിധ്യത്തിൽ ഞാൻ യഥാർത്ഥ സമാധാനവും സന്തോഷവും കണ്ടെത്തി. എന്റെ മനസ്സിന്റെ ഭാരങ്ങൾ ഞാനവിടെ ഇറക്കി വച്ചു. നിർമലവും ദിവ്യവുമായ സന്തോഷത്താൽ ഞാൻ പുതുക്കപ്പെട്ടു. അവിടെ ഒരു പാപത്തിനും എന്റെമേൽ ശക്തിയില്ല. അവിടെ നിത്യതയുടെ സന്തോഷം കണ്ടെത്തി.

പല വർഷങ്ങളായി ഞാൻ പാടുന്ന പാട്ടിന്റെ യാഥാർത്ഥ്യം ഒരു ചെറിയ അളവിൽ അവിടെ ഞാനിങ്ങനെ തിരിച്ചറിഞ്ഞു:

ദൈവത്തിന്റെ തിരുഹൃദയത്തിനു സമീപേ
ശാന്തവിശ്രാന്തിയുടെ ഒരിടമുണ്ട്.
പാപത്തിന് അലട്ടാനാവാത്തൊരിടം- അതേ
ദൈവത്തിന്റെ തിരുഹൃദയത്തിനു ചാരേ.

ഒരർത്ഥത്തിൽ ഞാനെപ്പോഴും ദൈവസാന്നിധ്യത്തിലായിരുന്നു. എന്നാൽ എനിക്കുവേണ്ടി ഇത്രമേൽ അത്ഭുതമായ കാര്യങ്ങൾ ചെയ്ത എന്റെ കർത്താവിനെ സ്തുതിക്കാൻ എന്റെ ഹൃദയം ഇടയ്ക്കിടെ അക്ഷരാർഥത്തിൽ തന്നെ അവിടുത്തെ സന്നിധിയിലേക്ക് കുതിച്ച് ഉയർന്നു ചെല്ലുകയും ചെയ്യുമായിരുന്നു.

*(തുടരും)*

(മൊഴിമാറ്റം : **സാന്ദ്ര**)

ഇത്തിരി വെട്ടം

# രക്തത്താൽ വിലയ്ക്കു വാങ്ങിയ സഭ

എ. ഡബ്ല്യു. ടോസർ

ഈ യുഗത്തിൽ ദൈവഹിതത്തിന്റെ ഏറ്റവും ഉന്നതമായ പ്രദർശനം എന്താണ്? അവിടുന്നു സ്വന്ത രക്തത്താൽ വിലയ്ക്കു വാങ്ങിയ സഭയത്രേ അത്. സഭയുടെ ഭാഗമായി നടത്തപ്പെടുന്ന ആത്മിക പ്രവർത്തനങ്ങൾക്കു മാത്രമേ തിരുവചനത്തിന്റെ അടിസ്ഥാനത്തിൽ ദൈവത്തിന്റെ അംഗീകാരമുള്ളൂ.

വ്യക്തമായി പറഞ്ഞാൽ, ഈ കാലഘട്ടത്തിൽ സഭയെ കേന്ദ്രീകരിക്കാത്തതും സഭയിൽ നിന്ന് ഉത്ഭവിക്കാത്തതുമായ ഒരു ശുശ്രൂഷയും ദൈവത്തിനു സ്വീകാര്യമല്ല. ബൈബിൾ സ്കൂളുകളും ട്രാക്ട് സൊസൈറ്റികളും ബിസിനസ്മെൻ ഫെല്ലോഷിപ്പുകളും ക്രിസ്തീയ വിദ്യാർത്ഥി പ്രസ്ഥാനങ്ങളും, സെമിനാറുകളും മതപരമായ ഇതര പ്രസ്ഥാനങ്ങളും ഗ്രൂപ്പുകളും എന്തുമാകട്ടെ സഭയെക്കൂടാതെ അവയ്ക്കൊന്നും യഥാർത്ഥമായ യാതൊരു ആത്മിക മൂല്യവും ഇല്ലെന്നുള്ള സത്യം നാം ഭയത്തോടും ധീരതയോടും കൂടി മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യേണ്ടതാണ്.

തിരുവചന പ്രകാരം സഭ ആത്മാവിനാൽ ദൈവത്തിന്റെ വാസസ്ഥലവും അങ്ങനെ സൂര്യനു കീഴെയുള്ള അതിമഹത്തായ ജീവൽസ്ഥാപനവുമാണ്. ഭവനം, രാഷ്ട്രം, സ്കൂൾ എന്നിവയെക്കാൾ കുറേക്കൂടി മെച്ചപ്പെട്ട ഒരു സ്ഥാപനമല്ല, പ്രത്യുത മറ്റെല്ലാറ്റിൽ നിന്നും വ്യത്യസ്തമായി, സ്വർഗ്ഗത്തിൽ നിന്നും ഉത്ഭവിച്ച പരമപ്രധാനമായ ഏകസ്ഥാപനമാണ്!

ഏതാണ് ശരിയായ സഭ എന്നു പറയാൻ കഴിയാത്തവണ്ണം ഇന്നു ക്രിസ്തീയ സഭ വിഭജിക്കപ്പെട്ടിരിക്കുന്ന കാര്യം ഓർമ്മിപ്പിച്ചുകൊണ്ട്, അതുകൊണ്ട് തന്നെ ശരിയായ സഭയെന്ന് ഒന്നുണ്ടെങ്കിൽ അത് ഏതാണെന്നാണ് ഉദ്ദേശിക്കുന്നതെന്നു വിമർശകർ ചോദിച്ചേക്കാം. സംശയദൃഷ്ടിയോടെ എല്ലാം വീക്ഷിക്കുകയും അമർത്തിച്ചിരിക്കുകയും ചെയ്യുന്ന അത്തരം വിമർശകരെക്കുറിച്ച് നമുക്കു കൂടുതൽ ഭാരപ്പെടേണ്ടതില്ല. സഭയ്ക്ക് അകത്ത് ആയിരിക്കുമ്പോൾ തന്നെ, പുറത്തുള്ള ഏതൊരാൾക്കും ചൂണ്ടിക്കാണിക്കാൻ കഴിയുന്ന പോരായ്മകളെക്കുറിച്ച് നാം തികച്ചും ബോധവാന്മാരാണ്. അന്ധകാരവും അവിശ്വാസവും നിറഞ്ഞ ഈ ലോകത്തിൽ സഭ തന്നെത്തന്നെ വെളിപ്പെടുത്തുന്നിടത്തെല്ലാം നമുക്ക് അതിൽ വിശ്വസിക്കാൻ കഴിയും.

ക്രിസ്തുവിനെ രക്ഷയ്ക്കായി വിശ്വസിച്ച് ആശ്രയിക്കുകയും, ആത്മാവിൽ ദൈവത്തെ ആരാധിക്കുകയും ലോകത്തോടും ജഡത്തോടും വിരക്തിയും വേർപാടും പാലിക്കുകയും ചെയ്യുന്ന ചില വ്യക്തികളെ പരിശുദ്ധാത്മാവ് എവിടെയെല്ലാം കൂട്ടിച്ചേർക്കുന്നുവോ അവിടെല്ലാം സഭയെ നമുക്കു ദർശിക്കാൻ കഴിയും. ഇതിന്റെ അംഗങ്ങൾ ഭൂമിയുടെ വിവിധ ഭാഗങ്ങളിൽ ചിതറപ്പെട്ട് വിദൂരവും വ്യത്യസ്തവുമായ സാഹചര്യങ്ങളിൽ കഴിയേണ്ടി വന്നാലും ഓരോ യഥാർത്ഥ സഭാംഗത്തിനും സ്വന്ത വീട്ടിലേക്കു മടങ്ങാനുള്ള അദമ്യമായ ദാഹവും, ഇടയന്റെയും ആട്ടിൻകൂട്ടത്തിന്റെയും അടുക്കലേക്കു മടങ്ങാനുള്ള ആടുകളുടെ അഭിനിവേശവും ഉണ്ടായിരിക്കും. ശരിയായ ക്രിസ്തീയ വിശ്വാസവും അനുഭവവും ഉള്ള ഏതാനും ചിലർക്ക് അല്പമെങ്കിലും സൗകര്യം ലഭ്യമായാൽ അവർ എത്രയും വേഗം ഒന്നിച്ചു കൂടുകയും സ്ഥിരമായി പ്രാർത്ഥിക്കുക, ആരാധിക്കുക എന്നിവയ്ക്ക് ഉള്ള ക്രമീകരണങ്ങൾ നടത്തുകയും ചെയ്യുമെന്നുള്ളതിനു സംശയമില്ല. ഈ കൂടിവരവുകളിൽ അവർ തിരുവചനങ്ങൾ വ്യാഖ്യാനിച്ചു കേൾക്കുകയും ലഭിച്ച പ്രകാശത്തിനനുസൃതമായി ഏതെങ്കിലും രീതിയിൽ അപ്പം നുറുക്കുകയും നശിച്ചുകൊണ്ടിരിക്കുന്ന ലോകത്തിൽ പൂർണ്ണ രക്ഷണ്യ സുവിശേഷം അറിയിക്കുന്നതിനു തങ്ങളാൽ ആവോളം പരിശ്രമിക്കുകയും ചെയ്യും.

ഇപ്രകാരമുള്ള ഓരോ ഗ്രൂപ്പും ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയുടെ ഓരോ കോശവും സാർവ്വലൗകികവും ഏകവുമായ യഥാർത്ഥ സഭയുടെ ഭാഗവുമാണ്. ഇപ്രകാരമുള്ള

**ബൈബിൾ സ്കൂളുകളും ട്രാക്ട് സൊസൈറ്റികളും ബിസിനസ്മെൻ ഫെല്ലോഷിപ്പുകളും ക്രിസ്തീയ വിദ്യാർത്ഥി പ്രസ്ഥാനങ്ങളും, സെമിനാറുകളും മതപരമായ ഇതര പ്രസ്ഥാനങ്ങളും ഗ്രൂപ്പുകളും എന്തുമാകട്ടെ സഭയെക്കൂടാതെ അവയ്ക്കൊന്നും യഥാർത്ഥമായ യാതൊരു ആത്മിക മൂല്യവും ഇല്ലെന്നുള്ള സത്യം നാം ഭയത്തോടും ധീരതയോടും കൂടി മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യേണ്ടതാണ്.**

ഘടകങ്ങളിലൂടെയാണ് പരിശുദ്ധാത്മാവ് തന്റെ പ്രവൃത്തി ഈ ഭൂമിയിൽ ഇന്ന് നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. ഇക്കാരണത്താൽ ഒരു പ്രാദേശിക സഭയെ അവഗണിക്കുകയും അപഹസിക്കുകയും ചെയ്യുന്നവൻ ക്രിസ്തുവിന്റെ ശരീരത്തെയാണ് അവഗണിക്കുകയും പരിഹസിക്കുകയും ചെയ്യുന്നത്. സഭയെക്കുറിച്ചു കർത്താവ് പ്രസ്താവിച്ച വാക്കുകൾ എല്ലായ്പ്പോഴും ഓർക്കുക. *"ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും പാതാളഗോപുരങ്ങൾ അതിനെ ജയിക്കുകയില്ല."* ■

അനുഭവം

# ഓരോ ചുവടിലും അനുസരണം

അദ്ധ്യായം 40

കഥ ഇതുവരെ

*വെയിൽസിലെ ക്രിസ്തീയകുടുംബത്തിൽ ജനിച്ചുവളർന്ന റീസ് ഹൊവൽസ് പൂർണമായി തന്നെത്തന്നെ പരിശുദ്ധാത്മാവിനായി നൽകി. റീസിനെ പരിശുദ്ധാത്മാവ് അസാധാരണമായ ശുശ്രൂഷകളിലേക്ക് നയിച്ചു. തന്റെ നാട്ടിലും അയൽഗ്രാമത്തിലും ഉള്ള പലർക്കുവേണ്ടി റീസ് മധ്യസ്ഥത ചെയ്തു. അവരെയെല്ലാം ദൈവം വിടുവിച്ചു. എന്നാൽ അയൽ ഗ്രാമത്തിലെ ക്ഷയരോഗിണിയായ സഹോദരിക്കുവേണ്ടി ദൈവഹിതപ്രകാരം റീസ് മധ്യസ്ഥത ചെയ്തെങ്കിലും ഒടുവിൽ അവർ മഹത്വത്തിലേക്കു പ്രവേശിച്ചു. ലണ്ടനിലെ ഗോസ്റ്റിന്റെ മകന്റെ മാനസാന്തരത്തിനുവേണ്ടി നാസീർവ്രതസ്ഥനെപ്പോലെ പ്രാർത്ഥിച്ചു.ഒടുവിൽ മറുപടി കിട്ടി. റീസ് കൽക്കരിഖനി വിട്ടു.സ്നേഹിതൻ ജോയ്ക്കുവേണ്ടി മധ്യസ്ഥത ചെയ്തു. അദ്ഭുതസൗഖ്യം ലഭിച്ചു. വിവാഹിതനായി. ആഫ്രിക്കയ്ക്കു പോകാൻ അവർ സമർപ്പിച്ചു. ആഫ്രിക്കയിൽ വലിയ ഉണർവിന് അവർ കാരണമായി. മടങ്ങിയെത്തിയ റീസ് ദമ്പതികളെ ആത്മീയപരിശീലനകേന്ദ്രങ്ങൾ ആരംഭിക്കാൻ ദൈവം നിയോഗിച്ചു. അവർ ഒരു കോളജ് ആരംഭിച്ചു. അവിടെ പല കാര്യങ്ങൾക്കുവേണ്ടിയും മദ്ധ്യസ്ഥപ്രാർത്ഥന നടത്തുമായിരുന്നു.അതിനൊക്കെ അത്ഭുതകരമായ നിലയിൽ മറുപടി ലഭിച്ചു. ലോകമെങ്ങും ചിതറിക്കിടക്കുന്ന യെഹൂദന്മാർ ഒന്നു ചേർന്ന് യിസ്രായേൽ രാഷ്ട്രം രൂപീകരിക്കാൻ സാഹചര്യം ഉണ്ടാകാനായി റീസും കൂട്ടരും പ്രാർത്ഥന ആരംഭിച്ചു. യെഹൂദരായ അഭയാർത്ഥിക്കുട്ടികൾക്ക് ഒരു താവളം വെയിൽസിൽ സ്ഥാപിക്കാനും റീസിനെ ദൈവം പ്രേരിപ്പിച്ചു. പ്രാർത്ഥനയ്ക്കു മറുപടിയായി യെഹൂദരുടെ രാജ്യം പിറന്നു- യിസ്രായേൽ. രണ്ടാം ലോകമഹായുദ്ധത്തിൽ ജർമനിയുടെയും കൂട്ടരുടെയും പരാജയത്തിനുവേണ്ടി മഹായുദ്ധത്തിന്റെ വർഷങ്ങളിൽ ഉടനീളം കോളജിലെ പ്രാർത്ഥനാ സംഘം പ്രാർത്ഥനയിൽ പോരാടി. യുദ്ധം അവസാനിച്ചു... തുടർന്നു വായിക്കുക.*

## ഓട്ടം തികയ്ക്കുന്നു

**രണ്ടാം** ലോക മഹായുദ്ധം അവസാനിച്ചു. യെഹൂദന് അവന്റെ രാഷ്ട്രം ലഭിച്ചു.

കോളജിലെ മധ്യസ്ഥ പ്രാർത്ഥനയുടെ കാലവും അവസാനിച്ചു. യുദ്ധത്തിന്റെ വർഷങ്ങളിൽ ലോകത്തിനുവേണ്ടി മധ്യസ്ഥത അണയ്ക്കുവാൻ ദൈവം റീസിനെയും അദ്ദേഹം ഡയറക്ടറായുള്ള കോളജിനെയും എത്ര മാത്രം ഫലപ്രദമായി ഉപയോഗിച്ചു! തുടക്കത്തിൽ ഒരാത്മാവിനുവേണ്ടി തനിയെ മധ്യസ്ഥപ്രാർത്ഥന നടത്താൻ റീസിനെ ദൈവം വിളിച്ചിടത്തായിരുന്നു എല്ലാറ്റിന്റെയും തുടക്കം. 'അല്പകാര്യങ്ങളുടെ ദിവസത്തെ തുച്ഛീകരിക്കാത്ത' ദൈവം!

യുദ്ധം കഴിഞ്ഞതോടെ കോളജ്, വീണ്ടും മിഷൻ ഫീൽഡുകളുമായും

പുറത്തുള്ള ദൈവദാസന്മാരുമായും ഉള്ള ബന്ധം ദൃഢമാക്കി. ലോകമെമ്പാടുമുള്ള വിശ്വസ്തരായ ദൈവഭൃത്യന്മാരുമായി നല്ല കൂട്ടായ്മയ്ക്ക് കോളജ് എപ്പോഴും പ്രാധാന്യം കൊടുത്തിരുന്നു. കഴിഞ്ഞ വർഷങ്ങളിൽ കോളജിൽ പഠിച്ചിരുന്ന കുട്ടികൾ വിവിധ മിഷനറി സംഘടനകളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നുണ്ട്. അവിടെ നിന്നുള്ളവരും സുവിശേഷ വയലുകളിൽ അധ്വാനിക്കുന്നവരും ഇടയ്ക്കിടെ കോളജിൽ വരും. അനുഭവങ്ങൾ പങ്കിടും. കോളജിൽ വരുന്ന ഓരോ മിഷനറിക്കും എന്തെങ്കിലും സമ്മാനമോ സംഭാവനയോ നൽകാതെ അവരെ വിടരുതെന്നായിരുന്നു റീസിന്റെ തുടക്കം മുതലുള്ള നിർബന്ധം. തന്റെ കയ്യിലുള്ള അവസാന സമ്പാദ്യമായാലും അതു മിഷനറിക്കു നൽകി അയയ്ക്കണമെന്നു കർത്താവു റീസിനു നിർദ്ദേശം നൽകിയിരുന്നു.

മഹായുദ്ധകാലത്തെ മധ്യസ്ഥ പ്രാർത്ഥനയിൽനിന്നു സ്വാതന്ത്ര്യം നേടിക്കഴിഞ്ഞപ്പോൾ സുവിശേഷ വയലുകളുടെ ആവശ്യം സംബന്ധിച്ചു ദൈവം റീസിന്റെ മനസ്സിനെ ഉണർത്താൻ തുടങ്ങി. 1947ൽ 'ഓരോ സൃഷ്ടിയോടും സുവിശേഷം' കോൺഫ്രൻസ് വീണ്ടും കോളജിൽ പുനരാരംഭിച്ചു. എല്ലാത്തരം സുവിശേഷ വയലുകൾക്കും വേണ്ടി കുട്ടികൾക്കായുള്ള പരിശീലനം കോളജിൽ വീണ്ടും തീവ്രമാക്കി.

സകലസൃഷ്ടിയോടും സുവിശേഷം അറിയിക്കുവാനുള്ള ഭാരം റീസിനെ ഒരിക്കലും വിട്ടു പിരിഞ്ഞില്ല. അതിനുവേണ്ടി സാമ്പത്തിക സൗകര്യം ക്രമീകരിക്കുന്നതും തന്റെ ദൗത്യമായി അദ്ദേഹം കണ്ടു. സുവിശേഷവയലുകളിലുള്ളവർക്കു സകല സൃഷ്ടികളിലേക്കും സുവിശേഷം എത്തിക്കുവാൻ സാമ്പത്തിക പരിമിതി ഒരു തടസ്സമാകരുത്. 1950 ജനുവരി 15 രാത്രി ഒൻപതു മണിയുടെ യോഗത്തിൽ തന്റെ ഈ ഭാരവും ദൈവം അതു നിറവേറ്റുവാൻ വിശ്വസ്തൻ എന്ന വിശ്വാസവും റീസ് പങ്കിട്ടു. അദ്ദേഹം യോഗത്തിൽ മോശെയുടെയും ദാവീദിന്റെയും സ്തുതിയുടെ പാട്ടുകൾ ആദ്യം ബൈബിളിൽ നിന്നു വായിച്ചു. "നീ എനിക്കു തന്ന വേല ഞാൻ തികച്ചിരിക്കുന്നു" എന്നു സന്തോഷത്തോടെ പറയാൻ കഴിയുന്നതിൽ ഞാൻ ദൈവത്തെ സ്തുതിക്കുന്നു. എല്ലാ സൃഷ്ടിക്കും സുവിശേഷം കേൾക്കാൻ അവസരമായി. ആ ദർശനത്തിന്റെ പൂർത്തീകരണത്തിനുള്ള സാമ്പത്തിക കാര്യങ്ങൾ ഭദ്രമായി. രാജാവു വരാറായി" – റീസ് പറഞ്ഞു. ദൈവം വാഗ്ദാനം ചെയ്ത 100000 പൗണ്ട് ലഭ്യമാകുമെന്നും താൻ അതു സുവിശേഷ വയലിൽ മുടക്കുമ്പോൾ നൂറിരട്ടി വിളവു ലഭിച്ച് അതിൽ നിന്നു 'സകല സൃഷ്ടിയോടും സുവിശേഷം' എന്ന ദൗത്യത്തിന്റെ പൂർത്തീകരണം സംഭവിക്കുമെന്നും എല്ലാം റീസിന് ഉറപ്പായിരുന്നു.

ഈ മീറ്റിംഗ് റീസിനെ സംബന്ധിച്ചിടത്തോളം തന്റെ ദൗത്യം തികച്ചതിന്റെ പ്രഖ്യാപനമായിരുന്നുവെന്നു കോളജിൽ വളരെക്കുറച്ചു പേർ മാത്രമേ മനസ്സിലാക്കിയുള്ളു. മധ്യസ്ഥ പ്രാർത്ഥനയിലൂടെ ഒരു തലമുറയിൽ ദൈവപ്രവൃത്തി തികച്ച റീസ് തന്റെ ഭൂമിയിലെ പോരാട്ടങ്ങളുടെ ദിനങ്ങൾ അവസാനിപ്പിക്കുകയായിരുന്നു. ഫിലിപ്യർ 3:20,21 അനുസരിച്ചു തന്റെ ഭൂമിയിലെ നാളുകൾ തീരുന്നതിനു മുൻപു തന്നെ കർത്താവിന്റെ പുനരാഗമനം ഉണ്ടാകും എന്ന

**അദ്ദേഹം ഞങ്ങളെ ലാൻഡ്രിൻഡോഡിലെ കൺവൻഷൻ കൂടാരം നിന്ന സ്ഥലത്തേക്കു കൂട്ടിക്കൊണ്ടു പോയി. അവിടെ വച്ച് പരിശുദ്ധാത്മാവ് തന്നെ വ്യക്തിപരമായി കണ്ടുമുട്ടിയതും തന്റെ ശരീരം പരിശുദ്ധാത്മാവിന്റെ ആലയമായി നൽകാൻ ആവശ്യപ്പെട്ടതും അദ്ദേഹം ഒരിക്കൽകൂടി ഞങ്ങളോടു പറഞ്ഞു. പരിശുദ്ധാത്മാവ് ഭാവിയിലും പരാജയപ്പെടുകയില്ലെന്നും സകലസൃഷ്ടികളോടും സുവിശേഷം എന്ന ദൗത്യം അവിടുന്നു പൂർത്തിയാക്കുമെന്നും റീസിന് അവിടെ വച്ചു വീണ്ടും ഉറപ്പു ലഭിച്ചു.**

പ്രതീക്ഷയോടെ റീസ് അതിനെ നോക്കിപ്പാർത്ത് ഇരിക്കുകയായിരുന്നു. എന്നാൽ മധ്യസ്ഥപ്രാർത്ഥനകൾ സംബന്ധിച്ച തന്റെ ദൗത്യങ്ങൾ പൂർത്തിയായെന്ന ഉറപ്പു ലഭിച്ചതോടെ റീസ് ദൈവഹിതത്തിന്റെ പൂർത്തീകരണം തന്റെ ജീവിതത്തിൽ നിറവേറ്റി എന്ന ബോധ്യത്തിലെത്തി. തുടർന്ന് ഒരു മാസത്തിനുള്ളിൽ അദ്ദേഹം നിത്യതയിലേക്കു ദൈവത്തെ മുഖാമുഖം കാണാനായി എടുക്കപ്പെട്ടു. റീസിനോടൊപ്പം അവസാന നിമിഷം വരെയുണ്ടായിരുന്ന ഡോ. സെമണ്ട്സ് ഇതേപ്പറ്റി വിവരിക്കുന്നത് ഇങ്ങനെ:

"തന്റെ നിത്യതയിലേക്കുള്ള കടന്നുപോക്കിനു രണ്ടു വർഷം മുൻപ് റീസ്, പരിശുദ്ധാത്മാവു തന്റെ ജീവിതത്തിന്റെ നിയന്ത്രണം ഏറ്റെടുത്ത ലാൻഡ്രിൻഡോഡ് വീണ്ടും ഒന്നു സന്ദർശിക്കാൻ താത്പര്യപ്പെട്ടു. ഞങ്ങളിൽ ചിലരും അദ്ദേഹത്തോടൊപ്പം അവിടേക്കു പോയി. തേജസ്ക്കരിക്കപ്പെട്ട കർത്താവുമായി റീസിനു വ്യക്തിപരമായ ഒരു കണ്ടുമുട്ടലുണ്ടായ ലാൻഡ്രിൻഡോഡിലെ ആ കൊച്ചു ചാപ്പൽ (അതിപ്പോൾ ഉപയോഗശൂന്യമായി കിടക്കുകയായിരുന്നു) വീണ്ടും സന്ദർശിച്ചത് അദ്ദേഹത്തിന് ഒരു പുതു ചൈതന്യം പകർന്നതുപോലെ. തുടർന്ന് അദ്ദേഹം ഞങ്ങളെ ലാൻഡ്രിൻഡോഡിലെ കൺവൻഷൻ കൂടാരം നിന്ന സ്ഥലത്തേക്കു കൂട്ടിക്കൊണ്ടുപോയി. അവിടെ വച്ച് പരിശുദ്ധാത്മാവ് തന്നെ വ്യക്തിപരമായി കണ്ടുമുട്ടിയതും തന്റെ ശരീരം പരിശുദ്ധാത്മാവിന്റെ ആലയമായി നൽകാൻ ആവശ്യപ്പെട്ടതും അദ്ദേഹം ഒരിക്കൽകൂടി ഞങ്ങളോടു പറഞ്ഞു. പരിശുദ്ധാത്മാവ് ഭാവിയിലും പരാജയപ്പെടുകയില്ലെന്നും സകലസൃഷ്ടികളോടും സുവിശേഷം എന്ന ദൗത്യം അവിടുന്നു പൂർത്തിയാക്കുമെന്നും റീസിന് അവിടെ വച്ചു വീണ്ടും ഉറപ്പു ലഭിച്ചു.

"തുടർന്നു ഞങ്ങൾ ഒരു കുന്നു കയറുമ്പോൾ പെട്ടെന്നു റീസ് ഏറെ ക്ഷീണിതനായി. ഞങ്ങൾ യാത്ര നിർത്തി. അദ്ദേഹം ഒരു ഹൃദയസ്തംഭനത്തിന്റെ പ്രാണവേദനയിലായി. ആ ദിവസം മുതൽ താൻ ശരീരത്തിൽ എത്രയേറെ കഷ്ടപ്പെട്ടു എന്നതു ഞങ്ങൾ വളരെക്കുറച്ചു പേർക്കു മാത്രമേ അറിയാമായിരുന്നുള്ളു. ഞങ്ങൾ മിക്കപ്പോഴും വിശ്രമിക്കാൻ അദ്ദേഹത്തെ നിർബന്ധിക്കും. പക്ഷേ ദൈവരാജ്യം, നശിക്കുന്ന

ആത്മാക്കൾക്കുവേണ്ടിയുള്ള ഭാരം എന്നിവയുടെ പിടിയിലായതിനാൽ അദ്ദേഹം എപ്പോഴും പ്രാർത്ഥനാ യോഗങ്ങളും മറ്റ് ആത്മിക പരിപാടികളുമായി തിരക്കിലായിരിക്കും. രോഗശമനത്തിന് അദ്ദേഹം മരുന്നും ഉപയോഗിക്കുമായിരുന്നില്ല. എല്ലാ കാര്യങ്ങളും ആയിരിക്കുന്ന അവസ്ഥയിൽ തന്നെ ദൈവത്തിൽ സമർപ്പിക്കുന്നതിന്റെ ഭാഗമായി അദ്ദേഹം തുടർന്നു വന്ന രീതിയായിരുന്നു ഇത്.

"1950 ജനുവരി 15. 'സകലസൃഷ്ടികളോടും സുവിശേഷ' ദൗത്യത്തിന്റെ സാമ്പത്തിക കാര്യങ്ങളിലും വിജയം ലഭിച്ചതോടെ ഭൂമിയിലെ തന്റെ ശുശ്രൂഷ പൂർണമായതായി റീസിനു ബോധ്യപ്പെട്ടു. മധ്യസ്ഥപ്രാർത്ഥന എന്നതായിരുന്നു എന്നും അദ്ദേഹത്തിന്റെ മുഖ്യശുശ്രൂഷ. താനിനി ശുശ്രൂഷയുടെ ബാക്കിഭാഗം 'യോശുവാ'മാരെ ഭരമേല്പിച്ചിട്ടു മഹത്വത്തിലേക്കു ദൈവം വിളിക്കുമ്പോൾ പോകാൻ തയ്യാറായിരിക്കുകയാണെന്ന് അദ്ദേഹം മിക്കപ്പോഴും എന്നോടു പറയുമായിരുന്നു. ശുശ്രൂഷയുടെ അടിസ്ഥാനം ഇടുന്നതിൽ ദൈവത്തിന്റെ കരങ്ങളിൽ വിശ്വസ്തനായിരുന്നു എന്നതായിരിക്കും നിത്യതയിലെ അദ്ദേഹത്തിന്റെ ആഹ്ലാദം എന്നു ഞാൻ കരുതുന്നു.

"ഫെബ്രുവരി ഏഴാം തീയതി ചൊവ്വാഴ്ച കോളജ് ഹോസ്പിറ്റലിന്റെ മേട്രൺ മിസ് മാർഗരറ്റ് റൈറ്റിന് റീസിനെക്കുറിച്ച് ഒരു പ്രത്യേക ഭാരം തോന്നി. രാത്രി യോഗത്തിനുശേഷം അദ്ദേഹത്തിന്റെ അവസ്ഥ എങ്ങനെയുണ്ടെന്നറിയാൻ അവർ അദ്ദേഹത്തിന്റെ മുറിയിലേക്കു ചെന്നു. അവിടെ ചെന്നപ്പോൾ റീസ് മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുകയാണ്. ചുണ്ടിൽ ഒരു ക്രിസ്തീയ ഗാനത്തിന്റെ ഈരടികൾ. ചെറുപ്പത്തിൽ അമ്മയിൽ നിന്നു കേട്ടു പഠിച്ച ആ പാട്ടുകൾ തന്നെത്താൻ മറന്നു പാടിക്കൊണ്ടു മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്ന റീസിനെ ശല്യപ്പെടുത്താതെ മിസ് മാർഗരറ്റ് തിരിച്ചു പോന്നു. അത്തരത്തിൽ അദ്ദേഹം പാടാറുള്ള ഒരു ഗാനത്തിന്റെ ഈരടികൾ ഇങ്ങനെ:

സുന്ദരൻ സൗമ്യൻ എൻ രക്ഷകൻ
പതിനായിരങ്ങളിൽ അതിശ്രേഷ്ഠൻ
രാജാധിരാജനെ സസന്തോഷം വാഴ്ത്തും
ഇവിടെയും അവിടെ നിത്യകാലവും
അവിടുത്തെ ദിവ്യസൗന്ദര്യം എന്റെ
മനസ്സിനെ പിടിച്ചിരിക്കുന്നു, പൂർണമായ്.

മേഘങ്ങൾക്കും നിഴലുകൾക്കും ഉയരെ
കാണുക മനമേ ശോഭയേറും നാട്
മന്ദമാരുതൻ വീശും സ്ഥലം- അവിടെ
അനുഗൃഹീതരാം ദൂതന്മാർ
അതിൻ പൂർണശാന്തി നുകരുന്നു...

"പിറ്റേന്ന്, ഫെബ്രുവരി എട്ടിന്, രാത്രി യോഗത്തിന്റെ അന്ത്യത്തിൽ അദ്ദേഹം മഹത്വനാടിന്റെ ദർശനം കൊണ്ടു നിറഞ്ഞതുപോലെ തോന്നി. എല്ലാവരും എഴുന്നേറ്റു നിന്നു പാടുകയാണ് – 'യോർദ്ദാനക്കരെ എൻ യേശുവിൻ സവിധത്തിൽ.' ഈ പാട്ട് അപ്പോൾ പാടാൻ റീസ് തന്നെയാണു തിരഞ്ഞെടുത്തത് (കോളജിൽ പല വർഷങ്ങളായി ഈ പാട്ടു പാടാറില്ലായിരുന്നു). പാടിക്കൊണ്ടിരുന്നപ്പോൾ അദ്ദേഹത്തിന്റെ മുഖം സ്തേഫാനോസിന്റെ മുഖംപോലെ (ഒരു ദൈവദൂതന്റെ മുഖംപോലെ) ശോഭിച്ചു. പാടുമ്പോൾ അദ്ദേഹം പോക്കറ്റിൽ നിന്നു തുവാലയെടുത്ത് ഉയർത്തി വീശി – തന്റെ രക്ഷകനെ, മുൻപേപോയ വിശുദ്ധന്മാരെ വന്ദനം ചെയ്യുന്ന മട്ടിൽ. ഭൂമിയിലെ റീസിന്റെ അവസാന യോഗമായിരുന്നു അത്.

"അര മണിക്കൂറിനുള്ളിൽ എന്നെ

എല്ലാവരും എഴുന്നേറ്റു നിന്നു പാടുകയാണ് - 'യോർദ്ദാനക്കരെ എൻ യേശുവിൻ സവിധത്തിൽ.' ഈ പാട്ട് അപ്പോൾ പാടാൻ റീസ് തന്നെയാണു തിരഞ്ഞെടുത്തത്. പാടിക്കൊണ്ടിരുന്നപ്പോൾ അദ്ദേഹത്തിന്റെ മുഖം സ്തേഫാനോസിന്റെ മുഖംപോലെ -ഒരു ദൈവദൂതന്റെ മുഖംപോലെ- ശോഭിച്ചു. പാടുമ്പോൾ അദ്ദേഹം പോക്കറ്റിൽ നിന്നു തുവാലയെടുത്ത് ഉയർത്തി വീശി - തന്റെ രക്ഷകനെ, മുൻപേപോയ വിശുദ്ധന്മാരെ വന്ദനം ചെയ്യുന്ന മട്ടിൽ. ഭൂമിയിലെ റീസിന്റെ അവസാന യോഗമായിരുന്നു അത്.

മുറിയിലേക്കു വിളിപ്പിച്ചു. ഞാൻ ചെന്നപ്പോൾ അദ്ദേഹം കിടക്കയിൽ കുമ്പിട്ടു കിടക്കുകയാണ്. നെഞ്ചുവേദന കലശലായി. എന്നെ അത്തുതപ്പെടുത്തിക്കൊണ്ട് അദ്ദേഹം ആ സമയത്തു മരുന്നു കഴിക്കാൻ സമ്മതിച്ചു. ഇനി ജീവിതത്തിലേക്കു മടങ്ങി വരവില്ലെന്ന് അദ്ദേഹം കരുതുന്നതിന്റെ സൂചനയായിരുന്നു അത്. മറിച്ച് ഒരു പ്രതീക്ഷയുണ്ടായിരുന്നെങ്കിൽ അദ്ദേഹം മരുന്നു കഴിക്കാതെ ആ സമയത്തും തന്റെ ലളിതമായ വിശ്വാസം മുറുകെപ്പിടിച്ചു നില്ക്കുമായിരുന്നു.

"പ്രാണവേദനയിലായിരിക്കുമ്പോൾ തന്റെ അവസ്ഥയെക്കുറിച്ച് ഇടറിയ വാക്കുകളിൽ അദ്ദേഹം ഇങ്ങനെ ആവർത്തിച്ചുകൊണ്ടിരുന്നു. "ഇതു കർത്താവിന്റെ ഹിതം... കർത്താവിന്റെ... ഞാൻ അവിടുത്തെ ഹിതത്തിന്റെ കേന്ദ്രത്തിലാണ്... എല്ലാം നേടിക്കഴിഞ്ഞു... ഇനി കർത്താവിന്റെ ഹിതം."

"അടുത്ത നാലു ദിവസങ്ങൾ ബോധം വന്നും പോയിയും ഇരുന്നു. ബോധത്തിലേക്കു വരുമ്പോൾ അദ്ദേഹം ഏതെങ്കിലും മിഷനറിയുടെ (പലപ്പോഴും നോർമൻ ഗ്രബ്, ജോൺ തോമസ്) പേരു വിളിക്കുമായിരുന്നു. താൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന ഏതെങ്കിലും അടുത്ത സ്നേഹിതന്റെ പേരു ചിലപ്പോൾ ഉരുവിടും. താൻ കാണുന്ന ചില ദർശനങ്ങൾ വിവരിക്കും.

ഫെബ്രുവരി 12 ഞായറാഴ്ച. അന്നു ബോധം വന്ന് എന്നെ തിരിച്ചറിഞ്ഞപ്പോൾ അദ്ദേഹം മൃദുവായി ഇങ്ങനെ പറഞ്ഞു: "വിജയം... ഹല്ലേലുയ്യാ." മിസ്സിസ് ഹോവൽസിനോടും അന്നു പലവട്ടം 'മഹത്വം വിജയം' എന്നു പറഞ്ഞു. ഇവയായിരുന്നു അവസാന വാക്കുകൾ.

പിറ്റേന്നായിരുന്നു അന്ത്യം. ഫെബ്രുവരി 13 തിങ്കളാഴ്ച രാവിലെ പത്തു മണി. ഞങ്ങളെല്ലാവരും അദ്ദേഹത്തിന്റെ കിടക്കയ്ക്കു ചുറ്റും മുട്ടുകുത്തി. ദൈവസാന്നിധ്യം ഞങ്ങൾക്കു വ്യക്തമായും തിരിച്ചറിയാമായിരുന്നു. 'ദൈവഹിതം നിറവേറാനും ഞങ്ങളുടെ കർത്താവും രക്ഷകനുമായ യേശുക്രിസ്തുവിന്റെ വിശ്വസ്ത ദാസന്റെ മഹത്വപ്രവേശ ശേഷം യഥാർത്ഥ പിൻഗാമികളായി നിലകൊള്ളാനുള്ള കൃപയ്ക്കായും' ഞങ്ങൾ പ്രാർത്ഥിച്ചു. അപ്പോൾ റീസ് തികച്ചും ശാന്തമായി, സമാധാനത്തോടെ, താൻ പ്രിയം വച്ച കർത്താവിന്റെ സന്നിധിയിലേക്കു ചേർക്കപ്പെട്ടു.

ഒരു മണിക്കൂറിനകം കോളജിലെയും സ്കൂളിലെയും മുഴുവൻ സ്റ്റാഫിനെയും സാമുവൽ ഹോവൽസ് ഒന്നിച്ചു വിളിച്ചു കൂട്ടി. തന്റേതായ ശാന്തവും സ്വസ്ഥവുമായ രീതിയിൽ അദ്ദേഹം കാര്യങ്ങൾ വിശദീകരിച്ചു. തന്റെ പിതാവ് എന്തിനു വേണ്ടി മുഴുജീവിതവും നൽകിയോ ആ ദർശനത്തിന്റെ സാഫല്യത്തിനായി അദ്ദേഹം തന്നെത്തന്നെ പ്രതിഷ്ഠിച്ചു. ഞങ്ങളെല്ലാവരും ശാന്തരായി ഞങ്ങളെത്തന്നെ ആ ലക്ഷ്യത്തിന്റെ പൂർത്തീകരണത്തിനായി വീണ്ടും സമർപ്പിച്ചു. കഴിഞ്ഞ 13 വർഷമായി സാമുവൽ ഹോവൽസ് പിതാവിനോടും മാതാവിനോടുമൊപ്പം കോളജിൽ തന്നെയായിരുന്നു. ദൈവം തന്റെ ദാസനെ റീസിന്റെ ദൗത്യം ഏറ്റെടുക്കാനുള്ള പക്വതയിലേക്കും ദർശനത്തിലേക്കും വളർത്തിയെടുക്കുകയായിരുന്നു എന്ന് എല്ലാവർക്കും വ്യക്തമായി.

റീസ്, ധന്യമായ ഒരു ജീവിതത്തിന്റെ മാതൃക പിന്നിൽ അവശേഷിപ്പിച്ചിട്ട് ഓർമയായി മാറി. നല്ല പോർ പൊരുത്, ഓട്ടം തികച്ച്, വിശ്വാസം കാത്ത് അദ്ദേഹം നീതിയുടെ കിരീടം പ്രാപിപ്പാനായി അക്കരെ നാട്ടിലേക്കു ശാന്തമായി യാത്രയായി.

ഒരു മഹത്തായ ജീവിതത്തിന്റെ അന്ത്യം; ഒരു 'യുഗ'ത്തിന്റെ പര്യവസാനവും. *(തുടരും)*


# ജീവസന്ദേശങ്ങൾ 2015

**പ്രശസ്ത ക്രിസ്തീയ പ്രസംഗകനും ഗ്രന്ഥകാരനുമായ**

## ബ്രദർ സാക് പുന്നൻ പ്രസംഗിക്കുന്നു



സ്ഥലം : **സത്യൻ മെമ്മോറിയൽ ഹാൾ, മ്യൂസിയത്തിന് എതിർവശം പാളയം, തിരുവനന്തപുരം**

തീയതി : **ജനുവരി 10 ശനി, 11 ഞായർ**

സമയം : **വൈകിട്ട് 6.30 മുതൽ 8.30 വരെ**

ഏവർക്കും സ്വാഗതം!

വരിക, ഈ മീറ്റിംഗുകൾ നിങ്ങളുടെ ക്രിസ്തീയ ജീവിതത്തിന് ഒരു പുതിയ ദിശാബോധം നൽകും.

**കൂടുതൽ വിവരങ്ങൾക്ക് : 09496100850**




# CHRISTIAN MUSIC AND PREACHING

Sandeep Poonen

**Question**:

I have been thinking about the Christian music that I listen to lately. Is it sin to listen to such music and how do you discern it? Also, I remember you saying once that if you can't trust the lives of people who are preaching, or sense that they love money,then you shouldn't listen to them.I would greatly appreciate any advice you can give.

**Answer:**

Thank you for your question. This is probably very relevant for the times we live in, since there is a flood of music and sermons available through the Internet.

Regarding the music we listen to:

The general principle I use is that I must see whether things draw me towards Jesus or draw me away from Jesus. And I must discard anything that draws me away from Jesus.

Now as it relates to the music we listen to, one person might be drawn away from Jesus by a song, but that same song may not draw another person away from the Lord. Similarly, there may be a spirit behind a song (even a Christian song) that makes one serious Christian uncomfortable, but does not bother another equally serious Christian.

If there was a verse in the Bible that explicitly told me what music I could or could not listen to, then it would be simple. But because there isn't, we must use the principles of God's heart from the Bible and then each of us follows our own individual conscience.So it is very important that we pay very close attention to our own conscience when it comes to where we draw the line in our personal lives. And still, we must give TOTAL freedom to others to follow their conscience.

Here's an example. Suppose you are listening to a song written and sung by a church that overtly preaches a health-and-wealth gospel. And even though you do not agree with the church's theology, you might have no trouble listening to that song, or even be blessed by it because it is a source of strength/comfort to you. Meanwhile, your sister might not have that same freedom to even listen to it. In this case, it would NOT be a sin for YOU to listen to it, but it would be a sin for your sister to listen to it.

But then, maybe over time, you begin to have a check in your con-

science aboutjust the spirit behind that song, so you determine to stop listening to it. Meanwhile, your sister somehow hears the song and finds that she's actually blessed by it; and so she begins to listen to it regularly. Then, there is no sin if she listens to it, but now a sin if you choose to listen to it despite that your conscience is telling you otherwise.

Re: Checking the lives of those who preach and teach

To me personally, I feel that we must seek to know this for those preachers that we listen to and respect. Genuine New Covenant preachers FIRST LIVE THINGS OUT in their own personal life and then teach (Jesus, our Example, first did and then taught – Acts 1:1). So it is right to be on guard against preachers who might preach eloquent sermons and present deep truths, but show evidences of idolatry in their lives.

What do I mean by idolatry? This is what I mean. If I sense in my spirit that somebody I'm listening to loves money, or loves the approval of man, or has a lustful eye, then I would question how such a person could hear from God? None of us can serve two masters – and the Bible speaks very clearly about how the love of money (Matthew 6:25), the approval of man (Galatians 1:10), and sexual sin (1 Corinthians 6:15-20; Matthew 5:27-30) are thoroughly incompatible with a love for God. So they might preach eloquently and teach impressively. But I personally cannot look up to such men, and I cannot respect such men to KNOW God. So I won't take them seriously at all.

Now in this, I don't judge them and assign them guilt; but I am told by Jesus to discern and beware of "false prophets" (Matthew 7:15-23). That is why I don't seek to mention specific names when I speak about others, but I still must seek to warn and protect against the KIND of traits found in false prophets.

And here again, some believer might be able to listen to such preachers even though they know the preacher is greatly imbalanced, and not be affected by it; while some others cannot even listen to such a preacher. But I believe that even mature believers will be careful that they are not slowly affected by their imbalance to where they end up having that same imbalance in our lives.

Finally, Romans 14 is a very important chapter for all those who are in the New Covenant. It talks about the dilemma of whether to eat meat that had been previously offered to idols. Now eating meat offered to idols may not bother people who grew up in a Christian household. But try to imagine that you came from a very idolatrous heritage before knowing Jesus Christ as Lord. You can probably imagine how it could be very hard to eat meat offered to idols. And you might even wonder how ANYONE who calls themselves Christians could possibly eat meat. But yet, Paul urges that freedom be given, while also being careful not to those who might be offended by it.

Most of all, let us keep an open and humble heart and seek the Lord for much wisdom in such matters. ■

*(please mail your genuine doubts to: sandeep@poonen.org)*

*4-ാം പേജിൽ നിന്ന് തുടർച്ച*

## താഴ്മയും സത്യസന്ധതയും

സ്വന്തം ശിഷ്യന്മാരോട് യേശു ഗൗരവമായി ഇടപെട്ട രംഗങ്ങളും (ലൂക്കൊ. 9:55; മത്താ. 16:23 ഭാഗങ്ങൾ നോക്കുക) ഇതേ കാര്യം ശരിവയ്ക്കുന്നു. ശിഷ്യന്മാരുടെ സ്വാർത്ഥത, കരുണയില്ലാത്ത മനോഭാവം, പത്രൊസിന്റെ സ്വയസ്നേഹം, സ്വയസംരക്ഷണ മനോഭാവം തുടങ്ങിയവയെ തുറന്നു ശാസിക്കുമ്പോഴും യേശു നിലകൊള്ളുന്നത് താഴ്മയുടെയും സൗമ്യതയുടെയും അതിരുകൾക്കുള്ളിൽ തന്നെയാണ്.

യേശുവിൽ നിന്നു നാം പഠിക്കേണ്ട താഴ്മയുടെയും സൗമ്യതയുടെയും പാഠങ്ങൾ മുകളിൽ പറഞ്ഞതെല്ലാമാണ്. നല്ല പെരുമാറ്റം, വിനയാന്വിതമായ നില്പ്, മൃദുവായ വാക്കുകൾ, സൗമ്യമായ സ്വരം - താഴ്മയെക്കുറിച്ച് ഈ ലോകം നമുക്കുതന്ന ധാരണകളുമായി യേശുവിൽ നിന്നു പഠിക്കുവാൻ ചെല്ലുമ്പോൾ ക്രിസ്തീയമായ താഴ്മയും സൗമ്യതയും തീർത്തും വ്യത്യസ്തമായ ഒന്നാണെന്നു നാം തിരിച്ചറിയും. ആ തിരിച്ചറിവോടെ നമുക്കു നമ്മോടു തന്നെ ചോദിക്കാം. യേശുവിന്റെ ഇതേ യഥാർത്ഥ താഴ്മയും സൗമ്യതയുമാണോ ഞാൻ കയ്യാളുന്നത്?

യഥാർത്ഥ താഴ്മയോടു ചേർന്നുപോകുന്നതാണു സത്യസന്ധത. സത്യസന്ധതയെന്നാൽ കാപട്യവും അഭിനയവും മുഖംമൂടിയും ഇല്ലാത്ത അവസ്ഥയാണ്. നാം എന്താണോ, അതാണു നാം. ഒട്ടും കൂടുതലുമില്ല, കുറവുമില്ല. അകവും പുറവും ഒരുപോലെ. ദൈവം എല്ലാറ്റിനും എല്ലാം ആകാനായി ഞാൻ വെറും പൂജ്യമാകുന്നതാണു യഥാർത്ഥ താഴ്മയെങ്കിൽ, അത്തരം താഴ്മയുള്ള ഒരുവനു മാത്രമേ യഥാർത്ഥത്തിൽ സത്യസന്ധനായിരിക്കാനാകൂ. കാരണം അവനു സംരക്ഷിക്കാൻ ഒരു ഇമേജില്ല. അതുകൊണ്ടു തന്നെ കാപട്യങ്ങളും അഭിനയവും മുഖംമൂടിയും ആവശ്യമില്ല. ആളുകളോട് ഉള്ള കാര്യങ്ങൾ തുറന്നു പറയാം. തീർത്തും സത്യസന്ധനായിരിക്കാം. നോക്കുക: യഥാർത്ഥ താഴ്മയിൽ മാത്രമേ സത്യസന്ധതയ്ക്കു വളരാനാകൂ. ഇതിന്റെ മറുവശവും ശരിയാണ്. യഥാർത്ഥത്തിൽ സത്യസന്ധനായ ഒരാൾക്കു മാത്രമേ താൻ താഴ്മയിലാണോ എന്നു തിരിച്ചറിയാനാകൂ. നമ്മുടെ ജീവിതത്തിൽ ദൈവത്തിനുണ്ടായിരുന്ന ഒന്നാം സ്ഥാനം നഷ്ടമാകുകയും നമ്മുടെ സ്വയം ആ സിംഹാസനത്തിൽ കയറി ഇരിക്കുകയും ചെയ്യുന്ന സാഹചര്യം ചിലപ്പോൾ വരാം. അപ്പോൾ ദൈവം എനിക്ക് എല്ലാറ്റിനും എല്ലാമല്ല; ഞാൻ വെറും പൂജ്യവുമല്ല. ചുരുക്കത്തിൽ എനിക്കു താഴ്മ നഷ്ടമായി. ഇത് എന്റെ പെരുമാറ്റത്തിലും പ്രതിഫലിക്കുകയും സൗമ്യതയുടെ സ്ഥാനത്തു പാരുഷ്യം പ്രകടമാകുകയും ചെയ്യും. അപ്പോൾ, ഞാൻ എന്നോടു തന്നെ നിർദ്ദയം സത്യസന്ധനാണെങ്കിൽ മാത്രമേ എന്റെ താഴ്മയും സൗമ്യതയും നഷ്ടമായതു ഞാൻ തിരിച്ചറിയുകയുള്ളു! നോക്കുക: യഥാർത്ഥ സത്യസന്ധതയിൽ മാത്രമേ താഴ്മയ്ക്കും നിലനില്പുള്ളു.

ചുരുക്കത്തിൽ താഴ്മയും സത്യസന്ധതയും പരസ്പരം പൂരകങ്ങളാണ്. താഴ്മയില്ലാത്ത ഒരാൾക്കു സത്യസന്ധനായിരിക്കുക പ്രയാസം. സത്യസന്ധതയില്ലാത്ത ഒരുവനു താഴ്മ കൈമോശം വരുന്നതു തിരിച്ചറിയാനുമാവുകയില്ല. യഥാർത്ഥത്തിൽ താഴ്മയുള്ളവരാണെങ്കിൽ നാം സത്യസന്ധരായിരിക്കും; മറിച്ചും.

ഈ താഴ്മയും സത്യസന്ധതയും യേശുവിലാണു പൂർണമായ അർത്ഥത്തിൽ നമുക്കു കാണുവാൻ കഴിയുന്നത്. 'വചനം ജഡമായിത്തീർന്നു. കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു' (യോഹ. 1:4). തുടർന്നു യോഹന്നാൻ പറയുന്നു: 'കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു' (1:17). താഴ്മയുള്ളിടത്താണല്ലോ കൃപയുള്ളത് (1 പത്രൊ. 5:5; യാക്കോ. 4:6). എങ്കിൽ നമുക്കീ വാക്യങ്ങളെ ഇങ്ങനെ പരാവർത്തനം ചെയ്യാം: "വചനം ജഡമായിത്തീർന്നു; താഴ്മയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. അതുപോലെ: "താഴ്മയും സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു."

താഴ്മയും സത്യവും - രണ്ടും യേശുവിലാണുള്ളത്. ഇന്നു നാം താഴ്മയും സത്യസന്ധതയുമാണോ അന്വേഷിക്കുന്നത്? എങ്കിൽ നമുക്കാവശ്യം യേശുവിനെ തന്നെയാണ്. ■



# NOT A 50-50 THING!

Peter Pollock

Scripture: I Cor 7: 3: Let the husband render to the wife the affection due to her, likewise also the wife to her husband.

Marriage is not a 50-50 thing! It is more like 100-0! When my wife Inez and I first got saved, we were soon into being counseled about our marriage. We had started reading the bible and obviously each sought out the scriptures to back our own pet philosophies in terms of how marriages should operate. We were both still trying to impose our own separate wills on the relationship. It makes human sense that it should be a fifty-fifty set-up with each giving and taking. But the great problem is that we always judge others by their actions and ourselves by our intentions. So who is to decide exactly what is an equal share in terms of input and effort! Of course, nobody can! Then came the shattering challenge! We each needed to put in 100 per cent effort without expecting anything in return. If we both did that, peace and harmony would be our reward. The husband needs to render to the wife the affection due to her and likewise the other way around!

The wife does not have authority over her own body but so too the husband's body should always be available to the wife so that they do not deprive each other and thus cause frustration and arguments. Except at times of prayer and fasting, sexual favours should not be denied each other because this restriction of conjugal rights can easily lead to adultery and unfaithfulness. Satan has a wonderful time in the sexual arena because there is a great lack of self-control, aided and abetted by magazines and movies! Paul did not consider marriage to be the ultimate issue of life but it should be entered into if people can't exercise any self-control.

Contrary to a modern world that has become totally obsessed with sex, it is quite a shaker to read that " it is good for a man not to touch a woman". We have almost got to a stage where sex is regarded as an essential in the daily diet. And this well-oiled diabolical campaign is reaping its ugly fruit worldwide. Anyway, Paul states that it is better to marry than to burn with passion but this carries with it a commitment. The road to marriage carries with it principles, vows and responsibilities and this is something that should never be taken lightly. You have to put in 100 per cent expecting no return! The modern 50-50 thing is a total shambles! Just look around!

**JEEVAMOZHIKAL** **RNI/KERBIL/-2003/21404**
**December 2014** www. jeevamozhikal.org
Annual Subscription Rs.100/-

**Regn.No. KL/KTM/608/2012-14**
Licence No.KL/CR/KTM/WPP-46/2012-14
Licensed to post without prepayment
Date of Publication 30-11-2014

# എന്റെ ഉടമ്പടിയുടെ ഭാര്യ

റോബർട്സൺ മക്കിൽക്കാൻ എന്ന ദൈവഭൃത്യനെ ഇന്നു ക്രിസ്തീയലോകം ഓർക്കുന്നത് അദ്ദേഹം വലിയ പ്രസംഗകനോ എഴുത്തുകാരനോ ആയിരുന്നതുകൊണ്ടല്ല; മറിച്ച് അദ്ദേഹം വിവാഹ സമയത്ത് എടുത്ത പ്രതിജ്ഞയോടു സത്യസന്ധത പുലർത്തിയതുകൊണ്ടാണ്.

റോബർട്സണിന്റെ ഭാര്യ മ്യൂറിയേലിന് മധ്യവയസ്സിലെത്തിയപ്പോൾ ഓർമ നഷ്ടപ്പെട്ടു. അവർ അൽഷിമേഴ്സിന്റെ പിടിയിലമർന്നു. അപ്പോൾ റോബർട്സൺ ഒരു ബൈബിൾ സെമിനാരിയുടെ പ്രസിഡന്റ് എന്ന നിലയിൽ ഒട്ടേറെ ഉത്തരവാദിത്വങ്ങൾ വഹിക്കുകയാണ്. പക്ഷേ ഭാര്യക്കു സുഖമില്ലാതായപ്പോൾ അദ്ദേഹം ആ പ്രസിഡന്റു പദം രാജിവച്ചു രാവും പകലും ഭാര്യയെ ശുശ്രൂഷിക്കുന്നതിൽ മുഴുകി. മ്യൂറിയേലിന് അപ്പോൾ വേണ്ടപോലെ ആശയവിനിമയം നടത്താൻ പ്രാപ്തി ഉണ്ടായിരുന്നില്ല. റോബർട്സണിന്റെ അസാന്നിധ്യത്തിൽ അവൾ പേടിച്ചരണ്ടവളെപ്പോലെ നിലവിളിക്കും. എല്ലാ കാര്യത്തിനും അവൾക്ക് അദ്ദേഹം തന്നെ കൂടെ വേണം. അദ്ദേഹം സസന്തോഷം ഭാര്യെയെ പരിചരിച്ചു സമയം ചെലവഴിച്ചു.

സഹപ്രവർത്തകരായ ചിലർ അദ്ദേഹേത്തെ ഉപദേശിച്ചു: “താങ്കൾക്ക് 57 വയസ്സ് പ്രായമേ ആയിട്ടുള്ളു. ഇപ്പോഴേ വീട്ടിലിരിക്കുന്നതു ശരിയല്ല. ഭാര്യയെ ഇത്തരം പരിരക്ഷ നൽകുന്ന ഏതെങ്കിലും സ്ഥാപനത്തിലാക്കിയിട്ട് താങ്കൾക്ക് ശുശ്രൂഷയിൽ തുടർന്നുകൂടേ?”

അതിനു റോബർട്സണിന്റെ മറുപടി ഇങ്ങനെയായിരുന്നു: “ഞാൻ 32 വർഷം മുൻപ് അവളോട് ഇങ്ങനെ ഒരു പ്രതിജ്ഞയെടുത്തിട്ടുണ്ട്: ‘മരണം നമ്മെ വേർപിരിക്കുന്നതുവരെ സുഖത്തിലും ദുഃഖത്തിലും സമ്പത്തിലും ദാരിദ്ര്യത്തിലും രോഗത്തിലും അരോഗതയിലും കൂടെയിരിക്കാം.’ ദയവായി എന്റെ പ്രതിജ്ഞ നിറവേറ്റാൻ എന്നെ അനുവദിക്കൂ.”

ഭാര്യയുടെ മരണശേഷം അവളോടൊപ്പം പിന്നിട്ട ദിവസങ്ങളെക്കുറിച്ച് റോബർട്സൺ എഴുതി. അത് അനേകർക്ക് അനുഗ്രഹമായിത്തീർന്നു!

Printed, Published by Sunny Varghese and owned by Christian Fellowship Trust. Published from Jeevamozhikal, Near Thuthotty Jn., Kumaranallor P.O., Kottayam and Printed at Alois Graphics, Kottayam. Editor Geoji T. Samuel.